

# മണിവിളക്ക്

ലക്കം 10 | ഒക്ടോബർ 2024

Since 2012

www.manivilaku.com

# മണിവിളക്ക്

ലക്കം 10 | ഒക്ടോബർ 2024 | പ്രൈവറ്റ് സർക്കുലേഷൻ


## താളുകളിലൂടെ



www.manivilaku.com

#manivilaku #munambam


05. മിഷൻ ഞായർ സന്ദേശം
10. മദ്റോശോ
15. അനുശോചനം
17. യുഗപ്രഭാവനായ കർമ്മയോഗി
21. മലങ്കരയുടെ യാക്കോബ് ബുർദാന
23. ബൈബിൾ പ്രതീകങ്ങൾ
26. ഹെർഗോ പഠന പരമ്പര
28. ഞെട്ടിച്ചു കളഞ്ഞ അമൂല്യ സമ്മാനം
32. മലങ്കര സഭാ ചരിത്രം
34. കനൽ
38. ഹിസോപ്പ് ചെടിയുടെ തണ്ട്
41. തീരത്തിന്റെ കണ്ണുനീർ
49. സിസ്റ്ററും കുട്ടികളും
52. ഇടം
54. The Synod on Synodality
57. പാപിയുടെ കുരിശുയാത്ര
60. ബനഡിക്ട് മാർ ഗ്രിഗോറിയോസ്
62. ഓർമ്മയിൽ ആചാര്യന്മാർ
64. നഴ്സിംഗ് ഓർമ്മകൾ
68. എഫാത്ത
69. Legal
85. ടൈം ലൈൻ


. . . . . . . . . . . . . . . . . . . . . . .

**'മണിവിളക്ക്'** നെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു. മണിവിളക്കിൽ പ്രസിദ്ധീകരിയ്ക്കുവാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ രചനകൾ (കഥ, കവിത, ലേഖനങ്ങൾ, ചിത്രങ്ങൾ, വചന ചിന്തകൾ) അയയ്ക്കാൻ.... **Whatsapp-** +919947825254

ഇമെയിൽ - **editor@manivilaku.com**


Copyright @ manivilaku.com | Email : editor@manivilaku.com | Ph: 9947825254



# എഡിറ്റോറിയൽ

ഒറയിൽവേ സ്റ്റേഷനിൽ സഹോദരങ്ങളുടെയും  ഭാര്യയുടെയും മക്കളുടെയും ഹാരങ്ങൾ ഏറ്റുവാങ്ങി, ഔദ്യോഗിക സേവനം സ്വന്തം ജില്ലയിൽ പൂർത്തിയാക്കാൻ ഒരുങ്ങിയ ഒരു മനുഷ്യനെ സന്തോഷത്തിന്റെ കൊടുമുടിയിൽ നിന്ന് ഹൃദയ വേദനയിലേക്ക് തള്ളിവിട്ട്  ഒരു നിമിഷത്തെ മനസ്സിന്റെ പിടിവിട്ടപ്പോൾ ചെയ്തു എന്ന് പറയപ്പെടുന്ന ആ കയ്യബദ്ധം!? ഒരു ജീവൻ പൊലിഞ്ഞത് നമ്മുടെ കൺമുമ്പിലാണ്. നമ്മിലേക്ക് നൽകപ്പെട്ട ജീവശ്വാസം നൽകിയവന് മാത്രമേ എടുക്കുവാൻ അവകാശമുള്ളൂ എന്ന് കാലങ്ങളായി പഠിപ്പിക്കുമ്പോഴും കേൾക്കുമ്പോഴും ഒരു നിമിഷത്തെ മനോവ്യഥയിൽ തകിടംമറിയുന്ന നിരവധി ജീവിതങ്ങൾ.

വാക്കുകൾ കൊണ്ട് മുറിവേൽപ്പിക്കുക എന്നത് ആയുധം കൊണ്ടുള്ള മുറിവിനെക്കാൾ ഗുരുതരമാണ്. ഒരു വൈദ്യശാസ്ത്രത്തിനും ഉണക്കാൻ പറ്റാത്ത തരത്തിലുള്ള മുറിവുകൾ ഹൃദയത്തിൽ ഏൽപ്പിക്കാൻ കഴിയുന്നത്  നമ്മുടെ കൺമുന്നിലൂടെ തന്നെ കാണുന്നുണ്ട്. **'കൊല്ലുന്ന വാക്കുകൾ'** യാഥാർത്ഥ്യമായി തന്നെ നമ്മുടെ മുമ്പിലുണ്ട്.

ക്രൈസ്തവ ജീവിതത്തിലും നാമെല്ലാവരും പാലിക്കേണ്ടതും ഒഴിവാക്കേണ്ടതും കൊല്ലുന്ന വാക്കുകൾ തന്നെയാണ്. പറയുന്ന സ്ഥലം, സാഹചര്യം, വ്യക്തികൾ,  സമൂഹം, എല്ലാം പ്രാധാനമാണ്.  പരിശുദ്ധ മദ്ബഹായിൽ നിന്ന് ശുശ്രൂഷകരെയടക്കം  മറ്റുള്ള

വരെ വ്യക്തിപരമായി നീയൊക്കെ നശിച്ചുപോകും എന്നുള്ള അർത്ഥത്തിൽ കൊല്ലുന്ന വാക്കുകൾ പറയുന്ന പുരോഹിതരും, പൊതു സമ്മേളനത്തിൽ പള്ളിക്കകത്തും, പുറത്തും സന്ന്യസ്തരെയും പുരോഹിതരെയും വ്യക്തിഹത്യ നടത്തുന്ന വിശ്വാസികളുടെ വൈകാരിക പ്രവണതയും നമ്മുക്ക് പരിചിതമാണ്. ഇതിൽ എന്ത് ക്രിസ്തീയതയാണ് നാം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നത് ? എല്ലാ കാലവും ഹൃദയവേദനയോടെ മാത്രമല്ലേ ഇതിൽ ബാധിക്കപ്പെടുന്നവർക്ക് പ്രത്യേകിച്ച് ചെറുപ്പക്കാർക്ക് ഉൾക്കൊള്ളാനാകൂ. അവരുടെ കുടുംബാംഗങ്ങൾക്ക് ഉണ്ടാകുന്ന മനോവേദന എത്രത്തോളം വലുതാണെന്ന് ഊഹിച്ചിട്ടുണ്ടോ? അതോ ഒരു ജീവൻ പൊലിഞ്ഞാലേ ഇത്തരം കാര്യങ്ങൾ നിയന്ത്രണം കൊണ്ടുവരികയുള്ളുവോ?

ജനപ്രതിനിധികൾക്ക് മാത്രം മതിയോ പക്വത? സന്മനസ്സ്, അലിവ്, ദയ, മൃദുല, ഭാവം എന്നൊക്കെ അർത്ഥമുള്ള ഒരു വാക്കുണ്ട് 'ആർദ്രത'. അങ്ങനെ ഒന്നില്ലാതെ വാക്കുകൾ കൊണ്ട് മറ്റുള്ളവരെ മുറിവേൽപ്പിക്കാൻ മരണത്തിലേക്ക് നയിക്കാൻ പോലും മടിയില്ലാത്തവരാണ് ഈ ലോകത്തെ നരക തുല്യമാക്കുന്നത്. എന്തിനും അധികാരമുണ്ടെന്ന് കരുതുന്ന ജനപ്രതിനിധികളും, സഭാ നേതൃത്വവും, സ്വന്തം യുവജനങ്ങളെ പോലും 'താലിബാൻ' ആക്കി ചിത്രീകരിക്കാനുള്ള മനോവൈകൃതവും ഇതിന്റെ കൂട്ടത്തിൽ കൂട്ടിച്ചേർക്കേണ്ടതാണ്. ഇനിയെങ്കിലുമത് പരിശോധിച്ച് സ്വയം തിരുത്തലിലേക്ക് നയിക്കാൻ മറ്റൊരു സ്വയംഹത്യ ഉണ്ടാകാതിരിക്കട്ടെ എന്ന് ആഗ്രഹിക്കാനേ കഴിയൂ. ക്രിസ്തീയത എന്നത് കൂട്ടംതെറ്റിയ ഒരു ആടിനെ തേടി പോയവന്റെ പിന്നാലെയാണ്.

നിയമപരമായി ആധാരം ചെയ്ത് കരം തീർത്ത് കൊണ്ടിരിക്കുന്ന വസ്തു തങ്ങൾക്ക് സ്വന്തമല്ല എന്ന 'കൊല്ലുന്ന വാക്ക്' ഉൾക്കൊള്ളാൻ ആർക്കാണ് സാധിക്കുക.? എറണാകുളം ജില്ലയിലെ മുനമ്പം, ചെറായി പ്രദേശങ്ങളിലെ അറുനൂറോളം വരുന്ന മത്സ്യത്തൊഴിലാളികളും സാധാരണക്കാരുമായ ജനങ്ങൾ സ്വന്തം കിടപ്പാടം നഷ്ടമാകുന്നതിന്റെ ഭീതിയിലാണ്. സഭാ പിതാക്കന്മാരുടെ പ്രത്യേകിച്ചും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായുടെ ഇടപെടൽ അവർക്ക് ആശ്വാസകരമാണ്. കൃത്യമായ ഇടപെടലുകളിലൂടെ നമ്മുക്കും അപരന് ആശ്വാസവും പ്രത്യശയുമാകാൻ സാധിക്കട്ടെ

**എഡിറ്റർ**
**റ്റോജോ പി തോമസ്**
**9947825254**








# YOU GO AND PREACH THE GOSPEL TO EVERY NATION

## അത്യഭിവന്ദ്യ കാതോലിക്ക ബാവയുടെ മിഷൻ ഞായർ സന്ദേശം



Riya sara saji

ലോകമാസകലം ഉള്ള കത്തോലിക്കാ തിരുസഭയിൽ ഇന്ന് മിഷൻ ഞായർ ആഘോഷിക്കുകയാണ്. ഒരു ഞായറാഴ്ചയോ ഒരു ദിവസമോ അല്ല ജീവിതത്തിലെ എല്ലാ സന്ദർഭത്തിലും നാം മിഷണറിമാർ ആയിരിക്കണം എന്നത് കർത്താവിന്റെ കൽപ്പനയാണ്. നിങ്ങൾ സുവിശേഷം പ്രസംഗിച്ചു കൊണ്ടേയിരിക്കണം. ലോകമെമ്പാടും സുവിശേഷം അറിയിക്കപ്പെടണം. നമുക്കൊരു കാര്യം മറ്റുള്ളവരെ

അറിയിക്കാൻ ഉണ്ടെങ്കിൽ നമ്മൾ ആരോടാണ് പറയുക? നമ്മുക്ക് ഏറ്റവും ബന്ധം ഉള്ളവരോട്, അടുപ്പം ഉള്ളവരോട്, നമ്മൾ പറഞ്ഞാൽ അനുസരിക്കും എന്ന ബോധ്യം ഉള്ളവരോട് പറയും, നിങ്ങൾ പോയി ഈ കാര്യം മറ്റുള്ളവരെ അറിയിക്കണം. കർത്താവ് തന്റെ പ്രിയപ്പെട്ട സ്നേഹിതന്മാരെ, ശിക്ഷ്യന്മാരെ ഒരുമിച്ചു കൂട്ടി മൂന്നുവർഷം കൊണ്ടുനടന്നു. തന്റെ ജീവിതത്തിന്റെ എല്ലാ കാര്യങ്ങളെയും പഠിപ്പിച്ചിട്ട് ദൈവപിതാവിന്റെ ഭവനത്തിലേക്ക് പോകുന്നതിന് മുൻപ് അവരോട് പറഞ്ഞു. **"You go and preach the gospel to every nation"** എല്ലാ ജനതകളോടും ദൈവത്തെക്കുറിച്ച്, ദൈവരാജ്യത്തെ കുറിച്ച് നിങ്ങൾ പ്രസംഗിച്ചുകൊണ്ടേയിരിക്കണം. **"Preach the gospel, speak out what you have seen. You share what you have experienced and tell your friends what impressed you from about proclaim the gospell."** വിശുദ്ധ മദർ തെരേസായുടെ വിശുദ്ധ പദവി പ്രഖ്യാപനത്തോട് അനുബന്ധിച്ചു ഭാരത സഭയുടെ ആഭിമുഖ്യത്തിൽ കൽകട്ടായിൽ വെച്ചു അതിന്റെ ഒരു ആഘോഷം നടന്നു. അതിൽ സംബന്ധിക്കുന്നതിന് അഭിവന്ദ്യ ജോഷ്വാ പിതാവും, ഞാനും ഒരുമിച്ച് തിരുവനന്തപുരത്തു നിന്ന് കൽക്കട്ടായിലേക്ക് പോകുന്നവഴി ചെന്നൈ എയർപോർട്ടിൽ ഞങ്ങൾ അവിടുത്തെ ലോഞ്ചിൽ വിശ്രമിക്കുമ്പോൾ എയർപോർട്ടിലെ ഉദ്യോഗസ്ഥനായ ഒരു മോഹൻ; അദ്ദേഹം ഹൈന്ദവ കുടുംബത്തിലെ ഒരു സഹോദരനാണ്. ജോഷ്വ പിതാവിന്റെ വളരെ കാലമായുള്ള ഒരു സ്നേഹിതനാണ്. അദ്ദേഹം ലോഞ്ചിലെത്തി എവിടേക്കാണ് യാത്രയെന്ന് ചോദിച്ചു. ഞങ്ങൾ മദർ തെരേസായുടെ കാനോനൈസേഷന്റെ ഒരു സെലിബ്രേഷൻ കൾക്കട്ടായിൽ ഉണ്ട് അവിടെ പോകുകയാണ് എന്ന് പറഞ്ഞു. വാചാലനായി അദ്ദേഹം പറഞ്ഞു, 'മദർ തെരേസ എന്റെ അമ്മയാണ് മദ്രാസിൽ വരുമ്പോഴൊക്കെ ഞാനാണ് അമ്മയെ വിമാനത്തിൽ നിന്ന് കൈപിടിച്ചു സ്റ്റെപ്പ് ഇറക്കി കൊണ്ടുവരുന്നത്, ബാഗ് എടുത്തുകൊണ്ടു വരുന്നത് , ലോഞ്ചിൽ കൊണ്ട്പോയി ഇരുത്തുന്നത്. അമ്മക്ക് വ്യക്തിപരമായി എന്നോട് ഇഷ്ടം ആയിരുന്നു', 'അമ്മ ഞങ്ങളുടെ കുടുംബത്തിന് വേണ്ടി ഒരു സമ്മാനം നൽകിയിട്ടുണ്ട് ആ സമ്മാനം ഞങ്ങൾ വളരെ ഭദ്രമായി കരുതി സൂഷിച്ചിട്ടുണ്ട്. വീട്ടിൽ ഏതെങ്കിലുമൊക്കെ പ്രയാസം, ഞങ്ങൾക്ക് തന്നെ പരിഹരിക്കാനാവാത്ത വിഷയം ഒക്കെ വരുമ്പോൾ ഞങ്ങൾ 'അമ്മ തന്നാ ആ സമ്മാനത്തിന്റെ മുൻപിൽ പോയിനിന്ന് പ്രാർത്ഥിക്കും, ഞങ്ങളുടെ വിഷയങ്ങൾ ഒക്കെ പരിഹരിക്കപ്പെടും.' അപ്പോൾ ഞാൻ ചോദിച്ചു എന്താണാവോ ആ സമ്മാനം?... ഞാൻ ഊഹിച്ചിരുന്നു, എന്നാലും ഒരു കൺഫർമേഷൻ വരണമെല്ലോ. മോഹൻ പറഞ്ഞു, 'ഒരു ജപമാലയാണ്. അമ്മ ഞങ്ങൾക്ക് നൽകിയ ജപമാല, ഞങ്ങൾക്ക് അമൂല്യമായ ഒരു സമ്പത്താണ്. ഞങ്ങൾക്കുള്ള സമ്പത്തിൽ വെച്ചു ഏറ്റവും വലിയ സമ്പത്ത് ഞങ്ങൾക്ക് ഉള്ളത് മദർ തെരേസ തന്ന ഈ സമ്മാനം ആണ് , ജപമാല.' അതിന് ശേഷം അദ്ദേഹം പറഞ്ഞു 'ഞാൻ യേശു ക്രിസ്തുവിനെ കണ്ടിട്ടില്ല പക്ഷെ മദർ തെരേസായെ കണ്ടിട്ടുണ്ട്. ആ കരങ്ങളിൽ സ്പർശിച്ചിട്ടുണ്ട്. **Thats enough for me. I have not seen Jesus but I have touched the hands, i have seen , i have heard Mother Theresa that's enough for me"**

**Is there any connection between this incident and todays Gospel. You go and tell everyone what you have seen,what you have experienced.** മിഷൻ ഞായർ എന്നു പറഞ്ഞാൽ നാമെല്ലാം മിഷണറിമാരാണ്. നമുക്കൊരു മിഷൻ ഉണ്ട്. അത് നിർവ്വഹിക്കാൻ അനുനിമിഷവും നാം കടപെട്ടവരാണ്. ആണ്ടുവട്ടത്തിലെ ഒരു ഞായറാഴ്ച പ്രത്യേകം മാറ്റിവെച്ചിരിക്കുന്നു എന്നത്കൊണ്ട്, അത് എല്ലാ ദിവസത്തെയും കർമ്മം അല്ല; എന്ന് നാം പറയരുത്. നമ്മൾ പേരന്റ്സ് ഡേ, ഫാദേഴ്സ് ഡേ, മദേഴ്സ് ഡേ ഒക്കെ ആഘോഷിക്കത്തില്ലേ? ആഘോഷിക്കുന്ന ആ സണ്ടേ മാത്രമേ ഉള്ളോ ഫാദർ ? അല്ലല്ലോ **that is a reality. but we celebrate on a day reminding is its a part and parcel of our life. But one day we celebrate it. Mission sunday is such a sunday in which we celebrate our mission. Our mission to proclaim who the Lord is.** ഞാൻ സുവിശേഷ പ്രസംഗത്തിന്റെ ഒന്നാം ഭാഗം, ആമുഖം ഇന്നലെ ക്ലാസ്സിൽ പറഞ്ഞതുകൊണ്ട് ആ ഭാഗത്തേക്ക് പോകുന്നില്ല. പൗലോസ് ശ്ലീഹാ നമ്മളോട് ഈ കാര്യം ആവർത്തിച്ചു പറയുന്നു.**"if i preach the gospel im nothing to burst over, if i dont preach the gospel can someone complete it if i don't preach the gospel woe to me. Woe**

**to me if i don't preach the Gospel."** ഞാൻ സുവിശേഷം പ്രസംഗിക്കുമെങ്കിൽ എനിക്ക് അതിൽ വമ്പു പറയുവാൻ ഒന്നുമില്ല', അതായത് മേന്മ ഭാവിക്കുവാൻ ഒന്നുമില്ല. 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിലോ എനിക്ക് മഹാ ദുരിതം.' അതിന്റെ അർത്ഥം എന്താ? **"This is an oblication given to me".**

പ്രിയപ്പെട്ടവരെ, നമ്മൾ യേശു ക്രിസ്തുവിന്റെ അനുയായികൾ അവിടുത്തെ വിശുദ്ധ ജനം, അവിടുത്തെ പ്രിയപ്പെട്ടവർ, അവിടുത്തെ തിരുചോരയാൽ വിലക്ക് വാങ്ങപ്പെട്ട തിരു സഭയുടെ മകനും മകളും. കർത്താവിന്റെ ശരീരം ഭക്ഷിക്കുകയും കർത്താവിന്റെ രക്തം പാനം ചെയ്യുകയും, അത് മാത്രമല്ല കർത്താവ് തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതായുള്ള ഏക സൃഷ്ടിയായി മനുഷ്യരായ നമ്മെ ക്രമീകരിക്കുകയും ഈ നമുക്ക് വേണ്ടി ദൈവപിതാവ് തന്റെ ഏക ജാതനെ നൽകി കുരിശുമരത്തോളം തന്നെ തന്നെ താഴ്ത്തി നമുക്കുവേണ്ടി പീഢകൾ ഏറ്റു മരിച്ചു അടക്കപ്പെട്ടു നമുക്കുവേണ്ടി ഉയർത്തെഴുന്നേറ്റു, അവസാനിക്കുന്നില്ല നമുക്കുവേണ്ടി ദൈവപിതാവിന്റെ ഭവനത്തിൽ ഇരിപ്പിടം തയ്യാറാക്കി നമുക്കായി കാത്തിരിക്കുന്ന ഒരു ദൈവം; കുരിശിൽ മരിച്ചു അവസാനിച്ചു എന്ന് കരുതരുത്. നമ്മളുടെ പാപങ്ങൾക്ക് പരിഹാരമായി അവൻ മരിച്ചത്പോലെ അതിന്റെ പൂർത്തീകരണം, അതിന്റെ വിശുദ്ധീകരണത്തിന്റെ പൂർത്തീകരണത്തിൽ ദൈവപിതാവിന്റെ ഭവനത്തിൽ നമുക്കുവേണ്ടി ഇരിപ്പിടം തയ്യാറാക്കി കാത്തിരിക്കുന്ന ഒരു ദൈവം.

ഇങ്ങനെ സ്നേഹിക്കുന്ന ഒരു ദൈവത്തെക്കുറിച്ചു നാം നിശബ്ദത പാലിക്കണമോ? മറ്റുള്ളവരോട് പറയണോ? ഇങ്ങനെ സ്നേഹിക്കുന്ന ഒരു ദൈവത്തെക്കുറിച്ചു അറിയാത്തതുപോലെ നടക്കണോ? അറിയുന്നവനെപോലെ സംസാരിക്കണോ? ദൈവത്തെ അറിയാത്തവരെ പോലെ നാം വ്യാപരിക്കാൻ പാടില്ല.
ദൈവത്തെ അനുഭവിച്ചവരായി നാം സംസാരിക്കണം. ഥലെ, ഠല വമ്ല ലെലി വേല Lord. വി. യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്ന മനോഹരമായ ഒരു ഭാഗമുണ്ട്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടപ്പോൾ ശിഷ്യന്മാർ മിണ്ടാതെ ഇരുന്നു എന്നാണോ? അല്ല പിന്നെന്താ? ഭയപ്പെട്ടോ? 'ഉയർത്തെഴുന്നേറ്റ കർത്താവിനെ കണ്ടപ്പോൾ ശിക്ഷ്യന്മാർ അത്യധികം സന്തോഷിച്ചു. **"They have seen the Lord again".** നമ്മെ സംബന്ധിച്ചു നമ്മൾ രണ്ടു ദിവസമായി കർത്താവിന്റെ കൂടാരത്തിൽ ഒരുമിച്ചു ഇരിക്കുകയാണ്. നമ്മൾ പ്രാർത്ഥിച്ചു, നമ്മൾ ഒരുമിച്ചു ഭക്ഷണം കഴിച്ചു, ഒരുമിച്ചു ദൈവവചനം കേട്ടു, സഭയെക്കുറിച്ചു പഠിച്ചു, കുടുംബബന്ധങ്ങളെ കുറിച്ചു അന്വേഷിച്ചു, ബലപെടുത്താൻ വേണ്ടി പരസ്പരം പ്രാർത്ഥിച്ച് ബലപ്പെടുത്തി, വിശുദ്ധ കുർബാനക്ക് വന്നിരിക്കുന്നു, കർത്താവിന്റെ തിരുശരീരത്തിലും തിരുരക്തത്തിലും പങ്കാളികളാകാൻ. കർത്താവിനെ കണ്ട ശിഷ്യന്മാർ അത്യധികം സന്തോഷിച്ചു. അവന്റെ കുർബാനയിൽ സംബന്ധിക്കുന്ന നമുക്ക് ഉണ്ടാകുന്ന സന്തോഷം നാം മറ്റുള്ളവരോട് പങ്കുവെക്കണം, കർത്താവിനെ കണ്ടവർ ആ കാര്യം മറച്ചുവെക്കാതെ മറ്റുള്ളവരോട് പറയണം. ഇതുപോലെ ഒരു കർത്താവിനെ കണ്ടുമുട്ടിയവർക്ക് പറയാതിരിക്കാനാകുമോ? അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ പറഞ്ഞത് ഞാനീകാര്യം പറയുന്നെങ്കിൽ അതിൽ മേന്മ ഭാവിക്കാൻ ഒന്നുമില്ല. ഈ സന്തോഷകരമായ ഈ കാര്യം ഞാൻ പറയുന്നില്ലെങ്കിൽ എനിക്ക് ദുരിതത്തോട് ദുരിതം. മഹാ ദുരിതം **"woe to me if i don't preach the gospel"** ഇത്രയും നല്ല കാര്യം



കണ്ടിട്ട് , അനുഭവിച്ചിട്ട്, കേട്ടിട്ട് അത് പറയാതെ ഇരിക്കുന്നത് പാപമാണ്. അവന് ശിക്ഷാവിധിയാണ്. കാരണം, അവന്റെ അടുത്തേക്ക് ദൈവം ഇറങ്ങി വന്നിട്ട് അവൻ തിരിഞ്ഞു നോക്കുന്നില്ലെങ്കിൽ ശിക്ഷാവിധിയുടെ ഭാഗം അവൻ അവകാശപ്പെടുത്തുകയാണ്. അവന്റെ മേൽ ദൈവം കൊടുക്കുകയല്ല അവൻ അവകാശമായി അത് എടുക്കുകയാണ്. ഈ പരിശുദ്ധ കുർബാനയിൽ, തുടർന്നുള്ള നമ്മുടെ സന്ദർഭങ്ങളിൽ ഒക്കെ ഓർക്കാം **"we have a mission to complete"**. എനിക്കും നിങ്ങൾക്കും ജീവിതത്തിൽ കുറെ ഏറെ കാര്യങ്ങൾ ചെയ്യാൻ ഉണ്ടെന്ന് ബോധ്യമില്ലേ? ഉണ്ടോ..? നിങ്ങൾക്ക് ഉത്തരം അറിയാമെന്ന് എനിക്കറിയാം. പള്ളിയിൽ ആയതുകൊണ്ട് സംസാരിക്കാത്തത് ആണെന്നാണ് ഞാൻ വിചാരിക്കുന്നത്. പള്ളിയിൽ കയറുമ്പോൾ നമുക്കൊരു മിഷൻ ഉണ്ട്, നമുക്കൊരു പ്രോജക്ട് ഉണ്ട്, കംപ്ലീറ്റ് ചെയ്യാൻ. അത് നമ്മുടെ ജോലി സ്ഥലത്തെ പ്രോജക്ട് അല്ല **we have a mission to complete.** നമ്മൾ കണ്ടതും അനുഭവിച്ചതും. നമ്മൾ മിനിയാന്ന് ഒരു മകളെ മാമോദീസാ മുക്കിയില്ലേ? അവളുടെ പേരെന്താ? സാറാ അന്ന് കേട്ടുകാണുമല്ലോ
'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ നിത്യജീവനായി സാറാ മാമോദീസാ മുക്കപ്പെടുന്നു'.

' മിശിഹാ തമ്പുരാന്റെ പരിമളമാകുന്ന മൂറോൻ കൊണ്ട് സാറ നിത്യജീവനിലേക്ക് മുദ്രകുത്തപ്പെടുന്നു.' അടുത്ത ആറ് മാസക്കാലത്തേക്ക് ആണെന്നാണോ പറഞ്ഞത് ? അല്ല. അടുത്ത വിന്റർ വരെ ആണെന്നാണോ പറഞ്ഞത് ? അല്ല. നിത്യ ജീവനിലേക്ക് , **"For eternal life"...."we have a mission to complete, we have a mission to fulfill"**. അത് ലോകം നിയന്ത്രിക്കുന്നത് അല്ല സ്വർഗ്ഗം തരുന്നത് ആണ്. സ്വർഗ്ഗത്തിന്റെ പുത്രനെ കണ്ടുമുട്ടിയതിന്റെ സന്തോഷം. പ്രിയപ്പെട്ടവരെ ബോധപൂർവം, വിശ്വാസപൂർവ്വം നമുക്ക് ഇനി മുതൽ, എന്റെ കർത്താവേ ഇതുവരെ ഇത് അറിഞ്ഞില്ലല്ലോ ആ **receptionist** യഹൂദ പയ്യൻ കഴിഞ്ഞ ആഴ്ച അറിഞ്ഞെന്നു പറഞ്ഞത് പോലെ നമുക്ക് അബദ്ധം പറ്റാതെ ഇരിക്കട്ടെ. **"We have seen the lord, we have heard him, he has spoken to us, we have talk to him, he has touched me. I have touched his hand, he has taken me as his own, this lord i have to take further from my heart to the other."**

മതത്തിന്റെ പേരിൽ വഴക്ക് പിടിക്കുക എന്നുള്ളതല്ല മിഷൻ ഞായറിന്റെ പ്രത്യേകത. കണ്ടുമുട്ടിയ യേശു ക്രിസ്തുവെന്ന, ലോക ചരിത്രത്തിൽ ദൈവം മനുഷ്യനായി അവതരിച്ച ഏക രക്ഷകൻ. അവൻ എന്റെ സ്വന്തം, അവൻ എന്നെ സ്വന്തമാക്കി എന്ന കാര്യം അനുഭവത്തോട് കൂടി മറ്റുള്ളവരിലേക്ക് കൊടുക്കാൻ കടമയുണ്ടെന്ന്, നമുക്കൊരു മിഷൻ ഉണ്ടെന്ന് പരിശുദ്ധ സഭ നമ്മെ ഓർമ്മപ്പെടുത്തുന്ന മിഷൻ ഞായർ ആണ്. ഒരുമിച്ചു വന്ന് ഈ കാര്യം നിങ്ങളുടെ സഭയുടെ പിതാവിനോട് ഒരുമിച്ച് ഇതാഘോഷിക്കാൻ, ഈ മിഷനെക്കുറിച്ചോർക്കാൻ നിങ്ങൾക്കും നിങ്ങളോട് ചേർന്ന് ഓർക്കാൻ എനിക്കും നമ്മെ സഹായിക്കുന്ന ഈ പരിശുദ്ധ ബലി



രൂപാന്തരീകരണത്തിന്റെ ബലിയായി തീരട്ടെ. ആസ്ട്രേലിയായിൽ വെച്ചോ തിരുവനന്ത പുരത്തു വെച്ചോ നിങ്ങളുടെ നാട്ടിൽ വെച്ചോ നമ്മൾ കണ്ടുമുട്ടുന്നതിനെക്കാൾ അത് സന്തോഷമാണ്. അതിനേക്കാൾ വലിയ ഒരു സന്തോഷം നമ്മെ കാത്തിരിപ്പുണ്ട്. കർത്താവിന്റെ തിരുസന്നിധിയിൽ നാം ഒരുമിച്ചു കണ്ടുമുട്ടുമ്പോൾ, ആ കണ്ടുമുട്ടലാണ് യേശു നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത്. അവിടെയും നമുക്ക് കണ്ടുമുട്ടാൻ കഴിയണമെങ്കിൽ ഈ മിഷൻ നമ്മൾ ഫുൾഫിൽ ചെയ്യണം. ഈ കുർബാനയിൽ പരിശുദ്ധ ആത്മാവ് എഴുന്നള്ളി വരും. നമ്മൾ അങ്ങോട്ട് പീലാസായിൽ വെച്ചിരിക്കുന്ന ഗോതമ്പ് അപ്പം ഉണ്ടല്ലോ കർത്താവിന്റെ തിരുശരീരം ആയി അവിടുന്ന് മാറ്റും രൂപാന്തരപ്പെടുത്തും, നമ്മൾ മുന്തിരിച്ചാറു പിഴിഞ്ഞു ഒരുക്കി കാസായിൽ വെച്ചിരിക്കുന്ന മിശ്രിതം, വീഞ്ഞും വെള്ളവും ചേർത്ത മിശ്രിതം അത് പരിശുദ്ധാത്മാവ് ഏറ്റെടുത്ത് കർത്താവിന്റെ തിരുരക്തമായി രൂപാന്തരപ്പെടുത്തി നമുക്ക് തരും. പീലാസായിലെയും കാസായിലെയും അപ്പവും വീഞ്ഞും രൂപാന്തരപ്പെടുത്താൻ കഴിയുന്ന പരിശുദ്ധാത്മാവിന് നമ്മുടെ ഹൃദയത്തെ രൂപപ്പെടുത്താൻ കഴിവില്ല എന്ന് നാം വിചാരിക്കുമോ? ഇല്ലല്ലോ. **He is powerful to transform you and me.** ഈ കുർബാനയിൽ നമുക്ക് ‘പരിശുദ്ധാത്മാവേ, ആദിമ സഭയെ രൂപപ്പെടുത്തിയ പരിശുദ്ധാത്മാവേ, ഹൃദയങ്ങൾക്ക് ശക്തി പകർന്ന പരിശുദ്ധാത്മാവേ, ഞങ്ങളുടെ മിഷനെക്കുറിച്ചു, ഞങ്ങളുടെ ജീവിതത്തിന്റെ ദൗത്യത്തെകുറിച്ച് നിരന്തരമായി ഓർമ്മപ്പെടുത്തി ഞങ്ങളുടെ ഹൃദയത്തെ, വിശ്വാസത്തെ ഉറപ്പിക്കണമേ, രൂപന്തപെടുത്തണമേ എന്ന് പ്രാർത്ഥിച്ച് ഈ കുർബാനയിൽ പങ്കുചേരാം. പ്രാർത്ഥിച്ചു നിങ്ങൾ കുർബാനയോട് ചേർന്ന് നിൽക്കുക നിങ്ങൾ അത്ഭുതങ്ങളുമായി ഭവനത്തിലേക്ക് മടങ്ങും. നിങ്ങളുടെ ഹൃദയത്തിന് രൂപാന്തരീകരണം സംഭവിച്ചതായി നിങ്ങൾക്ക് തോന്നുകയല്ല നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും. നമുക്ക് കർത്താവിനോട് ചേർന്ന് നിന്ന് പ്രാർത്ഥിക്കാം, മറ്റ് ക്രമീകരണങ്ങൾ ഒക്കെ കുർബാനക്ക് ശേഷം നമുക്കുള്ള മൈക്ക് സെറ്റ്, ഉള്ള ശബ്ദം, മനോഹരമായ ദൈവാലയം, കർത്താവിന്റെ തിരു സാന്നിധ്യം, നിങ്ങളുടെ സഭയുടെ തലവനും പിതാവും, അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് നമ്മുടെ വൈദീക സഹോദരങ്ങൾ, നമ്മുടെ കുഞ്ഞുങ്ങൾ , നമ്മുടെ ആദ്യകുർബാന സ്വീകരിക്കുന്ന മകൾ, നമ്മൾ എല്ലാവരും ചേർന്ന് പരിശുദ്ധാത്മാവിനോട് അപേക്ഷിച്ചു പ്രാർത്ഥിക്കുക. രൂപാന്തരീകരണത്തിന്റെ കുർബാനയായി സ്വർഗ്ഗം നമുക്കിത് തരും. അതിനേക്കാൾ വലിയ സന്തോഷം ഈ രീലിശേീ ഇൽ നമുക്ക് ലഭിക്കാൻ ഇല്ല, നമ്മുടെ കുടുംബങ്ങൾക്ക് ലഭിക്കാൻ ഇല്ല. ഹൃദയം തുറന്ന് പ്രാർത്ഥിക്കാം. നമ്മൾ പ്രാർത്ഥിക്കുമ്പോൾ പരിശുദ്ധാത്മാവ് ഇറങ്ങി വന്ന് ഈ ദൈവാലയത്തിൽ ആയിരിക്കുന്ന നിങ്ങളെയും എന്നെയും സ്പർശിക്കും അവിടുന്ന് നമ്മെ രൂപന്തരപ്പെടുത്തും, മനുഷ്യനല്ല ദൈവം ഇടപെടും. നമുക്ക് സന്തോഷത്തോട് കൂടി കുർബാനയിൽ ചേരാം കുർബാനയുമായി തിരികെ പോകാം , ലോകത്തോട് പറയാം.

**"We have with us our Lord. The Lord is Emmanuel".**

**Amen.....**

(അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവാ മാൾട്ടയിൽ നടത്തിയ മിഷൻ ഞായർ പ്രസംഗത്തിൽ നിന്ന്. )

## മിഷൻ ഞായർ

(വി കുർബാനയുടെ സ്തോത്രകാഴ്ചയും കവർപിരിവും ആഗോളസദയുടെ മിഷൻപ്രവർത്തനത്തിനായി ഭദ്രാസനകേന്ദ്രങ്ങളിൽ അയച്ചു കൊടുക്കേണ്ടതാണ്. ഭദ്രാസനങ്ങൾ പ്രസ്തുത തുക പരിശുദ്ധ സിംഹാസനത്തിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്.)

# മദ്റോശോ

ܡܕܪܫܐ



**2024 ഒക്ടോബർ 6.**
**യുവജനദിനം**

പഴയനിയമത്തിലെ ദാനിയേലിന്റെ പുസ്തകത്തിലും പുതിയ നിയമത്തിലെ വെളിപ്പാട് പുസ്തകത്തിലും ഉപയോഗിച്ചിരിക്കുന്ന ഭാഷാശൈലി തന്നെയാണ് മത്തായി 24, 25 അദ്ധ്യായങ്ങളിലും ഉപയോഗിച്ചിരിക്കു ന്നത്. അതിനാൽ ഭാവികാലത്ത് സംഭവിക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചുള്ള വെളിപ്പെടുത്തൽ മാത്രമായി ഇതിനെ പരിമിതപ്പെടുത്തേണ്ടതില്ല. മൂന്നുകാലങ്ങളും ദൈവദൃഷ്ടിയിൽ ഒന്നുതന്നെയാണ്. ഭൂതകാലവും വർത്തമാനകാലവും ഭാവികാലവും വ്യത്യസ്ഥമായിട്ടാണ് നമുക്ക് അനുഭവപ്പെടുന്നതെങ്കിലും അവ ഒന്നുചേർന്നു കിടക്കുന്നു എന്ന് നാം സമ്മതിക്കേണ്ടി വരും. ബൈബിളിന്റെ ഇതരഭാഗങ്ങളെ പോലെതന്നെ ഇവിടെയും ഭാവിയെക്കുറിച്ച് പറയുമ്പോഴും ഊന്നൽ വർത്തമാനകാലത്തു തന്നെയാണ്. അതു പോലെ പഴയകാല സംഭവങ്ങൾ വിവരിക്കുമ്പോഴും വെറും പുരാണകഥാ കഥനമായിട്ടല്ല, വർത്തമാന കാലത്ത് നാം സ്വീകരിക്കേണ്ട നിലപാടുകളെക്കുറിച്ച് സൂചന നൽകാനാണ് വിശുദ്ധ ഗ്രന്ഥകാരന്മാർ ഉത്സാഹിക്കുന്നത്. കാരണം നമ്മെ സംബന്ധിച്ചിടത്തോളം പ്രവർത്തിക്കാൻ പറ്റിയ സമയം ഇന്ന് മാത്രമേയുള്ളൂ. വെറും ഭാവിപറച്ചിലായി ബൈബിൾ വെളിപ്പാടിനെ കാണരുതെന്ന് സാരം. ജ്യീുവലര്യ ശ െ ീേ ശൊുഹ്യ ളീൃല ലേഹഹശിഴ യൗ േ ളീൃവേ ലേഹഹശിഴ.

ക്രിസ്തുവും എല്ലാ ക്രിസ്തുശിഷ്യന്മാരും പുലർത്തുന്ന ഒരു വലിയ സ്വപ്നമുണ്ട്. ദൈവരാജ്യം സ്ഥാപിക്കപ്പെടുക എന്ന സ്വപ്നം. ഇൻഡ്യൻ സ്വാതന്ത്ര്യസമര നായകനായ ഗാന്ധിജി രാമരാജ്യത്തെക്കുറിച്ച് പറയാറുണ്ടായിരുന്നു. നന്മകൾ നിറഞ്ഞ ഒരു ഭരണ സമ്പ്രദായം നിലനിന്നു കാണാൻ ആഗ്രഹിക്കുക സ്വാഭാവികമാണല്ലോ. പുതിയ ഒരു ഭവനം പണിയാനായി പഴയതിനെ ഇടിച്ചു പൊളിക്കാനും തറ നിരപ്പാക്കാനും നാം ശ്രദ്ധിക്കുന്നതു പോലെ ദൈവരാജ്യം സ്ഥാപിക്കാൻ വേണ്ടി പലതും ഇടിച്ചു പൊളിക്കേണ്ടി വന്നേക്കാം. യഹൂദന്മാരുടെ അഭിമാന സ്തംഭമായ ജറുസലേം ദൈവാലയത്തിന്റെ തകർച്ചയും വിദേശാക്രമണം മൂലം തകർന്നടിഞ്ഞ പട്ടണങ്ങളും ഭവനങ്ങളും വ്യക്തികളും മാത്രമല്ല സ്ഥിരതയും സുരക്ഷിതത്വവും നൽകുമെന്ന് കരുതപ്പെട്ട ഭൂമിയും ആകാശവും എല്ലാം

ഇന്നല്ലെങ്കിൽ നാളെ തകർന്നടിയുമെന്നുള്ള ബോദ്ധ്യം വന്നവർക്കേ ശാന്തിയും നന്മയും നിറഞ്ഞ സ്വർഗ്ഗരാജ്യം തേടുവാനും നേടുവാനും കഴിയൂ. മാത്രമല്ല, ഏറ്റവും സംഭ്രമജനകമായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ പോലും നഷ്ട ധൈര്യരാകാതിരിക്കാനും അവസാനം വരെ വിശ്വാസത്തിൽ ഉറച്ചു നിൽക്കാനും കഴിയൂ.

കുരിശിലെ പീഢാനുഭവത്തിൽ ചിന്തിയ ക്രിസ്തുവിന്റെ രക്തത്തിൽ കുരുത്ത ക്രൈസ്തവരെ മുളയിലെ നുള്ളിക്കളയാൻ യഹൂദസമൂഹം പ്രതിജ്ഞാബദ്ധമായിരുന്നു. അവർ ആരംഭിച്ച മതപീഢനം റോമൻ ഭരണാധികാരികൾ ഏറ്റെടുക്കുകയും ചെയ്തു. അക്കാലത്ത് റോമാനഗരത്തിൽ പടർന്നു
പിടിച്ച അഗ്നിബാധ യുടെ കാരണക്കാർ ക്രിസ്ത്യാനികളാണെന്ന് ആരോപിച്ച് കഠിനമായ മത പീഢനമാണ് നിരപരാധികളായ ക്രൈസ്തവരുടെ മേൽ നീറോ ചക്രവർത്തി അഴിച്ചുവിട്ടത്. ഇപ്രകാരമുള്ള ഏതു ദണ്ഡനങ്ങളെയും അതി ജീവിക്കാൻ ആദിമ ക്രൈസ്തവരുടെ വിശ്വാസം ശക്തമായിരുന്നു. നിത്യ സൗഭാഗ്യത്തോടും സ്വർഗ്ഗരാജ്യത്തോടും തട്ടിച്ചുനോക്കുമ്പോൾ ഈലോകം തരുന്ന സുഖവും സുരക്ഷിതത്വവും നിസാരമായി കരുതുവാൻ അവർ ശീലിച്ചിരുന്നു. ഒരു പക്ഷെ ഇപ്രകാരമുള്ള ആത്മശക്തി നേടിയെടുക്കുവാൻ കഴിയാത്തതല്ലേ ഇന്നത്തെ സഭയുടെ പരാജയകാരണം? അന്ന് സഭയുടെ ശത്രുക്കൾ ബാഹ്യശക്തികളായിരുന്നെങ്കിൽ ഇന്ന് ശത്രു നാം ഓരോരുത്തരുടെയും ഉള്ളിൽ സ്ഥാനം ഉറപ്പിച്ചിരിക്കുകയാണ്. 'നിരവധി വ്യാജ പ്രവാചകന്മാർ പ്രത്യക്ഷപ്പെട്ട് അനേകരെ വഴിതെറ്റിക്കും. അധർമ്മം വർദ്ധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തു പോകും' (24:1112) എന്നുള്ള ക്രിസ്തു വചനം ആർക്കാണ് കൂടുതൽ ഇണങ്ങുന്നതെന്ന് പരിശോധിച്ച് നോക്കേണ്ടതാണ്. വളരെ പ്രതികൂലമായ ഈ സാഹചര്യത്തിൽ നിന്നുകൊണ്ടു വേണം സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെടാൻ. ലോകത്തിന്റെ അതിർത്തികൾ വരെയും ലോകം ഉള്ളിടത്തോളം കാലം ദൈവരാജ്യത്തിന്റെ സുവി ശേഷം പ്രസംഗിക്കപ്പെടുക തന്നെ വേണം. 'ഒരു പട്ടണത്തിൽ അവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ മറ്റൊ ന്നിലേക്ക് ഓടിപ്പോകുവിൻ' (10:23).

മലങ്കര സഭ, യുവജനദിനമായി കരുതിയിരിക്കുന്ന ഈ ദിവസം ലോകത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി പ്രതിഷ്ഠിക്കുന്നതിന്റെ പ്രസക്തി എന്താണെന്നു നോക്കാം. 'ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി' (വെളി. 21:1), ഒരു പുതിയ ജീവിതക്രമം ആവിഷ്ക്കരിക്കുവാൻ ആലോചിക്കുമ്പോൾ സ്വാഭാവികമായും നമുക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കാൻ കഴിയുന്നത് യുവജനങ്ങളിലേക്കാണ്. ദൈവരാജ്യം ആവശ്യപ്പെടുന്ന ത്യാഗവും സമർപ്പണവും താങ്ങാൻ കഴിയുന്നത് യുവജനങ്ങൾക്കാണല്ലോ. മാത്രമല്ല ഈ ലോകത്തിന്റെ വർണ്ണശമ്പളിമയിൽ ഭ്രമിച്ച് തീജ്വാലയിൽ പതിക്കുന്ന ഈയാംപാറ്റകളെപ്പോലെ വീണടിഞ്ഞുപോകുന്നതും യുവാക്കളാണല്ലോ. ദൈവരാജ്യത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനും അതിന്റെ സംസ്ഥാപനത്തിന് സഹായകമായ നിലപാടെടുക്കുന്നതിനും കഴിയുമ്പോഴെ നമ്മുടെ മനുഷ്യജന്മം സഫലമാകുന്നുള്ളു എന്ന ഉറച്ച ബോദ്ധ്യമാണ് ഇന്ന് ഓരോ യുവാവിനും യുവതിക്കും വേണ്ടത്.

**2024 ഒക്ടോബർ 13.**
**സ്ലീബായ്ക്ക് ശേഷം V-ാം ഞായർ**
**(ലൂക്കോ. 20:27-40)**

ഒരാളുടെ വിശ്വാസം ശരിയായതാണെങ്കിൽ അത് അയാളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുമെന്നുള്ളതിന് തർക്കമില്ല. അതു പോലെതന്നെ ഒരാളുടെ ജീവിതം പാപവഴിയിലാണെങ്കിൽ അത് അയാളുടെ വിശ്വാസത്തെ മലിനമാക്കുക തന്നെ ചെയ്യും.
മദ്യപാനികൾക്ക് മാത്രം പറയാൻ പറ്റും, കള്ളോളം നല്ലൊരു വസ്തു ഭൂലോകത്ത് വേറെ ഇല്ലെന്ന്. മോഷ്ടാക്കൾ സമത്വവും സോഷ്യലിസവും പറയുന്നതു കേട്ടാൽ അതാണ് ശരിയെന്ന് തോന്നും. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ തുണ്ടുതുണ്ടായി വിഭജിച്ച് അത് ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നവരുടെ പ്രാർത്ഥനയും ഭക്തിയും ആവേശവും കണ്ടാൽ അവർ വലിയ പുണ്യവാന്മാരും സഭാ സംരക്ഷകരുമാണെന്ന് തോന്നും. തങ്ങളുടെ കട്ടിലിന്റെ വലിപ്പമനുസരി



ച്ച് ശരീരം വലിച്ച് നീട്ടുകയോ വെട്ടി കുറക്കുകയോ ചെയ്യുന്ന രാക്ഷസരേപ്പോലെയാണവർ.

ഇസ്രായേൽക്കാരുടെ സമൂഹത്തിൽ സമ്പത്തും അധികാരവും കൈയ്യടക്കി വച്ചിരുന്ന പ്രഭുക്കന്മാരായിരുന്നു സദുക്കായർ. ആർഭാടത്തോടെ ജീവിക്കുകയും മരിച്ചടക്കുപോലും ആഘോഷമാക്കുകയും ചെയ്ത ഒരു ധനവാന്റെ അന്ത്യം നരകത്തിലായിരുന്നു എന്ന് യേശു ഒരു ഉപമ പറഞ്ഞിട്ടുണ്ടല്ലോ (ലൂക്ക. 16:19–31). മരണാന്തര ജീവിതം ഇല്ലായെന്ന് സ്വയം വിശ്വസിപ്പിക്കുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്യുവാൻ അവരെ പ്രേരിപ്പിച്ചത് ആർഭാടപൂർവ്വമായ അവരുടെ ജീവിതരീതി തന്നെ ആയിരുന്നിരിക്കണം. അഥവാ മരണാനന്തരം ഉണ്ടാകാൻ പോകുന്ന ന്യായവിധിയെയും നിത്യജീവനെയും വിസ്മരിക്കുകയോ നിഷേധിക്കുകയോ ചെയ്യാതെ അതിക്രമങ്ങളും അത്യാചാരങ്ങളും ആർഭാടങ്ങളും ജീവിതത്തിൽ സ്വീകരിക്കാൻ കഴിയുമായിരുന്നില്ല. ക്രിസ്തുവിന് 165 വർഷം മുമ്പ് പാലസ്തീനാ ഭരിച്ചിരുന്ന ഗ്രീക്ക് ഭരണാധികാരികൾ ഇസ്രായേൽ ജനതയുടെ വിശ്വാസവും അനുഷ്ഠാനങ്ങളും ഇല്ലാതാക്കാൻ ചതുരുപായങ്ങളും പ്രയോഗിച്ച് നോക്കി. സമ്പത്തും സ്ഥാനമാനങ്ങളും നൽകി സ്വാധീനിക്കാനും ശ്രമിച്ചു. വിശ്വാസം ഉപേക്ഷിക്കുന്നതിനെക്കാൾ ജീവിതം ഉപേക്ഷിക്കുന്നതാണ് കരണീയം എന്ന് കരുതിയിരുന്ന ഒരമ്മയുടെയും 7 പുത്രന്മാരുടെയും കഥ മക്കാബായക്കാരുടെ 2–ാം പുസ്തകം 7–ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അതിനോട് വിപരീത സാദൃശ്യമുള്ള ഒരു കഥയാണ് സദുക്കായർ തങ്ങളുടെ വികലമായ വിശ്വാസത്തെ ന്യായീകരിക്കുവാൻ യേശുവിന്റെ അടുക്കൽ പറയുന്നത്. സത്യവിശ്വാസത്തെ പരിഹസിക്കാനായി ദുഷ്ടശക്തികൾ ഇപ്രകാരമുള്ള മുട്ടായുക്തികൾ പറയാറുണ്ടല്ലോ.

അവരുടെ വിശ്വാസം തെറ്റുതന്നെയാണെന്ന് യേശു വ്യക്തമായി പറഞ്ഞിട്ടുണ്ട്. “വിശുദ്ധ ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ അറിയാത്തതുകൊണ്ടല്ലേ നിങ്ങൾക്ക് തെറ്റു പറ്റുന്നത്‘? (മർ. 12:24) അവർ ബൈബിൾ പഠിച്ചത് ദൈവീക നിയമങ്ങളെ ആദരിക്കാനല്ല നിഷേധിക്കാൻ വേണ്ടിയായിരുന്നു. മോശയുടെ അഞ്ചു പുസ്തകങ്ങൾ മാത്രമേ അവർ അംഗീകരി ച്ചിരുന്നുള്ളൂ. തങ്ങളുടെ ദുഷ്ചെയ്തികൾക്ക് നേരെ വിരൽ ചൂണ്ടുന്ന പ്രവാചക ഗ്രന്ഥങ്ങളെ അവർ തള്ളിക്കളഞ്ഞു. 7 പുസ്തകങ്ങൾ പുറംതള്ളിയ പ്രോട്ടസ്റ്റന്റ്കാർക്കും സദുക്കായരുടെ വീക്ഷണത്തോട് സാമ്യമുണ്ട്. അവരുടെ ചോദ്യത്തിലെ പരിഹാസധ്വനി അവഗണിച്ചുകൊണ്ട് തന്നെ യേശു മരണാനന്തര ജീവിതത്തെക്കുറിച്ച് ഉറപ്പ് നൽകുകയും എത്രയും ലളിതമായ രീതിയിൽ വിശദീകരിക്കുകയുമാണ് ചെയ്തത്.

സദുക്കായർക്ക് സ്വീകാര്യമായ പഞ്ചഗ്രന്ഥിയിൽ നിന്ന് തന്നെ ഒരു വാചകം ഉദ്ധരിച്ചുകൊണ്ട്

# വിശുദ്ധ ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ അറിയാത്തതുകൊണ്ടല്ലേ നിങ്ങൾക്ക് തെറ്റു പറ്റുന്നത്?

പുനരുത്ഥാനത്തെ കുറിച്ചുള്ള വിശദീകരണം യേശു നൽകുന്നു. സകല മനുഷ്യരുടെയും മരണത്തിന് മുമ്പും പിമ്പുമുള്ള ജീവിതത്തെ സാരമായി ബാധിക്കുന്ന ഈ അറിവു നൽകാൻ സർവ്വഥാ യോഗ്യനായ ഒരേ ഒരാൾ യേശുക്രിസ്തു മാത്രമാണ്. കാരണം അവിടുന്ന് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നവനും നമ്മോടൊപ്പം ജീവിച്ചതിന് ശേഷം മരിച്ച് ഉത്ഥാനം ചെയ്ത് സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോയവനും രണ്ടു ലോകങ്ങളിലെയും വസ്തുതകൾ നേരിട്ട് അറിയാവുന്നവനുമത്രേ. ക്രൈസ്തവസഭ ലോകത്തിന് നൽകിയ ഏറ്റം വിലപ്പെട്ട സംഭാവന, മരണാനന്തരം മഹത്വത്തോടെ ഉത്ഥാനം ചെയ്ത ക്രിസ്തു നമുക്കു പാർക്കാൻ ഇടം ഒരുക്കുവാൻ പോയിരിക്കയാണെന്നും ഒരുനാൾ അവിടുന്ന് മടങ്ങിവന്ന് നമ്മെ ഒപ്പം ചേർക്കു മെന്നുമുള്ള സദ്വാർത്ത തന്നെയാണ്. യേശു നമുക്കായി ഒരുക്കുന്ന സ്വർഗ്ഗീയഭവനത്തിൽ പാർക്കാനുള്ള ഒരുക്കം നമ്മുടെ ഭാഗത്തും വേണം. എങ്ങനെയാണ് നാം ഒരുങ്ങേണ്ടത് എന്ന് വളരെ വിശദമായി ബൈബിൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. അനതിവിദൂര ഭാവിയിൽ സംഭവിക്കാവുന്ന മരണത്തെയും ന്യായവിധിയെയും

കുറിച്ച് ഓർത്താൽ നാം ഒരു പാപം ചെയ്യാൻ ഭയപ്പെടും.

യേശുവിന്റെ സംഭാഷണത്തിൽ നിന്ന് നാം മനസിലാക്കുന്നകാര്യങ്ങൾ:-

1. മരണത്തിന് മുൻപായാലും അതിന് ശേഷമായാലും ശരി ജീവന്റെ അടിസ്ഥാനം ദൈവം തന്നെയാണ്.

2. മാലാഖമാരുടെ അസ്തിത്വത്തെക്കുറിച്ചും യേശു വെളിപ്പെടുത്തിയിരിക്കുന്നു.

3. സ്വർഗ്ഗഭാഗ്യത്തെക്കുറിച്ച് മനുഷ്യൻ ഭാവന ചെയ്യുന്നത് അസാദ്ധ്യവും നിഷ്പ്രയോജനവുമത്രേ. കണ്ണടച്ചു വിശ്വസിക്കുക മാത്രമേ തരമുള്ളൂ.

4. ശരീരത്തിന്റെ ഉത്ഥാനമില്ലെങ്കിൽ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർ വേറിട്ട് നിൽക്കുന്നതെങ്ങിനെ? (പുറ. 3:1-6)

5. സന്താനോല്പാദനത്തിന്റെ ആവശ്യം ഇല്ലെങ്കിലും പരസ്പരമുള്ള ബന്ധങ്ങളുടെയും സ്നേഹത്തിന്റെയും അളവില്ലാത്ത ആനന്ദം സ്വർഗ്ഗത്തിൽ നമ്മെ കാത്തിരിക്കുന്നു.

ഒക്ടോബറിലെയും നവംബറിലെയും മദ്റോശോ തുടർന്ന് വായിക്കാൻ പേജ് നമ്പർ 78




"ആചാര്യേശ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യന്മാർക്കേക്കുക പുണ്യം നാഥാ സ്തോത്രം"
മലങ്കരയുടെ യാക്കോബ് ബുർദാന
ശ്രേഷ്ഠ കാതോലിക്ക
ആബൂൻ മോർ ബസ്സേലിയോസ്
തോമസ് പ്രഥമൻ ബാവയ്ക്ക്
കണ്ണീരോടെ വിട



# അനുശോചനം

**യാക്കോബായ സുറിയാനി സഭയുടെ പ്രാദേശിക തലവൻ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മാർ ബസേലിയോസ് പ്രഥമൻ ബാവ തിരുമേനിയുടെ നിര്യാണത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായുടെ അനുശോചന പ്രഭാഷണം.**

ദൈവ തിരുനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ!

മലങ്കര യാക്കോബായ സുറിയാനി സഭയുടെ മെത്രോപൊലിത്തൻ ട്രസ്റ്റി അഭിവന്ദ്യനായ ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത തിരുമേനി ഈ സഭയിലെ അഭിവന്ദ്യരായ പിതാക്കന്മാരെ വൈദിക സമൂഹമേ, ദൈവജനമേ.

യാക്കോബായ സുറിയാനി സഭയുടെ പ്രാദേശിക തലവൻ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മാർ ബസേലിയോസ് പ്രഥമൻ ബാവ തിരുമേനിയുടെ നിര്യാണത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുള്ള പ്രാർത്ഥനാപൂർവ്വമായ അനുശോചനവും ഈ സഭയോടുള്ള ബന്ധവും ഞാനറിയിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അധ്യക്ഷൻ എന്ന നിലയിൽ കേരളത്തിലെ കത്തോലിക്കാ സഭയുടെ പ്രാർത്ഥനാപൂർവ്വമായ അനുശോചനവും കൂട്ടായ്മയും ഈ സഭയോട് ഈ സന്ദർഭത്തിൽ ഹൃദയപൂർവ്വം അറിയിക്കട്ടെ. മലങ്കര യാക്കോബായ സുറിയാനി സഭയെ സംബന്ധിച്ച് അതി ധന്യമായ ഒരു ചരിത്രം പൂർത്തിയാക്കി ദൈവസന്നിധിയിൽ തന്റെ മഹത്വത്തിന്റെ കിരീടം പ്രാപിക്കുന്നതിന് ഈ മഹാചാര്യൻ യാത്രയായിരിക്കുന്നു. യാക്കോബായ സുറിയാനി സഭയെ സംബന്ധിച്ച് ഒരു മേൽപ്പട്ടക്കാരൻ പ്രാദേശിക സഭാ തലവൻ എന്ന വിശേഷണങ്ങൾക്കപ്പുറത്ത് ഒരു സഭയെ അതിന്റെ സകല അർത്ഥത്തിലും ഉയർത്തെഴുന്നേൽപ്പിച്ചു നിർത്തുവാൻ തക്കവിധം ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശക്തൻ ആക്കിയ ഒരു ശ്ലൈഹീക ശുശ്രൂഷയാണ് നമ്മിൽനിന്ന് വേർപിരിയുക. ഈ സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ ഉറപ്പിക്കുന്നതിനും സഭാ കൂട്ടായ്മയെ ബലപ്പെടുത്തുന്നതിനും വൈദികനായും വൈദിക മേലധ്യക്ഷനായും പ്രാദേശിക സഭാ തലവനായും ഈ വത്സല പിതാവ് നൽകിയിട്ടുള്ള അതിശ്രേഷ്ഠമായ സമർപ്പണത്തെ യാക്കോബായ സുറിയാനി സഭയോട് ചേർന്ന് നിന്ന് ദൈവസന്നിധിയിൽ ഓർക്കുന്നു. ചരിത്രം





കുറിച്ചിട്ടുള്ള ഒരു മഹിതാചാര്യൻ ആണിത്. ഭാരതത്തിലെ ഈ സഭയുടെ അമരക്കാരനായി പ്രവർത്തിച്ചു എന്ന് മാത്രമല്ല അന്ത്യോക്യായിലെ വിശുദ്ധ പത്രോസിന്റെ പിൻഗാമിയുടെ സ്ഥാനാ രോഹണത്തിന്റെ പ്രധാന ശുശ്രൂഷകനായി,കാർ മ്മികനായി സഭയുടെ ചരിത്രത്തിൽ ഇടം നേടി യിട്ടുള്ള അത്യപൂർവമായ ഒരു ശ്രൂഷ ശ്ലൈഹിക ശുശ്രൂഷ ഈ വത്സല പിതാവിൻ ഉണ്ട്.

ഈ വത്സല പിതാവിന്റെ വേർപാട് യാക്കോ ബായ സുറിയാനി സഭയെ സംബന്ധിച്ചിട ത്തോളം വളരെ വേദന ഉളവാക്കുന്നത് എന്ന് ഞങ്ങൾക്ക് എല്ലാവർക്കും അറിയാം. നിങ്ങളോ ട് ചേർന്നുനിന്ന് പ്രാർത്ഥിക്കുന്നു. ഈ സഭയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. നമ്മൾ ഏറ്റവും അനു ഗ്രഹീതരായും ശക്തരായും ഏകീകരിക്കപ്പെട്ടു. സഭയുടെ വലിയ അനുഗ്രഹീതമായ ഭാവത്തി ലേക്ക് പ്രവേശിക്കുന്നതിന് ദൈവം ഈ സഭയെ ബലപ്പെടുത്തട്ടെ ഈ സന്ദർഭത്തിൽ ആകമാന സുറിയാനി സഭയുടെ പ്രധാന മേലധ്യക്ഷൻ പരി ശുദ്ധ ഇഗ്നാത്യോസ് അപ്രേം ബാവാതിരുമേ നിയോടും സുറിയാനി സഭയിലെ അഭിവന്ദ്യരായ പിതാക്കന്മാരോടും ദൈവ ജനത്തോടും പ്രത്യേ കമായി കത്തോലിക്കാ സഭയ്ക്കുള്ള പ്രാർത്ഥ നാപൂർവ്വമായ ബന്ധം ഞാൻ ഹൃദയപൂർവ്വം അറിയിക്കട്ടെ.

കുവൈത്തിലെ യാക്കോബായ സുറിയാനി പള്ളി യിൽ ഇന്നലെ വിശുദ്ധ കുർബാന മധ്യേ ഈ വത്സല പിതാവിന് വേണ്ടി ധൂപം സമർപ്പിച്ച് പ്രാർത്ഥിക്കുന്നതിനും യാക്കോബായ സഭയുടെ ആ ഇടവക സമൂഹത്തോടൊപ്പം ദൈവത്തോട് നന്ദി പറയുന്നതിന് എല്ലാം ഒരു അവസരം ഉണ്ടാ യി. കുവൈറ്റിലെ യാക്കോബായ സുറിയാനി ഇടവകയുടെ പ്രാർത്ഥനാപൂർവ്വമായ ബന്ധവും ഇത്തരണത്തിൽ ഞാൻ ഏവരെയും അറിയി ക്കട്ടെ. ദൈവസന്നിധിയിൽ മാധ്യസ്ഥം ദൈവസ ന്നിധിയിൽ പ്രാർത്ഥന സഹായം അചഞ്ചലമായ വിശ്വാസത്തോടെ വീണ്ടും മുന്നോട്ടു പോകു വാനുള്ള വലിയ ആത്മീയമായ പ്രചോദനം ഈ മഹാ പ്രധാന ആചാര്യന്റെ ശുശ്രൂഷയിൽ നിന്ന് ധാരാളമായി ലഭിക്കട്ടെ എന്ന് പ്രാർത്ഥിച്ച്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അനുശോ ചനവും പ്രാർത്ഥനയും ഈ സമയം വിനയത്തോ ടെ ഞാൻ അറിയിക്കുന്നു. എന്നോടൊപ്പം വന്നി ട്ടുള്ള പിതാക്കന്മാരുടെയും സഭ മുഴുവന്റെയും പ്രാർത്ഥന അറിയിച്ചുകൊള്ളട്ടെ. ദൈവ തിരുനാമ ത്തിന് എന്നും മഹത്വം ഉണ്ടായിരിക്കട്ടെ.

ആമീൻ!

#manivilaku·com






**ഷെവലിയർ. മനോജ് മാത്യു,**
**ആര്യാടൻപാക്കൽ, ചെങ്ങളം**

# ശ്രേഷ്ഠ കാതോലിക്ക ബാവ യുഗപ്രഭാവനായ കർമ്മയോഗി

ആധുനിക യാക്കോബായ സുറിയാനി സഭയുടെ ശില്പിയായ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ വിടവാങ്ങി. ആത്മീയ ആചാര്യൻ എന്ന നിലയിലും ജാതിമത രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലുമെല്ലാം ആദരിക്കപ്പെടുന്ന ജനകീയ നായകനായിരുന്നു, ആകമാന സുറിയാനി സഭയുടെ ഇന്ത്യയിലെ പ്രാദേശിക തലവനായ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കബാവ തിരുമേനി. തന്റെ ജീവിത നങ്കൂരം ആഴമായി ദൈവത്തിൽ ഉറപ്പിക്കുന്ന ഭക്തനായിരുന്നു ശ്രേഷ്ഠ ബാവ. വിവേകവും ജ്ഞാനവും ഒത്തിണങ്ങിയ ആത്മീയ പിതാവായിരുന്നു ശ്രേഷ്ഠ ബാവ. കഴിഞ്ഞ 50 വർഷത്തെ യാക്കോബായ സുറിയാനി സഭയുടെ ചരിത്രം ശ്രേഷ്ഠ കാതോലിക്ക ബാവായുടെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വളർന്ന് പന്തലിച്ച് നിൽക്കുന്ന ഈ സഭയുടെ നേട്ടങ്ങൾക്കെല്ലാം ഉത്തരവാദി ശ്രേഷ്ഠ ബാവായുടെ ദൈവാനുഗ്രഹമാണ്. തന്റെ പ്രസംഗങ്ങളിൽ എപ്പോഴും ഓർമ്മപ്പെടുത്തുന്ന ഒരു സംഗതിയാണ് ബാവാക്ക് വിദ്യാഭ്യാസം കുറവാണ് എന്ന്. എന്നാൽ ബാവായുടെ ജ്ഞാനവും വിവേകവും ഏതു ഉന്നത വിദ്യാഭ്യാസക്കാരെയും പിന്നിലാക്കുന്നതാണ്. തന്റെ അടുക്കൽ വരുന്ന അതിഥികളെ ഹൃദയ വിശാലതയോടെ സ്വീകരിക്കുന്ന വ്യക്തിത്വമാണ് ബാവായ്ക്കുള്ളത്. വരു

ന്ന അതിഥിയുടെ മുമ്പിൽ താൻ വിനയപ്പെട്ട് പ്രായ, സ്ഥാന വ്യത്യാസം ഇല്ലാതെ അതിഥിയെ വലിയവനായി പരിചരിക്കുന്ന ബാവായുടെ പെരുമാറ്റ രീതി ആർക്കും അനുകരണീയമാണ്. ശ്രേഷ്ഠ ബാവ തന്റെ സഭയുടെ വിശ്വാസത്തിലും ആരാധനയിലും ആയി നിലനിൽക്കുമ്പോഴും ഇതര സഭകളോടും മതങ്ങളോടും ഉള്ള ബാവായുടെ വിശാലമായ കാഴ്ചപ്പാട് ശ്രദ്ധേയമാണ്. തന്റെ തീരുമാനങ്ങളുമായി തന്റെ അജഗണത്തിന്റെ മുന്നേ നടക്കുന്ന നല്ല ഇടയനാണ് ശ്രേഷ്ഠ ബാവ. അബ്രഹാമിന്റെ വിശ്വാസവും, മോശയുടെ നേതൃത്വപാടവും, ഏലിയാവിന്റെ പ്രാർത്ഥന ജീവിതവും, സ്നാപകയോഹന്നാന്റെ ധൈര്യവും തന്റെ ആടുകൾക്കും സഭയ്ക്കും വേണ്ടി ജീവൻ നൽകുന്ന നല്ല ഇടയശ്രേഷ്ഠനായാണ് സമാനതകളില്ലാത്ത അമരക്കാരൻ ആയി ശ്രേഷ്ഠ ബാവയെ മാറ്റുന്നത്. പ്രതിസന്ധികളിൽ പതറാത്ത വിശ്വാസ ധീരനായ ഉരുക്കു മനുഷ്യനാണ് ശ്രേഷ്ഠ ബാവ. മേൽപ്പട്ടക്കാരനായും കാതോലിക്കായായും കഴിഞ്ഞ 50 വർഷത്തെ സഭാശുശ്രൂഷ ജീവിതത്തിൽ ഭൂരിഭാഗവും പൂമെത്തയുടേതായിരുന്നില്ല, സംഘർഷങ്ങളുടെയും പോരാട്ടങ്ങളുടെയും ചരിത്രമാണ് കൂടുതലും. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ കീഴിൽ, പരിശുദ്ധ അന്ത്യോഖ്യ സിംഹാസനവും മലങ്കരമായുള്ള ബന്ധം കാത്തുസൂക്ഷിക്കുവാനും, കേസുകളുടെയും പീഡനങ്ങളുടെയും കാറ്റിലും തിരമാലകളിലും ആടിയുലഞ്ഞ സഭാ നൗകയെ ഇത്രത്തോളം എത്തിക്കുവാനും ബാവ സഹിച്ച ത്യാഗത്തിനും കഷ്ടപ്പാടുകൾക്കും കണക്കില്ല. സമാനതകളില്ലാത്ത നേതൃത്വ പാടവും സംഘടനാ ശക്തിയുമാണ് ആധുനിക യാക്കോബായ സഭയുടെ ശില്പിയായി ബാവ അറിയപ്പെടുവാൻ കാരണമാകുന്നത്. ഇതിനുള്ള അംഗീകാരമായിട്ടാണ് പ. പാത്രിയർക്കീസ് ബാവ മലങ്കരയുടെ യാക്കോബ് ബുർദ്ദാന ആയി പ്രഖ്യാപിച്ചത്. സഭയുടെ ആസ്ഥാനമായ പുത്തൻകുരിശ് പാത്രിയർക്ക സെന്റർ ഉൾപെടെ അനേക പ്രസ്ഥാനങ്ങൾ സ്ഥാപിച്ച ബാവ ഈ സഭയെ ധീരമായി മുന്നോട്ടു നയിച്ചു.1970 മുതൽ സഭയിൽ പ്രതിസന്ധികൾ ഉണ്ടായപ്പോൾ ആലുവ, കോലഞ്ചേരി തുടങ്ങി അനേക ദൈവാലയങ്ങളിൽ ഉപവാസ പ്രാർത്ഥനയജ്ഞങ്ങളിലൂടെ ആയതിനെ ധീരമായി നേരിട്ട ശ്രേഷ്ഠ ബാവയുടെ നേതൃത്വം ഒരിക്കലും സഭ മറക്കുകയില്ല. 1977ൽ പഴന്തോട്ടം പള്ളിയിലും, തുടർന്ന് ആലുവ തൃക്കുന്നത്ത് സെമിനാരിയിലും ആരാധന സ്വാതന്ത്ര്യത്തിനു വേണ്ടി മോർ ദിവന്നാസിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തിയ ഉപവാസ പ്രാർത്ഥനയജ്ഞം ചരിത്രപ്രസിദ്ധമാണ്. മലങ്കരയിലെ സുറിയാനി സഭയ്ക്ക് മറക്കാനാവാത്ത ധീരമായ നേതൃത്വം നൽകി കൊണ്ടിരിക്കുന്ന ശ്രേഷ്ഠ ബാവായെ പറ്റി എത്ര പറഞ്ഞാലും മതിയാവുകയില്ല.



സുറിയാനി സഭയുടെ ഈ നിർണായ ഘട്ടത്തിൽ പൂർവിക വിശ്വാസത്തിൽ സഭയെ ഉറപ്പിച്ചുനിർത്തുന്ന, പരിശുദ്ധ അന്ത്യോഖ്യസിംഹാസനവുമായുള്ള ബന്ധം അഭംഗുരം തുടരുന്നതിന് നേതൃത്വം നൽകുന്ന മലങ്കരയുടെ യാക്കോബ് ബുർദാന 1929 ജൂലൈ 22ന് പുത്തൻകുരിശിൽ ഭൂജാതനായി. ബാല്യത്തിൽ രോഗങ്ങളാലും സാമ്പത്തികപരാധീനതകളാലും വളരെ ത്യാഗങ്ങൾ സഹിച്ച് വളർന്ന ശ്രേഷ്ഠ ബാവ ദൈവവേലയ്ക്കായി വിളിക്കപ്പെട്ട് മലേകുരിശ് ദയറായിൽ താമസിച്ചു പഠിച്ചു.1952ൽ കോറുയോ പട്ടവും , 1957ൽ യൗഫ ദ്യോക്കോനോ പട്ടവും അഭിവന്ദ്യ പൗലോസ് മോർ ഫീലക്സിനോസ് മെത്രാപ്പോലിത്തായിൽ നിന്ന് (പിന്നീട് ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ കാതോലിക്കബാവ) സ്വീകരിച്ചു.1958 സെപ്റ്റംബർ 21ന് മഞ്ഞിനിക്കര ദയറായിൽ വെച്ച് മോർ യൂലിയോസ് ബാവായിൽ നിന്ന് കശ്ശീശപട്ടം സ്വീകരിച്ചു. 1974 ഫെബ്രുവരി 24ന് പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ മെത്രാ



പ്പോലിത്ത സ്ഥാനം നൽകി. പുണ്യശ്ലോകനായ പെരുമ്പിള്ളി തിരുമേനിയേയും ഇതോടൊപ്പമാണ് വാഴിച്ചത്. 2002 ജൂലൈ 26 ന് പ.ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ ശ്രേഷ്ഠ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി.

1982 ഫെബ്രുവരിയിൽ പരിശുദ്ധ സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ പ്രഥമ മലങ്കരയിലെ ശ്ലൈഹിക സന്ദർശനത്തിൽ ബാവ , ബർറിഗേഷ് എന്ന ബഹുമതി, പുണ്യശ്ലോകനായ പെരുമ്പിള്ളി തിരുമേനിക്കും, മോർ ദിവന്നാസിയോസ് തിരുമേനിക്കും നൽകി ആദരിച്ചു. പ. സഖാ പ്രഥമൻ ബാവായുടെ 2000, 2004, 2008 വർഷങ്ങളിലെ മലങ്കരയിലെ ശ്ലൈഹിക സന്ദർശനത്തിന് നേതൃത്വം നൽകി. ഈ ശ്ലൈഹിക സന്ദർശനങ്ങളിൽ രണ്ടാം മുളന്തുരുത്തി അസോസിയേഷൻ, കോതമംഗലത്ത് വി.മുറോൻ കൂദാശ, അസോസിയേഷൻ തുടങ്ങി അനേക പ്രോഗ്രാമുകൾ നടത്തപ്പെട്ടു. 2004 സെപ്റ്റംബറിൽ എറണാകുളത്ത് വെച്ച് പരിശുദ്ധ സഖാ പ്രഥമൻ ബാവായുടെ സ്ഥാനാരോഹണ രജത ജൂബിലി ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ, പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സാന്നിധ്യത്തിൽ ആഘോഷിച്ചു.2008 ഒക്ടോബറിൽ എറണാകുളത്ത് വെച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സാന്നിധ്യത്തിൽ ശ്രേഷ്ഠ ബാവായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിച്ചു.2007 ജനുവരി 25ന് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ 30 വർഷത്തിന് ശേഷം മുൻഗാമികളുടെ കബറിങ്കൽ ധൂപാർപ്പണം നടത്തുന്നതിനും, 2014 ഫെബ്രുവരി 1ന് വി.കുർബാന അർപ്പിക്കുവാനുമുള്ള ഭാഗ്യം ശ്രേഷ്ഠബാവായ്ക്കുണ്ടായി. പുത്തൻകുരിശ് കൺവെൻഷൻ ഉൾപ്പെടെ ആത്മീയ പ്രസ്ഥാനങ്ങൾ, ധ്യാനകേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങി നൂറുകണക്കിന് കാര്യങ്ങൾ ശ്രേഷ്ഠ ബാവ വളർത്തി വലുതാക്കി സഭയെ ഉന്നതിയിൽ എത്തിച്ചു.

സഭയ്ക്കായി പുതിയ ഭദ്രാസനങ്ങൾ ആരംഭിക്കുകയും, 13 മെത്രാപ്പോലിത്തന്മാരെയും, അനേകം റമ്പാന്മാരേയും, നൂറുകണക്കിന് വൈദീകരേയും, ശെമ്മാശന്മാരേയും ശ്രേഷ്ഠ ബാവ വാഴിക്കുകയും ചെയ്തു.2014 മാർച്ച് 28ന് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ കബറടക്കത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.2014 മാർച്ച് 31ന് ആകമാന സുന്നഹദോസിൽ , പരിശുദ്ധ അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ തിരഞ്ഞെടുപ്പിൽ അദ്ധ്യക്ഷത വഹിച്ചു.2014 മെയ് 29ന് പരിശുദ്ധ അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ പാത്രിയർക്കാ സ്ഥാനാരോഹണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. 2015ൽ റോമിൽ മാർ പാപ്പായെ പരിശുദ്ധ പാത്രിയർക്കീസ് ബാവായോടൊപ്പം സന്ദർശിച്ചു. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ 2015 ഫെബ്രുവരി, 2018 മെയ്, 2019 മെയ്, 2024 ജനുവരി എന്നീ വർഷ ങ്ങളിൽ നടത്തപ്പെട്ട മലങ്കരയിലെ ശ്ലൈഹിക സന്ദർശനങ്ങൾക്ക് നേതൃത്വം നൽകി.2014 ഫെബ്രുവരി 4 ന് പുത്തൻകുരിശിൽ വെച്ച് മെത്രാഭിഷേക സുവർണ്ണ ജൂബിലി പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സാന്നിധ്യത്തിൽ ആഘോഷിച്ചു.

സഭയിലെ അനേകം പിതാക്കന്മാരുടെ ഓർമ്മപെരുന്നാൾ ജൂബിലികൾ ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ ഉൽഘാടനം ചെയ്തിട്ടുണ്ട്. പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 75മത് ഓർമ്മപ്പെരുന്നാൾ(പ്ലാറ്റി



നം ജൂബിലി), പരിശുദ്ധ വലിയ തിരുമേനിയുടെ മെത്രാഭിഷേക സ്ഥാനാരോഹണ ശതാബ്ദി, പരിശുദ്ധ പൗലോസ് മോർ കൂറിലോസ് തിരുമേനിയുടെ ചരമ ശതാബ്ദി, മോർ യൂലിയോസ് ബാവായുടെയും, വയലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ് തിരുമേനിയുടെയും, മോർ ദിവന്നാസിയോസ് മീഖായേൽ തിരുമേനിയുടെയും ചരമ സുവർണ്ണ ജൂബിലി, സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ശതാബ്ദി തുടങ്ങിയവ ഉൾപെടെ അനേകം ജൂബിലികൾ ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ ഉൽഘാടനം ചെയ്തിട്ടുണ്ട്. 2002ൽ പരിശുദ്ധ പരുമല തിരുമേനിയുടെ ചരമ ശതാബ്ദി, 2010 ൽ ക്നാനായ അതിഭദ്രാസനത്തിന്റെ ശതാബ്ദി, 2023ൽ ശ്രേഷ്ഠ ബാവായുടെ മെത്രാഭിഷേക സുവർണ ജൂബിലി എന്നിവയോടു അനുബന്ധിച്ച് ശ്രേഷ്ഠ ബാവായുടെ കാർമ്മികത്വത്തിൽ വിശുദ്ധ 101മേൽ കുർബ്ബാന നടത്തപ്പെട്ടു. പുത്തൻകുരിശ് പാത്രിയർക്കസെന്റർ ഉൾപ്പെടെ നൂറുകണക്കിന് പള്ളികളും, കോളജുകളും, സ്ഥാപനങ്ങളും ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ സ്ഥാപിച്ചു.2019ൽ ശ്രേഷ്ഠ ബാവ മലങ്കര മെത്രാപ്പോലീത്ത സ്ഥാനം ഒഴിഞ്ഞു. അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്ത,മലങ്കര മെത്രാപ്പോലിത്തയായി തിരഞ്ഞെടുക്കപ്പെട്ടു.2002ൽ ശ്രേഷ്ഠ ബാവ വാഴിക്കപ്പെട്ടതു മുതൽ അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ബാവായുടെ നിഴലായി പ്രവർത്തിച്ചുവരുന്നു. സഭയുടെ എല്ലാ മേഖലകളിലും തിരുമേനിയുടെ സജീവ സാന്നിധ്യമുണ്ട്. കഴിഞ്ഞ കുറെ നാളുകളായി ശ്രേഷ്ഠ ബാവ പ്രായാധിക്യത്തിന്റെ അവശതകളിലായതിനാൽ അഭിവന്ദ്യ തിരുമേനിയാണ് എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകി കൊണ്ടിരിക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുമായി ശ്രേഷ്ഠ ബാവായ്ക്ക് ഊഷ്മളമായ ബന്ധമാണുണ്ടായിരുന്നത്. മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ക്ലീമ്മീസ് കാതോലിക്കാ ബാവായുമായുള്ള വ്യക്തിപരമായ സ്നേഹബന്ധം പലപ്പോഴും പ്രകടമായിരുന്നു. പുത്തൻകുരിശിലും, പട്ടത്തും രണ്ടുപേരും സന്ദർശിച്ച് ബന്ധങ്ങൾ പുതുക്കിയിരുന്നു. അതിന്റെ തെളിവാണ് ശ്രേഷ്ഠംബാവാ കാലം ചെയ്തപ്പോൾ കുവൈറ്റിൽ ആയിരുന്ന മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ക്ലീമ്മീസ് കാതോലിക്കാ ബാവാ അവിടുത്തെ പോഗ്രാമുകൾ ക്യാൻസൽ ചെയ്ത് നാട്ടിലെത്തുകയും ഉച്ചമുതൽ വൈകിട്ട് വരെയുള്ള കബറടക്ക ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തത്. യാക്കോബായ സഭയുടെ പള്ളികൾ നഷ്ടപ്പെടുന്ന സ്ഥലങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പള്ളികൾ ഉപയോഗിക്കാൻ അവസരം ഒരുക്കുന്നത് നന്ദിയോടെ സ്മരിക്കുന്നു. മലങ്കരയിൽ എത്തിയ പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതിയൻ പാത്രിയർക്കീസ് ബാവായ്ക്ക് മാതൃകാപരമായ സ്വീകരണം കൊടുത്തതും മലങ്കര സുറിയാനി കത്തോലിക്കാ സഭയാണ്. ഈ കാലഘട്ടത്തിൽ, പ്രത്യേകിച്ച് സഭയുടെ പ്രതിസന്ധിഘട്ടത്തിൽ ശ്രേഷ്ഠ കാതോലിക്ക ബാവായുടെ വിടവാങ്ങൽ സഭയ്ക്ക് കനത്ത നഷ്ടമാണ്. ദൈവത്തിന്റെ **മഹാപു രോഹിത സമാധാനത്തോടെ പോവുക. ദൈവ സന്നിധിയിൽ ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു**



ഫാ. റിനു വർഗീസ് മാത്യൂ
വയലുംകരോട്ട്, പുറമറ്റം

മലങ്കരയുടെ യാക്കോബ് ബുർദാന:

# ശ്രേഷ്ഠ തോമസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി.

മലങ്കര സഭയുടെ ആധുനിക ചരിത്രത്തിലെ അഭിമാനകരമായ നിലപാടുകളുടെ അടിത്തറയായി നിലകൊണ്ട മഹാശിലയായിരുന്നു ശ്രേഷ്ഠ തോമസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി. അതുകൊണ്ടുതന്നെ ആധുനിക മലങ്കര സഭയുടെ (യാക്കോബായ ) ചരിത്രത്തിൽ തോമസ് പ്രഥമൻ കാതോലിക്കാ ബാവായെ മാറ്റി നിർത്തിയിട്ട് ഒരു ചരിത്രമില്ല. മലങ്കരയുടെ യാക്കോബ് ബുർദാന എന്നു വിശേഷിപ്പിക്കപ്പെട്ട ബാവാ തിരുമേനി, തന്റെ ആധ്യാത്മിക സേവനം കൊണ്ടും കർത്തൃസഹജമായ കാരുണ്യം കൊണ്ടും ഹൃദ്യമായ സ്നേഹ പ്രവർത്തികൾ കൊണ്ടും മലങ്കര സഭയുടെ പാരമ്പര്യത്തിലും മതജീവിതത്തിലും സാമൂഹ്യ-രാഷ്ട്രീയ ഇടങ്ങളിലും ഒരായിരം നിറങ്ങൾ ചാർത്തിയ ഒരു മഹായോഗിയായിരുന്നു.

ശ്രേഷ്ഠ ബാവയുടെ പ്രാർത്ഥനാ ജീവിതവും, ആചാരപരിപാലനയും, സുതാര്യമായ നേതൃത്വവും മൂലം, തിരുമനസിന്റെ സേവനം മലങ്കര സഭയുടെ കാലാതീതമായ പൈതൃകസംരക്ഷണത്തിന്റെ അടിത്തറയായി മാറി. ക്രൈസ്തവ സഭകളുടെ ഐക്യത്തിന് ശ്രേഷ്ഠ ബാവാ എപ്പോഴും മുന്നിൽ തന്നെ ഉണ്ടായിരുന്നു.സഭാ വിശ്വാസികളോട് ചേർന്ന് നിന്ന് അവരിലൊരാളായി സേവനം ചെയ്യുന്നതിൽ ബാവ എപ്പോഴും ഉത്സുകനായിരുന്നു. അധികാരത്തിന്റെയും കയ്യൂക്കിന്റെയും ആഴക്കടലിൽ മുങ്ങിപ്പോകുമായിരുന്ന പരിശുദ്ധ യാക്കോബായ സുറിയാനി സഭയാകുന്ന നൗകയെ ഇന്ന് കാണുന്ന വിധം വളർത്തിയെടുക്കുവാൻ ശ്രേഷ്ഠ ബാവ സഹിച്ച പ





ീഡനങ്ങളും, കഷ്ടതകളും, പട്ടിണിയും, പരിഹാസവും, ജയിൽവാസവും ചിന്താതീതമാണ്.
ശ്രേഷ്ഠ ബാവാ പരിശുദ്ധ സഭയിൽ നിർവ്വഹിച്ച നേതൃത്വം സഭയ്ക്ക് എന്നും പ്രചോദനമായിരിക്കും. അതുകൊണ്ടുതന്നെ പരിശുദ്ധ സഭയെ സംബന്ധിച്ചിടത്തോളം "പകരക്കാരൻ ഇല്ലാത്ത അമരക്കാരനായിരുന്നു ശ്രേഷ്ഠ തോമസ് പ്രഥമൻ കാതോലിക്കാ ബാവാ".

ബാവായുടെ കാലത്ത് മലങ്കര യാക്കോബായ സഭ, അതിന്റെ ഔന്നത്യത്തിലേക്ക് പൂർണമായി ഉയർത്തപ്പെട്ടു. അതുകൊണ്ടുതന്നെ സഭയുടെ വളർച്ച കണ്ട് വിരളി പൂണ്ട കഴുകന്മാർ അതിനെ കൊത്തി പറിക്കുവാനും കൈക്കലാക്കുവാനും വട്ടമിട്ട് പറക്കുകയാണ് ഇപ്പോഴും. എന്നാൽ പക വീട്ടൽ ആയിരുന്നില്ല ശ്രേഷ്ഠ ബാവായുടെ ആയുധം: പ്രാർത്ഥനയായിരുന്നു. അതുകൊണ്ടുതന്നെ ആ പ്രാർത്ഥനാ വീരൻ കയറിചെല്ലുമ്പോൾ സമരപ്പന്തലുകൾ ഒക്കെ തന്നെ പ്രാർത്ഥനാ യജ്ഞങ്ങളായി സ്വയം പരിണമിച്ചിരുന്നു. സർവ്വശക്തനായ തമ്പുരാനിലായിരുന്നു ശ്രേഷ്ഠ ബാവാ തിരുമേനിയുടെ ആശ്രയം.

മതപരമായ മൂല്യങ്ങളെ കൂടുതൽ ശക്തമാക്കി നിലനിർത്തുകയും, വിശ്വാസികൾക്ക് ആത്മീയ നന്മയും ആധ്യാത്മിക പിന്തുണയും അദ്ദേഹത്തിന്റെ ശുശ്രൂഷയിലൂടെ ലഭ്യമാകുകയും ചെയ്തിരുന്നു. സഭയുടെ ആനുകാലിക വെല്ലുവിളികളിലും, കാനോനിക നിയമങ്ങളുടെ സംരക്ഷണത്തിലും ശ്രേഷ്ഠ ബാവ ഗാഢമായ ധൈര്യത്തോടും ആത്മാർത്ഥതയോടും ഇടപെട്ടു. കാലം ചെയ്ത പരിശുദ്ധ. സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ സംസ്കാര ശുശ്രൂഷയിലും, പരിശുദ്ധ പത്രോസിന്റെ ശ്ലൈഹീക സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന ഇപ്പോഴത്തെ പരിശുദ്ധ അപ്രം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണ ശുശ്രൂഷയിലും മുഖ്യകാർമികനാകുവാനും ശ്രേഷ്ഠ ബാവാ ദൈവത്താൽ നിയോഗിക്കപ്പെട്ടു. നമ്മുടെ നാട്ടിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് വളർന്ന്, അഞ്ചലോട്ടക്കാരനായി ജീവിതം ആരംഭിച്ച ഒരു മനുഷ്യനെ ദൈവം ഇതിലധികം എന്ത് ഉയർച്ചയാണ് നൽകേണ്ടത്!

ഇതിലധികം എന്ത് ഭാഗ്യമാണ് ശ്രേഷ്ഠ ബാവയ്ക്ക് ലഭിക്കുവാൻ ഉള്ളത്! ഒരിക്കലെങ്കിലും ബാവയെ നേരിട്ട് സമീപിച്ചിട്ടുള്ള ആളുകൾക്ക്, ആ പിതൃസഹജമായ വാത്സല്യവും സ്നേഹവും ഒരിക്കലും വിസ്മരിക്കുവാൻ സാധിക്കുകയില്ല. 2009-ൽ പുത്തൻകുരിശ് പാത്രിയർക്ക അരമനയിൽ ശ്രേഷ്ഠ ബാവായെ സന്ദർശിച്ച ആദ്യദിവസം ഇന്നലെ എന്നവണ്ണം ഇന്നും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. സത്യവിശ്വാസം, സമർപ്പണം, സേവനം എന്നിങ്ങനെ മൂന്നു നെടുങ്കൽതൂണുകളിൽ അടിയുറച്ച് നിലകൊള്ളുന്ന ബാവായുടെ ജീവിതം, മലങ്കര യാക്കോബായ സഭയ്ക്കു മാത്രമല്ല, സകലരേയും പ്രകാശപാതയിലേക്ക് നയിക്കുന്നതാണ്. ആ പ്രകാശഗോപുരം ഇന്ന് ദൈവസന്നിധിയിൽ ഉയർന്നുനിൽക്കുമ്പോൾ, ചതിയുടെയും വഞ്ചനയുടെയും പടുകുഴികളിൽ പെട്ടു പോകാതിരിക്കുവാൻ നമുക്ക് തെളിച്ചമായിരിക്കും.
"മലങ്കരയുടെ യാക്കോബ് ബുർദാന"എന്ന വിശേഷണത്തിന് എന്തുകൊണ്ടും അനുയോജ്യനായ അതുല്യനായ നേതാവും ശ്രേഷ്ഠ പിതാവും എന്ന ബഹുമതികളോടെ തോമസ് പ്രഥമൻ കാതോലിക്കാബാവായെ നമ്മുക്ക് എന്നും ഓർമ്മയിൽ സൂക്ഷിക്കാം.



# ബൈബിൾ പ്രതീകങ്ങൾ



**ആബൂൻ എബ്രഹാം മാർ ജൂലിയോസ്**

**(മൂവാറ്റുപുഴ ബിഷപ്പ് എമിരറ്റസ്)**

കഴിഞ്ഞ ലക്കത്തിൽ ആൽഫയും ഒമേഗയും പറ്റിയാണല്ലോ പ്രതിപാദിച്ചത്, ഈ ലക്കത്തിൽ മറ്റ് രണ്ട് ബൈബിൾ പ്രതീകങ്ങളെയാണ് മനസ്സിലാക്കാൻ ശ്രമിക്കുന്നത്.

## 4 പുസ്തകം/ചുരുൾ (Book/Scroll)

ലോകസംസ്ക്കാരങ്ങൾ വികസിക്കുന്നതിന് മുമ്പ്, പുരാതനമനുഷ്യർ, (ചരിത്രാതീത കാലത്തുള്ള ഗുഹകളിൽ കാണുന്നതുപോലെ) ചിത്രങ്ങളിലൂടെയും ചിഹ്നങ്ങളിലൂടെയും അവരുടെ ആശയങ്ങൾ വ്യക്തമാക്കിയിരുന്നു. ഈജിപ്തുകാർ കണ്ടുപിടിച്ച ചിത്രലിപി (hieroglyph) ചിഹ്നങ്ങൾ കൊണ്ടുള്ള ഒരു 'പാവനഭാഷ 'യായിരുന്നു. പല സംസ്ക്കാരങ്ങളും വിശുദ്ധ ഗ്രന്ഥങ്ങൾ ദേവന്മാരിൽ നിന്ന് ഉത്ഭവിക്കുന്നതാണെന്നു വിശ്വസിച്ചിരുന്നു. ഹൈന്ദവ ഗ്രന്ഥങ്ങളിൽ ഏറ്റവും പുരാതന മായ 'ഋഗ്വേദം ' ദൈവത്താൽ നിവേശിതമെന്നു വിശ്വസിച്ചിരുന്നു. റബ്ബിമാരുടെ സങ്കല്പമനുസരിച്ച്, തോറയുടെആയിരം വർഷം മുമ്പ് തന്നെ അത് സൃഷ്ടിക്കപ്പെട്ടു. ഗബ്രിയേൽ മാലാഖ പറഞ്ഞത് കേട്ടെഴുതിയതാണ് ഖുറാൻ എന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്നു. പുരാതന പൗരസ്ത്യ ദേശത്തെ ജനങ്ങൾ വർത്തമാന ജീവിതത്തിൽ തന്നെ അനുഭവവേദ്യമാകുന്ന തങ്ങളുടെ വിധി ദൈവത്തിന്റെ പുസ്തകത്തിൽ എഴുതിയിട്ടുണ്ട് എന്ന് വിശ്വസിച്ചിരുന്നു.

ഉൽപത്തി പുസ്തകത്തിൽ വംശാവലി പട്ടിക ഉള്ളതുപോലെ (ഉൽപ. 5:1-32) ദൈവം ഭക്തരായവരുടെ പേരുകൾ ജീവന്റെ പുസ്തകത്തിൽ സൂക്ഷിക്കുന്നു എന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു. ഈ പുസ്ത കത്തെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത് മോശയാണ്: "അവിടുന്ന് കനിഞ്ഞ് അവരുടെ പാപം ക്ഷമിക്കണം; അതല്ലെങ്കിൽ അവിടുന്ന് എഴു തിയിട്ടുള്ള പുസ്തകത്തിൽ നിന്ന് എന്റെ പേര് മായിച്ചുകളഞ്ഞാലും ' (പുറ. 32:32). ഏശയ്യാ പറയുന്നു: 'സീയോനിൽ-ജറുസലേമിൽ-അവ ശേഷിക്കുന്നവർ, ജീവിക്കാനുള്ളവരുടെ കൂട്ടത്തിൽ എണ്ണപ്പെടുന്ന ജറുസലേം നിവാസികൾ, വിശുദ്ധർ എന്നു വിളിക്കപ്പെടും' (ഏശ. 4:3). വലിയ തീവ്രവേദനയുടെ സമയത്ത് "എന്നാൽ ഗ്രന്ഥത്തിൽ പേരുള്ള നിന്റെ ജനം മുഴുവൻ രക്ഷപ്പെടും' (ദാനി. 12:1). സങ്കീർത്തകൻ പറയുന്നു: എനിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള നാളുകൾ ഉണ്ടാകുന്നതിന് മുമ്പു തന്നെ അങ്ങയുടെ പുസ്തകത്തിൽ അവ എഴുതപ്പെട്ടു (സങ്കീ. 139:16). പാപികളുടെ പേരുകൾ ജീവന്റെ പുസ്തകത്തിൽ നിന്ന് മായിച്ചുകളയപ്പെടും.




‘ജീവിക്കുന്നവരുടെ പുസ്തകത്തിൽ നിന്ന് അവരെ മായിച്ചുകളയണമെ! നീതിമാൻമാരുടെ കൂട്ടത്തിൽ അവരുടെ പേരെ ഴുതാൻ ഇടയാകാതിരിക്കട്ടെ‘ (സങ്കീ. 69:28).

പുസ്തകം തുറക്കുക എന്നാൽ ദൈവത്തിന്റെ ന്യായവിധിയുടെ പ്രതീകമാണ്. “അവന്റെ മുൻപിൽ നിന്ന് അഗ്നിപ്രവാഹം പുറപ്പെട്ടു. ആയിരമായിരം പേർ അവനെ സേവിച്ചു; പതിനായിരം പതിനായിരം പേർ അവന്റെ മുൻപിൽ നിന്നു. ന്യായാധിപസഭ ന്യായവിധിക്ക് ഉപവിഷ്ടമായി. ഗ്രന്ഥങ്ങൾ തുറക്കപ്പെട്ടു‘ (ദാനി. 7:10). ഇവിടെ പുസ്തകം എന്നാൽ ദൈവിക വചനത്തിന്റെ സത്യത്തെയും, അതിൽ അടങ്ങിയിരിക്കുന്ന ജീവന്റെ വാഗ്ദാനങ്ങളെയും സൂചിപ്പിക്കുന്നു.

എസെക്കിയേൽ പ്രവാചകനോട് വായ്തുറന്ന് എഴുതപ്പെട്ട ചുരുൾ ഭക്ഷിക്കാൻ ആവശ്യപ്പെട്ടു (എസെ. 3:2). അത് പ്രവാചകദൗത്യം സ്വീകരിക്കുന്നതിന്റെയും തന്റെ ഹൃദയത്തിലേക്ക് ദൈവവചനം സ്വീകരിക്കുന്നതിനെയും സൂചിപ്പിക്കുന്നു. യേശു ശിഷ്യന്മാരോട് അരുളിചെയ്തു: ‘എന്നാൽ പിശാചുക്കൾ നിങ്ങൾക്ക് കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ട;മറിച്ച്, നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ ‘ (ലൂക്ക 10:20). ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ സമൂഹവുമായി (ഹെബ്രാ 12:23) ക്രൈസ്തവർക്ക് കൂട്ടായ്മയുണ്ടെന്ന് ഹെബ്രായ ലേഖനം ഓർമ്മിപ്പിക്കുന്നു. സുവിശേഷ പ്രഘോഷണത്തിൽ തന്നോടൊപ്പം സഹകാരികളായിരുന്നവരുടെ പേരുകൾ ജീവന്റെ പുസ്തകത്തിലുണ്ട് (ഫിലി. 4:3) എന്ന കാര്യം വി. പൗലോസ് തന്റെ ഓർമ്മയിൽ താലോലിക്കുന്നു.

ജീവന്റെ ഗ്രന്ഥം കൂടാതെ ഓരോ വ്യക്തിയുടെയും പ്രവൃത്തികൾ രേഖപ്പെടുത്തിയിരിക്കുന്ന മറ്റൊരു ഗ്രന്ഥവും ഉണ്ട് (വെളി. 20:12). മരിച്ചവരെല്ലാം ഈ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്ന പ്രവൃത്തികൾക്കനുസൃതം വിധിക്കപ്പെടും. പുതിയ ജറുസലേമിൽ ‘കുഞ്ഞാടിന്റെ ജീവ ഗ്രന്ഥത്തിൽ പേരെഴുതപ്പെട്ടവർ മാത്രമേ അതിൽ പ്രവേശിക്കൂ. അശുദ്ധമായതൊന്നും, മ്ലേച്ഛതയും കൗടില്യവും പ്രവർത്തിക്കുന്ന ആരും അതിൽ പ്രവേശിക്കില്ല‘ (വെളി. 21:27). വിധിനടപ്പിലാക്കാൻ യേശു വിന് കൈമാറിയ ദൈവത്തിന്റെ ദുർജ്ഞേയമായ കല്പനകളെ സൂചിപ്പിക്കുന്നു വെളിപാടു പുസ്തകത്തിലെ ഗ്രന്ഥങ്ങൾ. ഉദരത്തിൽ കൈയ്പായും വായിൽ തേൻപോലെ മധുരിക്കുകയും ചെയ്ത (വെളി 10:8-11) ചുരുൾ വിഴുങ്ങാൻ യോഹന്നാനോട് ആവശ്യപ്പെട്ടു. അതായത് വളരെ ഉത്സാഹത്തോടെ സ്വീകരിച്ച പ്രവാചകദൗത്യം പിന്നീട് ജീവിതത്തിന് ക്ലേശമാകാം എന്ന സൂചന നൽകുന്നു.

ക്രിസ്ത്യൻ ഐക്കണോഗ്രഫിയിൽ ന്യായവിധിയുടെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന പാന്തോക്രാത്തർ (Pantocrator = സകലത്തിന്റെയും മേൽ അധികാരമുള്ളവൻ) തന്റെ ഇടതുകൈയിൽ ജീവന്റെ പുസ്തകമെന്ന് കരുതപ്പെടുന്ന ഒരു ഗ്രന്ഥം പിടിച്ചിരിക്കുന്നു.



## 5. അപ്പം

ശരീരത്തിന്റെ പോഷണത്തിനാവശ്യമായ ഭക്ഷണത്തിന്റെ മൂല വസ്തുവാണ് 'അപ്പം', ഇന്തോ-ഇറാനിയൻ ദേവനായ മിത്രാസിന്റെ ആരാധനയിൽ, മിത്രാദേവൻ സ്വർഗ്ഗത്തിലേക്ക് പോകുന്നതു മുമ്പ് കഴിച്ച ഭക്ഷണത്തിന്റെ ഓർമ്മയിൽ അപ്പവും വെള്ളവും കൊണ്ടുള്ള പൂജയുണ്ട്. അപ്പവും, വീഞ്ഞും, എണ്ണയും സ്വർഗ്ഗത്തിൽ നിന്നുള്ള ദാനങ്ങളായി കരുതപ്പെടുന്നു. 'മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കാൻ വീഞ്ഞും, മുഖം മിനുക്കാൻ എണ്ണയും, ശക്തി നൽകാൻ ഭക്ഷണവും പ്രദാനം ചെയ്യുന്നു' (സങ്കീ. 104:15). ദൈവം സ്വർഗ്ഗീയ അപ്പം മന്നായുടെ രൂപത്തിൽ നൽകി (പുറ. 16:14).

സുഭാഷിതങ്ങളുടെ പുസ്തകത്തിൽ ജ്ഞാനം ജനങ്ങളെ ക്ഷണിക്കുന്നു: "അല്പബുദ്ധികളെ, ഇങ്ങോട്ടു വരുവിൻ. ബുദ്ധിശൂന്യനോട് അവൾ പറയുന്നു: വന്ന് എന്റെ അപ്പം ഭക്ഷിക്കുകയും ഞാൻ കലർത്തിയ വീഞ്ഞ് കുടിക്കുകയും ചെയ്യുവിൻ' (സുഭാ. 9:5). എന്നാൽ അപ്പം മാത്രം മതിയാവില്ല. നിയമാവർത്തനത്തിൽ വായിക്കുന്നു: '... അപ്പം കൊണ്ടുമാത്രമല്ല, കർത്താവിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്...' (നിയമ. 8:3). നാല്പതു ദിവസത്തെ ഉപവാസത്തിനുശേഷം പിശാചിനാൽ പരീക്ഷിക്കപ്പെട്ട യേശു പിശാചിനെ ഈ വചനം ഉദ്ധരിച്ചു തോല്പിച്ചു (മത്ത. 4:3).

ആത്മ-ശരീരങ്ങളുടെ പോഷണത്തിനാവശ്യമായ ' അന്നന്നു വേണ്ട അപ്പം' ചോദിക്കാൻ കർതൃപ്രാർത്ഥനയിൽ യേശു നമ്മെ ഉദ്ബോധിപ്പിച്ചു. 'സ്വർഗ്ഗത്തിൽ നിന്നിറങ്ങി ലോകത്തിന്റെ ജീവനുവേണ്ടി നൽകുന്ന അപ്പമായ' (യോഹ. 6:35, 51) വി. കുർബ്ബാനയെ ഇത് സൂചിപ്പിക്കുന്നു. വി. കുർബ്ബാനയിലെ അപ്പവീഞ്ഞുകൾ യേശുവിനോടുള്ള കൂട്ടായ്മ നൽകുന്നു.
അന്ത്യത്താഴസമയത്ത് യേശു അപ്പമെടുത്ത്, വാഴ്ത്തി, മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് അരുളിചെയ്തു. ഇത് എന്റെ ശരീരമാകുന്നു, വാങ്ങി ഭക്ഷിക്കുവിൻ (മത്ത. 26:26). സ്വയം നൽകുന്നതിന്റെ വലിയ അടയാളമായി, തന്റെ കുരിശിലെ മരണത്തോടു ബന്ധപ്പെടുത്തി യേശു വി. കുർബ്ബാന സ്ഥാപിച്ചു. ആദിമസഭ യേശുവിന്റെ ഈ ലോകസാന്നിധ്യത്തെ അനുഭവിച്ചറിയാനുള്ള മാർഗ്ഗമായി വി. കുർബ്ബാന രഹസ്യത്തെ മനസ്സിലാക്കിയിരുന്നു. 'നാം മുറിക്കുന്ന അപ്പം (ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ? അപ്പം ഒന്നേയുള്ളൂ. അതിനാൽ പലരായിരിക്കുന്ന നാം ഒരുശരീരമാണ്. എന്തെന്നാൽ, ഓരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്' (1 കോറി 10:17). നമ്മൾ കഴിക്കുന്ന അപ്പം നമ്മുടെ ശരീരത്തിലേക്ക് ആഗീരണം ചെയ്യപ്പെടുന്നതുപോലെ, ദൈവവചനത്താൽ കൗദാശികമായി മാറ്റപ്പെടുന്ന അപ്പം നമ്മുടെ നിത്യജീവനായി സൂക്ഷിക്കപ്പെടുന്നു. 'ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു; ഞാൻ
പിതാവുമൂലം ജീവിക്കുന്നു. അതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും' (യോഹ. 6:57)

തുടരും..

( പ്രതീകങ്ങളെ കുറിച്ചുള്ള പഠനങ്ങൾക്ക് ബൈബിൾ പ്രതീകങ്ങൾ എന്ന പുസ്തകം ലഭ്യമാണ് )

ഹെർഗോ
പഠന പരമ്പര

# വിശുദ്ധ കൂദാശകൾ

തുടർ പഠനം
5



വിശുദ്ധ മാമ്മോദീസായുമായി യേശുക്രിസ്തുവിനെ ബന്ധപ്പെട്ടുണ്ടാകുന്ന മറ്റു രണ്ട് സംശയങ്ങൾ കൂടി നമ്മുക്ക് പരിശോധിക്കാം.

**1. മുപ്പതാം വയസ്സിലാണ് യേശുക്രിസ്തു ജ്ഞാനസ്നാനം സ്വീകരിച്ചത്. അതിനാൽ, ഒരു വ്യക്തി പ്രായപൂർത്തി എത്തിയതിനു ശേഷം മാത്രം ജ്ഞാനസ്നാനം കൊടുക്കുന്നതല്ലേ ശരിയായ രീതി ?**

യേശു ക്രിസ്തുവിനെ അനുകരിച്ചുകൊണ്ട് 30-ാം വയസ്സിൽ പ്രായപൂർത്തിയായിട്ട് ജ്ഞാനസ്നാനപ്പെടുത്തിയാൽ മതിയല്ലോ എന്നുള്ളത് ശൈശവ ജ്ഞാനസ്നാനത്തെ ചോദ്യം ചെയ്യുന്നവരുടെ ഭാഗത്തുനിന്നും സ്വാഭാവികമായി ഉണ്ടാകുന്ന ചോദ്യമാണ്. ശിശുക്കളെ സ്നാനപ്പെടുത്തുന്നത് തെറ്റാണെന്ന് പറയുന്നവർക്കായി വന്ദ്യ ചേപ്പാട് വഞ്ചിയിൽ ഫീലിപ്പോസ് റമ്പാച്ചൻ എഴുതിയത് ഹെർഗോ പഠന പരമ്പയുടെ മൂന്നാം ഭാഗത്ത് ഉൾകൊള്ളിച്ചതിൽ നിന്നും ആദിമസഭയിൽ ശിശുസ്നാനം പതിവായിരുന്നുവെന്ന് വായിച്ചിരിക്കുമെന്ന് കരുതട്ടെ.

30-ാം വയസ്സിൽ യേശുക്രിസ്തു ജോർദ്ദാനിൽ സ്നാനപ്പെട്ടതു മാത്രം അനുകരിച്ചാൽ പോരല്ലൊ; യേശുക്രിസ്തു മരുഭൂമിയിൽ നാല്പത് രാവുംപകലും ഉപവാസവും പ്രാർത്ഥനയുമായി കഴിഞ്ഞതും, മൂന്നുവർഷക്കാലം ദൈവവചനം പ്രസംഗിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും, മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തതും, ബ്രഹ്മചര്യമനുഷ്ഠിച്ചതും അനുകരിക്കണമല്ലൊ. ക്രിസ്തു 33-ാം വയസ്സിൽ ഒറ്റിക്കൊടുക്കപ്പെടുകയും കാൽവരി മലയിൽ കുരിശിൽ തറയ്ക്കപ്പെടുകയും അവസാനം മരിച്ചവരിൽനിന്ന് ഉയിർത്ത്,

സ്വർഗ്ഗാരോഹണം ചെയ്യപ്പെടുകയും ചെയ്തപോലെ ശിശുസ്നാനത്തെ എതിർത്ത് ഈ ചോദ്യവുമായി വരുന്നവർക്ക് യേശുക്രിസ്തുവിനെ അനുകരിക്കാൻ കഴിയുമോ എന്ന മറുപടി ഉചിതമാകും. ശിശുക്കൾക്കും കുട്ടികൾക്കും ജ്ഞാനസ്നാനത്തിനുള്ള അവസരം നിഷേധിക്കുന്നത് വിശുദ്ധ ബൈബിൾ പ്രകാരം തെറ്റാണെന്ന് ചോദ്യകർത്താക്കളെ പറഞ്ഞു മനസ്സിലാക്കിക്കാനും വിശുദ്ധ ബൈബിളിന്റെ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനം ശരിയല്ലായെന്ന് ബോദ്ധ്യപ്പെടുത്താനും നമ്മുക്ക് സാധിക്കണം.

**2. യേശുക്രിസ്തു ജോർദ്ദാൻ നദിയിൽ മുങ്ങിയാണ് ജ്ഞാനസ്നാനം സ്വീകരിച്ചത്. അതുപോലെ ഏതെങ്കിലും നദിയിലൊ കുളത്തിലോ മുങ്ങിക്കൊണ്ടല്ലേ സ്നാനപ്പെടേണ്ടത്?**

'അവൻ വെള്ളത്തിൽ നിന്നു കയറി' എന്ന് വിശുദ്ധ ബൈബിളിൽ നാം വായിക്കുന്നത് കൊണ്ട് വെള്ളത്തിൽ മുങ്ങിക്കൊണ്ടുള്ള സ്നാനമാണ് യേശു സ്വീകരിച്ചത് എന്നത് വ്യക്തമായി സൂചിപ്പിക്കുന്നില്ല. അതുകൊണ്ട്, ഈ ചോദ്യം ഊഹാധിഷ്ഠിതമാണ്. കൂടാതെ, വെള്ളത്തിൽ മുങ്ങികൊണ്ടുള്ള ജ്ഞാനസ്നാനം ആവശ്യമാണെന്ന് വിശുദ്ധ ബൈബിളിൽ പറയുന്നില്ല എന്നത് കഴിഞ്ഞ ലക്കത്തിൽ (സെപ്തംബർ) മനസ്സിലാക്കിയതാണ്.

ആദിമ ക്രൈസ്തവർ ജോർദ്ദാൻ പോയിട്ട്, കുറഞ്ഞ പക്ഷം ഒരു പുഴയിൽപ്പോലും മുങ്ങിയല്ല ജ്ഞാനസ്നാനപ്പെട്ടത് എന്ന് പുതിയനിയമം വ്യക്തമായി സൂചിപ്പിക്കുന്നു. പെന്തക്കുസ്താ ദിനത്തിൽ ജറുസലേമിൽ 3000 പേരാണ് ജ്ഞാനസ്നാനം സ്വീകരിച്ചത്. ജറുസലേമിൽ നദികളില്ലായിരുന്നു എന്നത് അറിയപ്പെടുന്ന വസ്തുതയാണ്. ജോർദ്ദാൻ നദി ആ നഗരത്തിൽ നിന്ന് 300 കിലോമീറ്ററോളം അകലെയായിരുന്നു. ആ മൂവായിരം പേരും ജലത്തിൽ മുങ്ങിയാണോ ജ്ഞാനസ്നാനം സ്വീകരിച്ചത്? അങ്ങനെയാണെങ്കിൽ ഏതു നദിയിൽ? എന്ന് ചോദിക്കാൻ ഹെർഗോ പഠനപരമ്പയുടെ വായനക്കാർക്ക് സാധിക്കട്ടെ. നമ്മുടെ സഭയിലുള്ള വിശുദ്ധ മാമോദീസ ക്രമം അപ്പസ്തോലിക കാലംമുതൽ നമ്മിലേക്ക് എത്തിച്ചേർന്നതാണ്. ജലത്തിൽ മുങ്ങിയുള്ള ജ്ഞാനസ്നാനം അസാധുവാണെന്ന് പരിശുദ്ധ കത്തോലിക്കാസഭ കരുതുന്നില്ല. പക്ഷേ, ഒരു സാർവ്വത്രികരൂപം എന്ന നിലയ്ക്ക് അത് പ്രായോഗികമല്ല. സഭയിൽ ജ്ഞാനസ്നാനം നല്കുന്നത് തല യിൽ വെള്ളം ഒഴിച്ചുകൊണ്ടാണ്. ഇതിന് കാരണം, ചില പ്രദേശങ്ങളിൽ ആവശ്യത്തിനു ജലം ലഭ്യമല്ല എന്നതാണ്. കൂടാതെ, ശിശുക്കളെ സംബന്ധിച്ച് പൂർണ്ണമായും വെള്ളത്തിൽ മുക്കുന്നത് ക്രൂരമായിരിക്കും. രോഗികൾക്ക് അത് മാരകവും. തടവുപുള്ളികൾക്ക് അസാദ്ധ്യവുമായിരിക്കും.

## ആദരാഞ്ജലികൾ



വന്ദ്യ. ഫാ. ജോർജ് പെരുവിങ്കൽ



ബഹു. സിസ്റ്റർ ജെയിൻ SIC

EXCLUSIVE



# ‘ഞെട്ടിച്ചു കളഞ്ഞ അമൂല്യ സമ്മാനം”



ജോബി ബേബി,
കുവൈത്ത്

കുവൈത്ത് മലങ്കര കത്തോലിക്കാ സമൂഹത്തിന്റെ (KMRM) ഭാഗമായ ബിനു ബേബിക്കും ലിജി ബിനുവിന്റെ കുടുംബത്തിനും ക്ലീമിസ് പിതാവിൽ നിന്നും ലഭിച്ച അമൂല്യ സമ്മാനത്തിന്റെ ഞെട്ടൽ ഇതുവരെ മാറിയിട്ടില്ല. പിതാവിന്റെ സമ്മാനത്തിന് ആധാരമായ സംഭവം ഞാൻ ചുവടെ പറയാം.

നവംബർ 1 തീയതി KMRM പേൾ ജൂബിലി സമാപനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് കുവൈത്ത് സന്ദർശനം നടത്തുകയുണ്ടായി. റോമിൽ നിന്നും ഒക്ടോബർ 27ആം തീയതി കുവൈത്തിൽ എത്തിച്ചേർന്ന പിതാവ് 31ആം തീയതി പിതാവ് ബഹുമാനപ്പെട്ട തോമസ് കാഞ്ഞിരമുകളിൽ അച്ചൻ, ജോൺ തുണ്ടിയത്ത് അച്ചൻ,ടൈറ്റസ് ജോൺ അച്ചൻ എന്നിവരുടെയും കാർമ്മികത്വത്തിൽ വൈകിട്ട് സിറ്റി കോ കത്തീഡ്രൽ ദേവാലയത്തിൽ ആയിരങ്ങൾ സാക്ഷ്യം വഹിച്ച ആഘോഷകരമയ ദിവ്യബലി



അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവാ സമ്മാനമായി കൊടുത്ത മാല.

അർപ്പിക്കുകയുണ്ടായി. ദിവ്യബലിയുടെ അവസാനം ഇപ്പോഴത്തെ KMRM ഡയറക്ടർ തോമസ് കാഞ്ഞിരമുകളിൽ അച്ചൻ ഏവർക്കും നന്ദി അർപ്പിച്ചു പ്രസംഗിക്കുകയുണ്ടായി. തുടർന്ന് KMRM ഭാരവാഹികൾ അറിയിച്ചതിനെ തുടർന്ന് ഈ വചന വർഷത്തിൽ ഒരു കുടുംബം ബൈബിൾ പകർത്തി എഴുതിയിട്ടുണ്ടെന്നും പിതാവ് ആ ബൈബിൾ ആശീർ വദിക്കണമെന്നും അറിയിച്ചു. പിതാവിന് ഇത് കേട്ടപ്പോൾ വലിയ സന്തോഷമായി. ആ കുടുംബത്തോട് ബൈബിളുമായി മുന്നിലേക്ക് വരാൻ അറിയിക്കുകയും അവർ എത്തുകയും ചെയ്തു, പിതാവ് ബൈബിൾ തുറന്ന് നോക്കുകയും വളരെ മനോഹരമായാണ് പകർത്തി എഴുതിയിരിക്കുന്നതെന്നും അറിയിച്ചു.

ബൈബിൾ പുതിയനിയമം മലയാളവും ഇംഗ്ലീഷും ലിജി ബിനു എഴുതിയിരുന്നു. രണ്ടും കണ്ട പിതാവിന് ഏറെ ഇഷ്ടപ്പെട്ടു. ബൈബിൾ ആശിർവദിച്ച പിതാവ്, ബൈബിളിൽ തന്റെ കൈയൊപ്പ് ചാർത്തുകയും, ഇംഗ്ലീഷ് ബൈബിൾ താൻ നാട്ടിലേക്ക് കൊണ്ട് പോകുകയാണ് എന്ന് അറിയിക്കുകയും ചെയ്തു. തുടർന്നാണ് ഏവരെയും ഞെട്ടിച്ച ആ സംഭവം നടന്നത്. KMRM പ്രതിനിധികൾ ബൈബിൾ എഴുതിയ ഇവർക്ക് എന്തെങ്കിലും സമ്മാനം കരുതിയിട്ടുണ്ടോ എന്ന് പിതാവ് ചോദിച്ചു, എന്നാൽ ആ സമയം ആ കുടുംബത്തിന് നൽകാൻ ഒരു സമ്മാനവും കരുതിയിരുന്നില്ല. എന്നാൽ പിതാവ് പറഞ്ഞത് "എനിക്ക് ഇവരെ വെറും കൈയ്യോടെ വിടാൻ മനസ്സ് വരുന്നില്ല, എന്തെങ്കിലും ഇവർക്ക് നൽകണം എന്ന് അറിയിച്ചു'' തുടർന്നാണ് പിതാവ് താൻ കുർബാനയ്ക്ക് കഴുത്തിൽ ഇട്ടു കൊണ്ട് വന്ന മാല ഊരി കുടുംബത്തിന് നൽകി. അക്ഷരാർഥത്തിൽ അവിടെ കൂടിയിരുന്ന എല്ലാവരും പിതാവിന്റെ ഈ സമ്മാനം കണ്ടു ഞെട്ടിപ്പോയി.''ഈ മാല നിങ്ങൾ കഴുത്തിൽ ധരിക്കാൻ പാടുള്ളതല്ല, സൂക്ഷിച്ച് ഭദ്രമായി വയ്ക്കണം'' എന്നും അറിയിച്ചു. തുടർന്ന് അവരേയും കുടുംബത്തെയും പ്രാർത്ഥിച്ചു അനുഗ്രഹിച്ച് വിട്ടു. കുവൈത്തിലെ മലങ്കര സഭാ മക്കൾക്ക് ഏറെ സന്തോഷത്തിന്റെ ദിനമായി അത് മാറി.


സമ്മാനത്തിനും പിതാവിന്റെ അനുഗ്രഹത്തിനും അർഹരായ ബിനു ബേബിയും ലിജി ബിനുവുമായി നടത്തിയ സംഭാഷണം ചുവടെ :

**1. പിതാവിന്റെ ഈ സമ്മാനത്തെക്കുറിച്ച്?**

ഞങ്ങൾ ഒരിക്കലും പ്രതീക്ഷിച്ചില്ല ഇപ്രകാരം നടക്കുമോ എന്ന്. പകർത്തി എഴുതിയ ബൈബിൾ ഒന്ന് പിതാവിനെ കണ്ടു ആശിർ വദിക്കണമെന്നാണ് കരുതിയത്, പക്ഷേ ഞങ്ങൾ തന്നെ ഞെട്ടിപ്പോയി എപ്പോഴും പിതാവ് നൽകിയ സമ്മാനത്തിന്റെ ഷോക്ക് മാറിയിട്ടില്ല.ഏറെ സന്തോഷം ഇതിലും വലിയ എന്താണ് ഇനിയുള്ളത്.



കാതോലിക്കാ ബാവാ തിരുമേനി
മാല സമ്മാനമായി കൊടുക്കുന്നു.


Holy Family Cathedral
Kuwait City
31-10-2024

+ Baselios Cardinal Cleemis
Major Archbishop - Catholicos

പിതാവ് ബൈബിളിൽ കൈയൊപ്പ് ചാർത്തിയിരിക്കുന്നു


## 2. കുടുംബത്തെപ്പറ്റി, നാട്ടിലെ ഇടവകയെപ്പറ്റി

കഴിഞ്ഞ 10വർഷമായി കുവൈത്തിലെ ഒരു സ്വകാര്യ കമ്പനിയിൽ ജോലി നോക്കുന്ന ബിനു കുടുംബത്തോടൊപ്പം കുവൈത്തിൽ ആയിട്ട് അഞ്ച് വർഷമായി. ഇപ്പോൾ കുവൈത്തിലാണ് താമസം.ഭാര്യ ലിജി ഹൗസ് വൈഫ് ആണ്. രണ്ട് മക്കൾ,നേഹയ ബിനു ഏഴാം ക്ലാസ്സിൽ പഠിക്കുന്നു, രണ്ടാമത്തെയാൾ നഥാനിയ ബിനു നാലാം ക്ലാസ്സിൽ പഠിക്കുന്നു. രണ്ട് പേരും കുവൈത്തിലെ സൈബോർഡ് ഓൺലൈൻ സ്കൂളിൽ പഠിക്കുന്നു. നാട്ടിൽ അടൂരിന് സമീപമുള്ള ഏനാത്ത് സെന്റ് ജോർജ് മലങ്കര സിറിയൻ കാത്തോലിക്കാ ഇടവക അംഗമാണ്.ഇടവക വികാരിയായ ജോസഫ് കടകമ്പള്ളിൽ അച്ചനാണ് ഇപ്പോൾ പള്ളിയെ നയിക്കുന്നത്.


## 3. എന്ന് മുതലാണ് ബൈബിൾ എഴുതാൻ ആരംഭിച്ചത്?

മലയാളത്തിലും ഇംഗ്ലീഷിലും പുതിയ നിയമമാണ് എഴുതിയത്.മലയാളത്തിലുള്ള പുതിയ നിയമം തുടങ്ങിയത് 8/11/2022 അവസാനിച്ചത് 25/06/2023. ഇംഗ്ലീഷിലുള്ള പുതിയ നിയമം തുടങ്ങിയത് 11/01/2024 അവസാനിച്ചത് 15/08/2024. പ്രവാസ ജീവിതത്തിൽ ഏറെ തിരക്കുകൾ ഉണ്ടെങ്കിലും ഭർത്താവായ ബിനുവിന്റെയും മക്കളുടെയും പൂർണ്ണമായ പിന്തുണയും സപ്പോർട്ടും







എഴുതുന്നതിന് കൂടെ ഉണ്ടായിരുന്നു. തുടക്ക സമയത്ത് ഇത് പൂർത്തിയാക്കാൻ സാധിക്കുമോ എന്ന് അറിഞ്ഞിരുന്നില്ല, എന്നാൽ ദൈവകൃപ ഒന്ന് കൊണ്ട് മാത്രമാണ് എനിക്കത് സാധിച്ചത്.



The Gospel According to
MATTHEW



മത്തായി എഴുതിയ സുവിശേഷം



ഉള്ളടക്കം

പുതിയ നിയമം

**4. എന്തായിരുന്നു ബൈബിൾ പകർത്തി എഴുതാൻ ഉള്ള പ്രേരണ?**

ലിജി ബിനു പറയുന്നത്, ‘2022ൽ മൗണ്ട് കർമ്മേൽ ധ്യാന കേന്ദ്രത്തിൽ ഒരു ധ്യാനം കൂടാൻ പോയപ്പോൾ അവിടെയുണ്ടായിരുന്ന ഒരു അച്ചൻ
(പേര് കൃത്യമായി ഓർക്കുന്നില്ല)ലിജിയുടെ കൈയക്ഷരം ശ്രദ്ധിക്കുകയും ബൈബിൾ എഴുതുന്നത് നല്ലതായിരിക്കും എന്ന് അറിയിക്കുകയും ചെയ്തു. കൂടാതെ കഴിഞ്ഞ കുറേ നാളുകളായി (കൃത്യമായി പറഞ്ഞാൽ 7വർഷമായി )ഡാനിയൽ പൂവണത്തിൽ അച്ചന്റെ ബൈബിൾ സ്റ്റഡി ഫോളോ ചെയ്യുന്നുണ്ട്. ഈ കാര്യങ്ങളാണ് എന്നെ ഇപ്രകാരം പകർത്തിയെഴുതാൻ സഹായിച്ചത്.

**5. ഇനി എന്താണ് അടുത്തത്?**

ഇപ്പോൾ മലയാളവും ഇംഗ്ലീഷും പഴയ നിയമം എഴുതാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. മലയാളം പഴയനിയമം തുടങ്ങി. ദൈവകൃപയിൽ അതും സാധിക്കും എന്ന് കരുതുന്നു. ദൈവത്തോട് കൂടുതൽ അടുക്കാൻ അത് സാധിക്കും എന്ന് കരുതുന്നു

വീഡിയോ
കാണുന്നതിനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക



# മലങ്കര സഭാ ചരിത്രം
(ഭാഗം 10)



ബിനു തോമസ്

## വൈദേശിക ആധിപത്യത്തിന്റെ 54 വർഷങ്ങൾ

ഉദയംപേരൂർ സുനഹദോസ് മുതൽ 1608 വരെയുള്ള വർഷങ്ങൾ നാം കഴിഞ്ഞ ലക്കത്തിൽ ചർച്ച ചെയ്തിരുന്നുവല്ലോ.

1608 ഡിസംബർ 22ന് അങ്കമാലിയുടെ മെത്രാപ്പോലീത്തൻ പദവി പുനസ്ഥാപിക്കപ്പെട്ടെങ്കിലും 1609 മുതൽ അങ്കമാലി എന്ന ഇന്ത്യ മുഴുവന്റെയും പൗരാണിക ഭദ്രാസനനാമം ഇല്ലാതായി അത് കൊടുങ്ങല്ലൂർ എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തു. 1610 ൽ കൊച്ചി, കൊടുങ്ങല്ലൂർ, മൈലാപ്പൂർ എന്നീ ഭദ്രാസനങ്ങളുടെ അതിർത്തികൾ ഡോം മെനെസിസ് പുനർ നിർണയിച്ചു. ഏതാനും മാർത്തോമ്മാ നസ്രാണി പള്ളികൾ കൊച്ചിക്ക് നൽകപ്പെട്ടു. ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്ത എന്ന പദവി കൊടുങ്ങല്ലൂർ എന്ന് പുനർനാമകരണം ചെയ്ത അങ്കമാലിക്ക് നഷ്ടമായി. പാദ്രുവാദോയിൻ കീഴിലുള്ള ഒരു പ്രാദേശിക മെത്രാസനം എന്ന നിലയിലേക്ക് അത് ചുരുങ്ങി. പോർട്ടുഗൽ രാജത്വത്തിനും ഗോവ മെത്രാപ്പോലീത്തയ്ക്കും കീഴിലെ ഒരു രൂപത മാത്രമായി അത്.

റോസ് എസ് ജെ മെത്രാൻ ആരാധനക്രമം, കുർബാന, യാമ പ്രാർത്ഥന എന്നിവയെല്ലാം ലത്തീനികരിച്ചു. പ്രാചീനമായ പൗരസ്ത്യ സുറിയാനി ക്രമങ്ങൾക്ക് പകരമായി പോർത്തുഗൽ രാജ്യത്തെ ബ്രാഗ എന്ന രൂപതയിൽ നിലവിലിരുന്ന റോമൻ ആരാധനക്രമത്തിന്റെ സുറിയാനി



പരിഭാഷ ഇവിടെ നടപ്പിലാക്കി.
റോമൻ പൊന്തിഫിക്കലിന്റെ ഭാഗങ്ങൾ സുറിയാനിയിലേക്ക് തർജ്ജിമ ചെയത് കുർബാന ക്രമം റോമൻ മിസ്സാലിനനുസരിച്ച് ക്രമീകരിച്ചു. അങ്ങനെ മാർതോമ്മ ക്രിസ്ത്യാനികൾക്ക് തങ്ങളുടെ ആരാധനാക്രമം, കുർബാന തക്സ, യാമ നമസ്കാരങ്ങൾ ഇവ എന്നേക്കുമായി അതിന്റെ പൂർണ്ണരൂപത്തിൽ നിന്നും നഷ്ടമായി. കൊച്ചി മെത്രാന്മാരായിരുന്ന ഫ്രാൻസിസ്കൻ സഭക്കാരുമായി ഈശോ സഭയുടെ (SJ) നിരന്തരമായ പോരാട്ടവും തുടർന്നു. ഇക്കാല ഘട്ടത്തിൽ തന്നെ ( കുരിശിന്റെ ) ഗീവർഗീസ് അർക്കാദിയോക്കനെ റോസ് മെത്രാൻ സ്ഥാനഭ്രഷ്ടനാക്കുകയും മഹറോൻ ചൊല്ലുകയും ചെയ്തു എന്നാൽ നസ്രാണികൾ അർക്കദിയൊക്കന്റെ കീഴിൽ ഒറ്റക്കെട്ടായിരുന്നു.

1615 ഈ മഹറോൻ ശിക്ഷയിൽ നിന്നും അദ്ദേഹത്തെ മോചിപ്പിക്കേണ്ടി വന്നു. 1618 ൽ റോസും അർക്കദിയോക്കനും തമ്മിൽ ആയുധ സംഘട്ടനം വരെ ഉണ്ടായി. അശാന്തിയുടെ ആദ്യപർവ്വം 1624 ഫ്രാൻസിസ് റോസിന്റെ നിര്യാണത്തോടെ അവസാനിച്ചു. സ്റ്റീഫൻ ബ്രിട്ടോ എസ് ജെ യായിരുന്നു തുടർന്ന് മെത്രാനാക്കപ്പെട്ടത്. ഫ്രാൻസിസ് റോസിന് സുറിയാനി അറിയാമായിരുന്നെങ്കിൽ ബ്രിട്ടോയ്ക്ക് തദ്ദേശീയ ഭാഷയിലുള്ള വ്യുത്പതി പോലും കമ്മിയായിരുന്നു. ഇത് സാഹചര്യങ്ങൾ കൂടുതൽ വഷളാക്കി. ഇക്കാലം കൊണ്ട് റോമൻ കത്തോലിക്ക സഭയിലെ ഫ്രാൻസിസ്കന്മാർ (കൊച്ചി) ഡൊമിനിക്കൻസ് ( കടുത്തുരുത്തി) ഈശോ സഭ (അമ്പഴക്കാട്, പറവൂർ ) കർമ്മലീത്തക്കാർ (കുറവിലങ്ങാട്) എന്നീ സന്യാസ സഭകൾ വിവിധ കാരണങ്ങളാൽ മത്സരബുദ്ധിയോടെ കേരള ഭൂവിഭാഗത്തിൽ പ്രവർത്തനം ആരംഭിച്ചു. മാർത്തോമാ നസ്രാണികളെ കത്തോലിക്കാരാക്കുകയന്ന 'ദൗത്യം' ഇവർ തകർത്ത് അഭിനയിച്ചു. അങ്ങനെ നസ്രാണികളുടെ നടുവൊടിഞ്ഞു. അർക്കാദിയോക്കൻ (കുരിശിന്റെ) ഗീവർഗീസ് 1637-ൽ നിര്യാതനായി. തോമാ അർക്കാദിയോക്കന്റെ പിൻഗാമിയായി. 1641-ൽ സ്റ്റീഫൻ ബ്രിട്ടോ നിര്യാതനായി. ഫ്രാൻസിസ് ഗാർസിയ എസ് ജെ മെത്രാനായി.

പുതിയ മെത്രാനും അർക്കാദിയോക്കനും തമ്മിൽ ശക്തമായ ഏറ്റുമുട്ടൽ ആരംഭത്തിൽ തന്നെയുണ്ടായി. കാലക്രമേണ ഇത് ആയുധധാരികളായ സംഘങ്ങളുടെ ഏറ്റുമുട്ടലുകളായി വളർന്നു. അർക്കദിയോക്കൻ തോമ്മാ പുരാതന പാത്രിയാർകേറ്റുകളായ അലക്സാണ്ട്റിയാ അന്ത്യോക്യ, ബാബിലോൺ എന്നിവയുമായി രഹസ്യ കത്തിടപാടുകൾ നടത്തിയിരുന്നതായും റോമുമായി നേരിട്ട് ഈശോ സഭയുടെ ശത്രുക്കളായ കർമ്മലീത്തക്കാർ വഴി കത്തിടപാടുകൾ നടത്തിയിരുന്നതായും പറയപ്പെടുന്നു.

1661ആയതോടെ പോർച്ചുഗീസ് ആധിപത്യം കേരളത്തിൽ ക്ഷയിച്ചു തുടങ്ങി. ഡച്ചുകാർ കേരള തീരത്തെത്തി കൊല്ലവും, മലബാറും തുടർന്ന് കൊച്ചിയും ഡച്ച് ആധിപത്യത്തിലേക്ക് നീങ്ങി. കൊച്ചിയിലെ പോർച്ചുഗീസ് അനുകൂല രാജാവ് വധിക്കപ്പെട്ടു. ഡച്ചു പക്ഷക്കാരനായ പുതിയ കൊച്ചി രാജാവ് അവരോധിതനായി. കൊച്ചിയിലെ മന്ത്രി കുടുംബമായ പാലിയത്തച്ചൻമാർ ഡച്ചുകാരോടൊപ്പം ചേർന്നു. അങ്ങനെ പുതിയ ഭരണയുഗം ആരംഭിച്ചു കോളനി അധിനിവേശത്തിന്റെ പോർച്ചുഗീസ് മുഖം അസ്തമിച്ചു.

തുടരും



# കനൽ



ഫാ. ബെന്നി നാരകത്തിനാൽ

**‘കൂട്ടുകാരാ, ഭീരുത്വം മൂലം ഒരി ക്കലും
ഒരു പട്ടി കുരയ്ക്കാതി രിക്കുന്നില്ല.
ഇതാ കാലൻ, ഇതാ കള്ളൻ, ഇതാ ജാരൻ,
ഇതാ പിരിവുകാരൻ, ഇതാ വിരുന്നു
കാരൻ വരുന്നെന്ന്,
പട്ടി എപ്പോഴും സ്വന്തം ദർശനം അപ്പാടെ
വിളിച്ചുപറയുന്നു.
കൂട്ടുകാരാ,പറയേണ്ടത് പറയാതെ,
ഒരു പട്ടിപോലും അല്ലാതെ,
വാലുപോലും ഇല്ലാതെ,
നരകത്തിൽ പോലും പോകാതെ
ഈ സൗധങ്ങളിൽ
നാം ചീഞ്ഞു നാറുന്നു.**

കെ. ജി ശങ്കരപ്പിള്ള (കഷണ്ടി)

വർത്തമാനകാല ചരിത്രത്തോടുള്ള എന്റെ പ്രതികരണ മാതൃകയെ കുറെ നാളുകൾ കൊണ്ട് ഒന്നു മനസിലാക്കാൻ ഞാൻ ശ്രമിക്കുന്നുണ്ട്. ധീരമായ ചുവടുവയ്പ്പുകളെയും, ആത്മത്യാഗഭരിതമായ മുന്നേറ്റങ്ങളെയും എവിടെയെങ്കിലുമൊക്കെ വച്ചു കണ്ടാൽ എനിക്കു തിരിച്ചറിയാമെന്നതൊഴിച്ചാൽ, സ്വന്തം സഹോദരൻ കൺമുൻപിൽ പീഡിപ്പിക്കപ്പെടുന്ന വാർത്ത പത്രങ്ങളിൽ വായിക്കുമ്പോഴും അല്
പായുസ്സായ ധാർമ്മിക രോഷത്തിന്റെ ഉടമയാകുമെന്നതിലുപരി എന്റെ സുരക്ഷിതത്വം വിട്ടൊരു കളിയ്ക്ക് ഞാനൊരുമ്പെടാറില്ല.
ഇനി വരുന്നതും കൂട്ടി നാല്പതോളം ദുഃഖവെള്ളികൾ ആചരിച്ചുവെങ്കിലും ഈ കാലഘട്ടത്തിലെ കുരിശുമരണങ്ങളും കലാപങ്ങളുമൊക്കെ എനിയ്ക്ക് രസം കൊല്ലിക ളായി തീർന്നിരിക്കുന്നു. മനസാക്ഷിയെ ജീർണ്ണമാക്കുന്ന വിഷയങ്ങളെ പത്രപാരായണം ചെയ്തു ഞാൻ ഉപരിവിപ്ലവങ്ങളിൽ പങ്കുകൊള്ളുന്നു എന്നതിനപ്പുറം തീവ്രമായ ഒരു ജീവിക്കലിന് വഴിപ്പെടാതെ പോകുകയെ ന്നതാണ് എന്റെ ദുഃഖം.

ഖലിൽ ജിബ്രാന്റെ ഒടിഞ്ഞ ചിറകുകളിൽ അദ്ദേഹം പറയു ന്നുണ്ട്. അനശ്വരവും ഉത്കൃഷ്ടവുമായ നിയമങ്ങളുടെ അർത്ഥം മനസ്സി ലാക്കാനാവാത്തവിധം നൂറ്റാണ്ടുകളായി മനുഷ്യസമൂഹം ദുഷിച്ച് നിയമ ങ്ങൾക്ക് കീഴടങ്ങിയിരിക്കുകയാണ്. മെഴുകുതിരിയുടെ മങ്ങിയ വെളിച്ചം കണ്ടു ശീലിച്ച് ഒരുവന് സൂര്യ വെളിച്ചം കാണാനാവില്ല. ഈ രോഗം ജനതയുടെ ഭാഗമായി മാറിയിരിക്കുന്നു. സമർത്ഥരും ശക്തരും എന്റെ സഹജീവിയുടെ മേൽ സവാരി നടത്തുമ്പോൾ മനുഷ്യസവാരി പാതക മാണെന്ന് വിളിച്ചുപറയാൻ എന്റെ മനസ്സ് സന്നദ്ധമാകുന്നില്ല. ക്രോധം നിറഞ്ഞ, എന്നാൽ ഏകാകിയായ എന്റെ വിഷാദ ലോകത്തിൽ ഇത്തരം അനീതിക്കെതിരെ നിശബ്ദമാകുന്ന എന്റെ ആത്മാവിന് ഏതു വാക്കുകൾ കൊണ്ട് വിലാപകാവ്യം കുറിക്കണമെന്നുപോലും എനിക്കറിഞ്ഞുകൂടാ.

എങ്ങനെയാണെന്റെ ശബ്ദം ഉയരുക സ്വരം നാവിന്റെ കഴി വാണോ? ഏതായാലും ഉടലിന്റെ ശക്തി കൊണ്ട് മാത്രം ശബ്ദം പുറപ്പെടുവിക്കാനാവില്ല. ജീവനില്ലാത്ത മാംസത്തിന്റെ ആയുസ്സ് ഇരുപത്തി നാല് മണിക്കൂറുകൾ മാത്രം. ഏറിയാൽ അത് മുപ്പത്തിയാറ്. എങ്കിൽ പിന്നെ ഏതു ശക്തിയും തുടങ്ങുക, പ്രാണനിൽ തന്നെ. സംസ്കൃത പ ദമാണ് പ്രാണൻ. എല്ലാ മതങ്ങളും അംഗീകരിക്കുന്നുണ്ടത്. ജപ്പാൻകാരൻ അതിന് “”In’ എന്നു പേരിട്ടു. ചൈനാക്കാരൻ ‘Nn’ എന്നും. ഗ്രീക്കുകാരന് ‘ന്യൂമ’യാണ്. ഹെബ്രായന് ‘റൂഹാ’, നില നില്പിന്റെ വെല്ലുവി ളികൾക്കിടയിലും ജീവിക്കാൻ പ്രേരണ നൽകുന്ന ഒരു ഉൾവിളിയാണത്. വിവരിക്കാനാവാത്ത പ്രപഞ്ചതാളബോധവും ക്ഷണികമായ ശരീരത്തി നുള്ളിലെ അനശ്വരതയും തിരിച്ചറിയുന്ന ഏതോ ഒരു സൗഭാഗ്യം. ഈ ആത്മ അടയാളത്തെ ജെയിംസ് അല്ലൻ എന്ന ചിന്തകൻ കെട്ടിടത്തിന്റെ അസ്ഥിവാരത്തോട് ഉപമിക്കുന്നു. കെട്ടിടത്തെ നിലനിർത്തുന്ന, അതേസമയം മറഞ്ഞിരിക്കുന്ന നീരിക്ഷിക്കപ്പെടാനാവാത്ത ഒരു അവസ്ഥ. സെന്റ് അഗസ്ത്യൻ ഈ പ്രാണന്റെ ആവാസത്തെ തീവ്രമായ ഏകാന്തതയിലും തപസ്സിലും അനുഭവിച്ചിട്ട് വിളിച്ചു. വൈകി വന്ന സൗഭാഗ്യം. അതിനായി വിശുദ്ധൻ അനുഭവിച്ച മുറിവുകൾക്ക് പറുദീസായിൽ നിന്നു എറിഞ്ഞുതന്ന മുള്ളിന്റെ മൂർച്ചയുള്ള സുഖമുണ്ടെന്നു പറഞ്ഞു. ഈ യോഗശക്തി കൊണ്ടാണ് ചരിത്രം ശുദ്ധീകരിക്കപ്പെടുക. ചരിത്രത്തെ ഭൂതകാല അനുഭവമായി മാത്രം മാറ്റി നിർത്താനാവില്ല. പ്രശ്നങ്ങളിൽ ചിലത് ഇന്നും നില നില്ക്കുന്നതിനാൽ ഭൂതകാലം സമകാലിക ചരിത്രമായി മാറുന്നു. ചില കാഴ്ച്ചപ്പാടുകളിൽ എല്ലാ ചരിത്രവും സമകാലിക ചരിത്രമാണ്. അവഗണിക്കപ്പെട്ട മനുഷ്യന്റെ നൊമ്പരങ്ങളിൽ ഒരു ദൈവം മറഞ്ഞിരിപ്പുണ്ടെന്ന് കാണാൻ, ഈ ശ്രേഷ്ഠശക്തി ഇടപെടേണ്ടിയിരിക്കുന്നു. ഈ ആത്മബന്ധമായ കർമ്മപദത്തിന് കാതോർക്കുമ്പോഴാണ് വിമോചനഭേരി നമ്മുടെ ഹൃദയത്തിൽ മുഴങ്ങി കേൾക്കുന്നത്.

ദൈവിക സത്യങ്ങളുടെ ഞാറ്റുവേലയ്ക്കു തടമൊരുക്കുന്ന കരുത്തിന്റെ ആൾരൂപമാണ് ഞാനെന്ന് തിരിച്ചറിയാൻ കാത്തിരിക്കേണ്ടി വരുമോ എനിയ്ക്ക് പാടത്തും വരമ്പത്തും പണിയെടുത്ത പട്ടിണി കോലങ്ങളുടെ ഞെരുക്കവും ഞരക്കവും ആകാശങ്ങളിലേക്കുയർന്നപ്പോൾ അവയ്ക്കുള്ള ദൈവത്തിന്റെ മറുപടിയായിരുന്നു പ്രവാചകൻ.

പഴയ നിയമത്തിന്റെ ബാർബേറിയൻ സംസ്കാരത്തെ വചന കനലുകൊണ്ട് പൊള്ളിച്ചും പതിരു തിരിച്ചും എടുത്തവനാണ് പ്രവാചകൻ. പിഴുതെറിയാനും തകിടം മറിക്കാനും വെട്ടി നിരത്താ

നും നട്ടുവളർത്താനുമൊക്കെയായി കുറെ ജീവിതങ്ങൾ. പുതിയ നിയമത്തിലുമുണ്ട് ചിലർ. യേശുവിന്റെ കനലും കാറ്റുമായി തീർന്നവർ. ശിഷ്യൻ + റൂഹാ ശ്ലീഹാ എന്നു പറയുന്നതാവും കൂടുതൽ ശരി. ഗുരുവിന്റെ പുറകെ ആർക്കും നടക്കാനാവും. ശിഷ്യൻമാരൊക്കെ അങ്ങനെയാണ്. യൂദാസ് സ്കറിയോത്തോ ശിഷ്യനായിരുന്നു. പക്ഷേ ശ്ലീഹാ ആയില്ല. ഗുരുവിന്റെ നിശ്വാസം ഏല്ക്കുന്നവനാണ് ശ്ലീഹാ. താൻ കണ്ടതും കേട്ടതും തൊട്ടതും അനുഭവിച്ചതുമെല്ലാം ആദ്യം ഒരു ഓർമ്മയായും ക്രമേണ ദർശനമായും കൊണ്ടു നടന്നവൻ. ഓർമ്മകളുടെ തണലിൽ ഒരുവൻ പതുക്കെ പതുക്കെ ബലപ്പെടുന്നു. എടുത്തു പറയത്തക്ക കാര്യങ്ങളില്ലാതെയും ജീവിതത്തിനു വ്യാഖ്യാനങ്ങൾ നൽകാതെയും ജീവിച്ച് നാളുകളെ ഓർമ്മിച്ചെടുക്കുകയാണ് ഞാനും. എന്നിട്ടും ഏതോ ഒരു അദൃശ്യശക്തിയുടെ പിൻബലത്തിലാണ് എന്റെ ഓരോ ചുവടുവയ്പ്പും. ജീവിതപാഠങ്ങളൊക്കെ മരീചികയായി തോന്നിയിട്ടും ജീവിക്കാൻ പ്രേരിപ്പിക്കുന്ന എന്തോ ഒന്ന് ഉള്ളിൽ ഉറങ്ങുന്നതുപോലെ. അവിശ്വാസിക്കും വിശ്വാസിക്കുമുണ്ടാകും ഇത്തരം ഒരു പ്രേരണ. ഡച്ച് ചിത്രകാരൻ വിൻസെന്റ് വാൻ ഗോഗിന്റെ ജീവചരിത്രം കുറിച്ചിട്ട ഇർവിങ്ങ് സ്റ്റോൺ 1935 ൽ lust for life ൽ പറഞ്ഞു ‘വാൻഗോഗിനെപ്പോലൊരാളിലെ പ്രതിഭ ഉണർന്ന

ത് പ്രകൃതിയെ കീഴടക്കാനായിരുന്നു. അദ്ദേഹം അജയ്യനായി മരിച്ചു. തികച്ചും അന്തർമുഖനായി രുന്നു വിൻസന്റ്. നിലനില്പ്പിന്റെ
പോരാട്ടത്തിലായിരുന്നു അയാൾ. പ്രണയത്തി ന്റെയും വിഷാദത്തിന്റെയും നിഷേധത്തിന്റെയും വിശ്വാസത്തിന്റെയും നീരസത്തിന്റെയും ദാരിദ്ര ത്തിന്റെയുമൊക്കെ തട്ടകത്തിൽ ആവുന്നത്ര കളി കൾ ജയിച്ചുവന്നവൻ. അയാളെ സമൂഹം ഭ്രാന്ത നെന്നു മുദ്രകുത്തി, അപസ്മാരംകൊണ്ടയാൾ തളർന്നുപോയി. കൽക്കരിഖനി തൊഴിലാളിയാ യും മെത്തഡിസ്റ്റ് പുരോഹിതനായും അയാൾ ജീവിച്ചു. എല്ലാം നിലനില്പ്പിനു വേണ്ടിയുള്ള
പോരാട്ടമായി കണ്ടാൽ മതി. കാലത്തെ അഗാ ധമാക്കിയ ഒട്ടനവധി ചിത്രങ്ങളെ പൂർത്തിയാ ക്കിയിട്ടും ഉള്ളിലെ ഏതോ ഒരു സ്വരത്തിന് കാ തോർത്ത് വാൻഗോഗ് പറഞ്ഞു. എനിക്കിനിയും എന്റെ സ്വപ്നത്തിലെ സൂര്യനെ വരയ്ക്കാനായി ല്ലല്ലോ ദൈവമെ, അയാളുടെ പ്രതിഭ പ്രകൃതിയെ കീഴടക്കി. വിശ്വോത്തര ചിത്ര കാരനായി. എന്നി ട്ടും ഉള്ളിലെ സൂര്യന്റെ നിലവിളിയ്ക്കു മുമ്പിൽ അയാൾ നിസ്സഹായനായി. കാരിസത്തെ പ്രാണ ന്റെ പ്രതിഛായയായി കാണണം.

പഴയനിയമത്തിലെ പ്രവാചകദൗത്യം മൂന്നു ശൈലികളിൽ വായി ച്ചെടുക്കാമെന്നു തോന്നു ന്നു. ആദ്യത്തേത് ഒരു ജെറമിയാ ശൈലിയാണ്. ദൈവത്തോടു കലഹിച്ചും ജനത്തിനുവേണ്ടി വാദിച്ചും ഒരുതരം വിപ്ല വകാരി. സഹജീവിക്കു വേണ്ടിയാണ് അയാളുടെ നിലവിളികളത്രയും. ദൈവത്തോടുപോലും കയർക്കാൻ പോന്ന ഒരു വന്റെ ക്ഷോഭങ്ങളെല്ലാം പാവപ്പെട്ടവന്റെ ആർ ത്തനാദങ്ങൾക്കുള്ള ഉത്തരമായിരുന്നു. അയാൾ ഇങ്ങനെയാണ് പ്രാർത്ഥിച്ചതുപോലും: "എന്റെ ജനത്തിന്റെ വിലാപം ദേശ മെങ്ങും മുഴങ്ങുന്നതു കേൾക്കാൻ ആരുമില്ലെ? കർത്താവ് സീയോനി ൽ ഇല്ലെ? എന്റെ ജനത്തിന്റെ മുറിവ് എന്റെ ഹൃ ദയത്തെയും വ്രണിതമാ ക്കിയിരിക്കുന്നു. രണ്ടാമ ത്തേത് സ്നാപക യോഹന്നാന്റെ രീതിയാണ്.

ദൈവത്തെ പ്രഘോഷിച്ചും ലോകത്തോട് കല ഹിച്ചും ഒരാൾ. ഭൂമിയിൽ മുഴങ്ങിയ ആ സ്വരം ജനതകളുടെ ദുഷിച്ച പ്രവണതകൾക്കെതിരെ യുള്ള കലാപങ്ങളായിരുന്നു. സമൂഹത്തിന്റെ ചാപല്യങ്ങൾക്ക് വളഞ്ഞുകൊടു ക്കാത്ത ഒരുവ ന്റെ പ്രതിരോധ ശക്തിയാണ് ആ വാക്കുകളിൽ മുഴങ്ങുക. മോബ് മരുഭൂമിയിൽ ചിട്ടപ്പെടുത്തിയ സ്നാപകന്റെ വാക്കുകൾ ശബ്ദം ധരിച്ചത് ഇങ്ങ് ഗലീലിയിലെ ജനജീവിതത്തിന്റെ പാഠമുറിക ളിലായിരുന്നു. സ്നാപകന്റെ ഓരോ ചോദ്യങ്ങ ളും ജനകീയ പ്രതികരണത്തെ ഉണർത്താൻ പേ ാന്നതായിരുന്നു. ഞങ്ങൾ എന്തുചെയ്യണമെന്നാ യിരുന്നു അവർ ആവേശത്തോടെ ആരാഞ്ഞത്. ജനശക്തിയെ ഉണർത്തിയത് ജീവിതത്തെക്കുറി ച്ചുള്ള പ്രവാചകന്റെ വിപൽ സന്ദേശങ്ങളായിരു ന്നു. കാപട്യത്തിന്റെ വേരോട്ടമുള്ള സകല മേഖ ലയേയും സ്നാപകൻ വിമർശി ച്ചു. അവരുടെ വിമോചനത്തിനായി അവരിലെ ജനകീയ ശക്തി യെ ഉണർത്തിയെടുത്തു. അതിനെ ആസന്നമായ ദൈവരാജ്യ ഘടനയി ലേയ്ക്ക് പറിച്ചുനട്ടു. കാലം ഭൂമിയിൽ മുഴങ്ങിയ ആ വാക്കിനെ മുറിച്ചു താല ത്തിൽ വച്ചു. എന്നിട്ടും അതിന്നും കലഹിച്ചുകൊ ണ്ടെയിരിക്കുന്നു. ഈ കലഹം സരളമായ ഒരു മനുഷ്യദർശനം തന്നെയാണ്. മനുഷ്യനോടുള്ള ഒരുവന്റെ കലഹങ്ങൾക്ക് ദൈവദത്തമായ
ചാരുതകളുണ്ട്.

എസെക്കിയേൽ രീതിയാണ് മൂന്നാമത്തേത്. പ്രതി രോധിക്കാനാവാതെ ഒരു മനുഷ്യൻ. സ്വർഗ്ഗത്തി ന്റെയും ഭൂമിയുടെയും സർവ്വ മർദ്ദങ്ങളും ഏല് ക്കേണ്ടിവരുന്ന യാന്ത്രപ്പാവകണക്കെ ഒരാൾ. പഴയനിയമം അവനെക്കുറിച്ചു പറഞ്ഞതിങ്ങനെ യാണ്: "ദൈവമായ കർത്താവ് അരുളിചെയ്യുന്നു. ഇങ്ങനെ എസെക്കിയേൽ നിങ്ങൾക്ക് ഒരടയാളമാ യിരിക്കും (24:24). എങ്ങനെ എന്ന് ഞാനൊന്ന് വാ യിച്ചെടുക്കാൻ ശ്രമിച്ചു. ഒരു സ്വർഗ്ഗത്തിന്റെ മർദ്ദം പ്രവാചകൻ അനുഭവിച്ചത് വിചിത്രമായി തോ ന്നും. സമൂഹമധ്യേ ചില അടയാളങ്ങളാക്കിത്തീർ ക്കപ്പെട്ട മനുഷ്യനാണയാൾ. ഉള്ളിലെ സ്വരം നിര ന്തരം അയാളെ പീഡിപ്പിക്കും പോലെ. ദുഷ്ടനെ ശാസിക്കാതിരുന്നാൽ അവന്റെ രക്തത്തിന് നീയാ ണുത്തരവാദിയെന്ന് അയാളോട് ദൈവം. ഭൂമിയി ലെ എല്ല തെമ്മാടികളെയും തെരഞ്ഞുപിടിച്ച് ശാ സിക്കുക കൈവിട്ടൊരു കളി തന്നെയാണ്. പിന്നെ പറയുന്നു കയറുകൊണ്ട് നിന്നെതന്നെ കെട്ടുക. നാല്പതു ദിവസം വലതു ചരിഞ്ഞു കിടക്കണം. മുന്നൂറ്റി തൊണ്ണൂറുദിനങ്ങൾ ഇടതു ചരിഞ്ഞും. പത്തു പതിനാലു മാസങ്ങൾ എളുപ്പത്തിൽ പോ യികിട്ടി. അതുതീരും മുമ്പ അടുത്ത ജോലി, മനു ഷ്യപുത്രാ നീ വായ് തുറക്കുക. നിന്റെ നാവിനെ ഞാൻ അണ്ണാക്കിലൊട്ടിക്കുകയാണ്. പട്ടിണിയ്ക്കി ടാൻ പോകുന്നുവെന്നു സാരം. അതിനൊടുവിൽ കല്പന കിട്ടി, അപ്പമുണ്ടാക്കി ഭക്ഷിച്ചോളൂ, പ ക്ഷേ ഒരു വ്യവസ്ഥ. ചാണകം പുരട്ടി വേണം കഴി ക്കാൻ പിന്നീടയാളുടെ രൂപംപോലും സമൂഹമ ധ്യേ വികൃതമാക്കപ്പെട്ടു. വാളെടുത്ത് തലമുടിയും

താടിയും വെട്ടി കത്തിക്കുക. കണ്ണുകെട്ടി ഭിത്തി തുരന്ന് അതിലൂടെ തിടു ക്കത്തിൽ പുറത്തുകട ന്ന് നഗരം വിട്ടോടുക. ഇതുവരെ ഉള്ളിലെ മർദ്ദം അയാളെ മാത്രമെ ലക്ഷ്യമിട്ടിരുന്നുള്ളു. ഇപ്പോ ളിതാ സ്വന്തം സഖിയേയും അത് നോട്ടമിട്ടു. എസെക്കിയേൽ, നിന്റെ ഭാര്യയെ മരണത്തിനേ ല്പിക്കുകയാണ്. നീ വാവിട്ടു കരയരുത്, മറിച്ച് തലപ്പാവും ചെരുപ്പും ധരിച്ച് അവളെ സംസ്ക്ക രിക്കുക. കൂട്ടത്തിൽ പുഞ്ചിരിക്കാനും മറക്കരുത്. ഉള്ളിലെ ഈ അസ്വസ്ഥതയ്ക്കു വഴിപ്പെട്ട എസ ക്കിയേൽ ഏതു കാലത്തും ഒരടയാളമായും സാ ധ്യതയായും എന്റെ മുൻപിലുണ്ട്. ആദ്യമൊക്കെ ഈ അസുഖകരമായ സ്വരത്തെ പ്രവാചകൻ എതിർക്കും. പക്ഷേ അത് അവനെ നിർദ്ദയം കീ ഴ്പെടുത്തും. പരാജിതരായ വിപ്ലവകാരികളെയാ ണ് ദൈവത്തിനിഷ്ടംപോലും. അയാൾക്ക് ചിന്തി യ്ക്കാനുള്ള സ്വാതന്ത്ര്യമില്ല. അതിനാൽത്തന്നെ ഭാഷയുമില്ല. അയാളിലെ മാനസിക വ്യാപരങ്ങൾ ക്ക് നിലനിൽപ്പില്ല.

എന്നാലും ചൈതന്യം തുളുമ്പുന്ന ദൈവസാന്നി ധ്യത്തിന്റെ മുമ്പിലയാൾ കണ്ണു തുറന്നു പിടിച്ചി രിക്കുന്നു. അതുകൊണ്ടാണ് തന്റെ ഇരുണ്ട കാല ത്തിൽ അയാൾ മാത്രം ഉള്ളിലെ വെട്ടം കൊണ്ട് ചില അട യാളങ്ങൾ തീർക്കുന്നത്.

ദൈവം ദൈവത്തിനുവേണ്ടി അയാളിലൂടെ പ്ര വഹിക്കുകയാണ്.

ആധുനിക പ്രവാചകർക്കും ദർശകർക്കും ഇട യിൽ എസെക്കി യേൽ ഒരു വിമർശന അടയാ ളം കൂടിയാണെന്ന് തോന്നുന്നു. നവീന ദർശന ങ്ങളുടെയും പ്രവചനങ്ങളുടെയും നാട്യങ്ങളെ നിരാകരിക്കുന്ന, വാക്കുകളുടെ അമിത ഭാരത്തെ അവഗണിക്കുന്ന, ഒരു ധിഷണയുടെ നിലനില്പ ിനെ പരിചയപ്പെടുത്തുകയാണ് യഥാർത്ഥത്തിൽ എസക്കി യേൽ. അതുകൊണ്ട് അയാൾ സമൂഹ മധ്യേ സുരക്ഷിതനാകുന്നില്ല. പ്രവചനങ്ങൾ ഒരു ക്കുന്ന അപകടങ്ങളിലേയ്ക്കും സമൂഹം വിരി ക്കുന്ന കെണികളിലേയ്ക്കും അയാളും വീണു പോകുന്നു. ഈ മൂന്നു സാധ്യ തകളും പ്രവാ ചക വഴിയിലുണ്ട്. ജെറമിയായും, സ്നാപകന ും, എക്കിയേലും. ആദ്യത്തെ രണ്ടുപേരും കലഹ ങ്ങളുടെ ലോകത്താണ്. ഒടുവിലത്തെയാളാവട്ടെ, സംഭീതമായ മൗനമവലംബിച്ച് മരണത്തിന്റെ ശൈത്യവഴികളിലൂടെ ഒറ്റയ്ക്ക് നടക്കുകയും. എങ്കിലും അയാളും സമൂ ഹത്തിന്റെ രോഗാതു രതയോട് അടയാ ളങ്ങളിലൂടെ കലഹിക്കും. ഒരു സമൂഹത്തിന്റെ ജീർണ്ണതകൾ മുഴുവൻ ആ ചെറു ജീവിത പുസ്തകത്തിൽ സവിശേഷ ഉപമകളും അടയാളങ്ങളുമായി വരച്ചിട്ടിരിക്കുകയാണ്. ദൈവം ചിലപ്പോൾ അങ്ങനെയാണ്.

## ആദരാഞ്ജലികൾ




ചിന്നമ്മ മത്തായി (86)
മാവേലിക്കര ഭദ്രാ
സനാധ്യക്ഷൻ
ആബൂൻ ജോഷ്വാ മോർ ഇഗ്ന
ാത്തിയോസ് തിരുമേനിയുടെ
സഹോദരി



അന്നമ്മ തോമസ്
പട്ടിയാനിയ്ക്കൽ (86)



യോഹന്നാൻ
സാം കുഴിപ്പാറ കശീശോയുടെ
വത്സലപിതാവ്



# ഹിസോപ്പ് ചെടിയുടെ തണ്ട്

“ഒരു പാത്രം നിറയെ വിനാഗിരി അവിടെയുണ്ടായിരുന്നു. അവർ വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പു ചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു”. (യോഹന്നാൻ 19: 29).

‘ഒരു പാത്രം നിറയെ വിനാഗിരി അവിടെയുണ്ടായിരുന്നു. അവർ വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പു ചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു‘. (യോഹന്നാൻ 19: 29).

ബൈബിളിൽ പല പ്രാവശ്യം പരാമർശിച്ചിരിക്കുന്ന സുഗന്ധ ദ്രവ്യമായ ഹിസോപ്പ്, ബൈബിൾ ചരിത്രത്തിലും പ്രതീകാത്മ കതയിലും സവിശേഷമായ ഒരു സ്ഥാനം വഹിക്കുന്നു. ശുദ്ധീകരണ ഗുണങ്ങൾക്ക് പേരുകേട്ട ഈ ചെറിയ കുറ്റിച്ചെടി, പഴയ നിയമത്തിലും പുതിയ നിയമത്തിലും സുപ്രധാന നിമിഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നു, ഗന്ധത്തിൽ ആകർഷണീയവും രുചിയിൽ കയ്പുള്ളതുമായ ഹിസ്സോപ്പ് ചെടി മൂക്ക്, തൊണ്ട, ശ്വാസ കോശ സംബന്ധമായ അസുഖങ്ങൾക്കുള്ള പരമ്പരാഗത പ്രതിവിധിയാണ്. ഒപ്പം ചതവുകൾക്ക് ബാഹ്യമായി പ്രയോഗിക്കാനും ഇത് ഉപയോഗിക്കപ്പെടുന്നു.

**ജോസഫ് ജോർജ്ജ്**
**മൂവാറ്റുപുഴ ഭദ്രാസനം.**

ബൈബിളിലെ ഹിസോപ്പിനെക്കുറിച്ചുള്ള പരാമർശം കേവലം യാദൃശ്ചികമല്ല; ഏറ്റവും പ്രധാനപ്പെട്ട ചില മതപരമായ ആഖ്യാനങ്ങളുമായി അത് ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. പെസഹായുടെ പശ്ചാത്തലത്തിൽ അവിടെ ഒരു കുഞ്ഞാടിനെ ബലിയർപ്പിക്കാനും ഹിസ്സോപ്പു കമ്പു മുക്കി രണ്ടു കട്ടിളക്കാലുകളിലും മേൽപ്പടിയിലും തളിക്കുവിൻ. (പുറപ്പാട് 12:22) എന്ന് ദൈവം ഇസ്രായല്യരോട് നിർദ്ദേശിക്കുന്നു. അങ്ങനെ മരണത്തിന്റെ ദൂതൻ അത് കാണുമ്പോൾ അവൻ അത് കടന്ന് പോകും. യഹൂദ പാരമ്പര്യത്തിൽ, ഹിസോപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു, പ്രത്യേകിച്ച്

പെസഹായുടെ പശ്ചാത്തലത്തിൽ. ഇത് ഈജിപ്തിലെ യഥാർത്ഥ പെസഹായുടെ ഓർമ്മപ്പെടുത്തലായി വർത്തിക്കുന്നു, ഇത് ഇസ്രായേല്യരുടെ സഹിഷ്ണുതയെയും ദൈവത്തിന്റെ വിമോചനത്തെയും പ്രതീകപ്പെടുത്തുന്നു. യഹൂദന്മാർ ഹിസോപ്പ് കൊമ്പ് കൊണ്ട് യേശുവിന്റെ വായിൽ കുത്തിയ ഭാഗവും ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന പെസഹാ കുഞ്ഞാടിലേക്കും വിരൽ ചൂണ്ടുന്നു.

ലേവ്യ നിയമങ്ങളിൽ, ശുദ്ധീകരണ ചടങ്ങുകളിൽ, പ്രത്യേകിച്ച് കുഷ്ഠരോഗികളുടെ ശുദ്ധീകരണത്തിലും (ലേവ്യപുസ്തകം 14) ശുദ്ധീകരണ ജലം തയ്യാറാക്കുന്നതിലും (സംഖ്യകൾ 19) ഹിസോപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഈ ആചാരങ്ങൾ ആത്മീയ ശുദ്ധീകരണവുമായി ഹിസോപ്പിന്റെ ബന്ധത്തെ ശക്തിപ്പെടുത്തുന്നു.
പുതിയ നിയമത്തിൽ, യേശുവിന്റെ ക്രൂശീകരണ സമയത്ത് ഹിസോപ്പ് പ്രത്യക്ഷപ്പെടുന്നത് അവിടെ യേശുവിന് വിനാഗിരി നൽകാൻ ഹിസ്സോപ്പ് ചെടിയുടെ തണ്ട് ഉപയോഗിക്കുന്നു. പഴയതും പുതിയതുമായ നിയമ വിവരണങ്ങളെ ബന്ധിപ്പിക്കുന്ന ഈ പ്രവൃത്തി, വിനയത്തെയും കഷ്ടപ്പാടിനെയും പ്രതീകപ്പെടുത്തുന്നു.

ബൈബിളിലെ ഹിസ്സോപ്പിന്റെ പ്രതീകാത്മകത അതിന്റെ ഭൗതീക ഉപയോഗങ്ങൾക്കപ്പുറം ദൈവശാസ്ത്രത്തിന്റെയും ആത്മീയതയുടെയും മേഖലകളിലേക്ക് വ്യാപിക്കുന്നു. ശുദ്ധീകരണത്തിന്റെയും, ത്യാഗത്തിന്റെയും സന്ദർഭങ്ങളിൽ അതിന്റെ ആവർത്തിച്ചുള്ള പ്രമേയം, ആത്മീയ ശുദ്ധീകരണത്തിനും നവീകരണത്തിനുമുള്ള ഒരു രൂപകമായി നിലകൊള്ളുന്നു. ഹിസ്സോപ്പ് അതിന്റെ പ്രതീകാത്മക ഉപയോഗങ്ങളിലൂടെ, മനുഷ്യനും ദൈവവും തമ്മിലുള്ള ഒരു പാലമായി കാണപ്പെടുന്നു, അശുദ്ധിയിൽ നിന്ന് വിശുദ്ധിയിലേക്കുള്ള, പാപത്തിൽ നിന്ന് പാപമോചനത്തിലേക്കുള്ള യാത്രയെ അത് ഉൾക്കൊള്ളുന്നു.

ശുദ്ധീകരണത്തെയും രക്ഷയെയും സൂചിപ്പിക്കുന്നതിന് ആരാധനാക്രമ സന്ദർഭങ്ങളിലും മതപരമായ പഠിപ്പിക്കലുകളിലും ഇത് പലപ്പോഴും പരാമർശിക്കപ്പെടുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ പരാമർശിച്ചിരിക്കുന്നതുപോലെ ക്രൂശീകരണ സമയത്ത് ഹിസോപ്പ് ഉപയോഗിക്കുന്നത് പഴയനിയമ ശുദ്ധീകരണ ചടങ്ങുകളും വീണ്ടെടുപ്പിന്റെയും ത്യാഗത്തിന്റെയും പുതിയ നിയമ വിഷയങ്ങളും തമ്മിൽ ശക്തമായ ബന്ധം നൽകുന്നു. യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തെയും പുനരുത്ഥാനത്തെയും കുറിച്ച് ആഴത്തിലുള്ള ധാരണ നൽകുന്നു. ഇത് ശുദ്ധീകരണത്തിന്റെയും പുതുക്കലിന്റെയും പ്രതീകമായി വർത്തിക്കുന്നു,

വിശ്വാസികൾക്ക് ഹിസോപ്പിനെക്കുറിച്ചുള്ള ബൈബിൾ പരാമർശങ്ങളിൽ നിന്ന് വിലപ്പെട്ട പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയും. അതിന്റെ പ്രതീകാത്മകത പാപത്തിൽ നിന്നുള്ള ശുദ്ധീകരണം, ആത്മീയ വിശുദ്ധിയിലേക്കുള്ള യാത്ര, ത്യാഗപരമായ പ്രവൃത്തികളുടെ ആഴത്തിലുള്ള അർത്ഥങ്ങൾ എന്നിവയെക്കുറിച്ചുള്ള ചിന്തകളാണ്



പ്രദാനം ചെയ്യുന്നത്.

മലങ്കര സുറിയാനി സഭകളുടെ എല്ലാ കൂദാശകളിലും യാമ പ്രാർഥനകളിലും മുടക്കം കൂടാതെ ചൊല്ലുന്ന അനുതാപത്തിന്റെ സങ്കീർത്തനമാണ് അമ്പത്തി ഒന്നാം സങ്കീർത്തനം. ഇതിന്റെ ഏഴാം വാക്യത്തിൽ ദാവീദ് രാജാവിന്റെ അഭ്യർത്ഥന ഇപ്രകാരമാണ്. 'ഹിസോപ്പു കൊണ്ട് എന്നെ പവിത്രീകരിക്കണമേ! ഞാൻ നിർമലനാകും; എന്നെ കഴുകണമേ! ഞാൻ മഞ്ഞിനെക്കാൾ വെൺമയുള്ളവനാകും'. ഈ അഭ്യർത്ഥനയിൽ പാപത്തിൽ നിന്നും ശുദ്ധീകരിക്കപ്പെടുക എന്ന ആശയവുമായി ഹിസ്സോപ്പിനെ ബന്ധിപ്പിക്കുന്നു. പ്രായിശ്ചിത്തത്തിന്റെയും വീണ്ടെടുപ്പിന്റെയും അവസരങ്ങളിൽ അത് സാധാരണയായി അതിന്റെ പങ്ക് ഊന്നിപ്പറയുന്നു. നമ്മുടെ ഓരോ കൂദാശകളും, പ്രാർഥനകളും, വിശുദ്ധീകരണത്തിന്റെയും വീണ്ടെടുപ്പിന്റെയും ആയത് കൊണ്ടാണ് ഈ സങ്കീർത്തന ഭാഗം മുടക്കം കൂടാതെ നാം ചൊല്ലുന്നത്. ഈ വാക്യത്തിന് തുടർച്ചായി 'എന്നെ സന്തോഷ ഭരിതനാക്കണമെ, അവിടുന്ന് തകർത്ത എന്റെ അസ്ഥികൾ ആനന്ദിക്കട്ടെ'. തകർക്കപ്പെട്ട യേശുവിന്റെ അസ്ഥികളിൽ നിന്നാണ് പ്രത്യാശയുടെ ഉയിർപ്പ് സംജാതമാവുന്നത്.

മലങ്കര സുറിയാനി സഭകളുടെ ആരാധനാ ക്രമ വത്സരം ആരംഭിക്കുന്നത് കൂദോശ് ഈത്തോ (സഭയുടെ വിശുദ്ധീകരണം) ഞായറോട് കൂടിയാണ്. തുടർന്നങ്ങോട്ട് ഹൂദോശ് ഈത്തോ (സഭയുടെ നവീകരണവും) ഞായറും സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായറും, പരിശുദ്ധ ദൈവമാതാവിനോടുള്ള അറിയിപ്പ് ഞായറിനും ശേഷം നമ്മുടെ കർത്താവായ യേശുവിന്റെ ജനനപ്പെരുന്നാളിന്റെ മുന്നൊരുക്കമായ യൽദോ കാലത്തേക്ക് നാം പ്രവേശിക്കുന്നു. ഇക്കാലങ്ങളൊക്കെയും വിശുദ്ധീകരണത്തിന്റെ പ്രക്രിയകളാണ് നടക്കുന്നത്. വിശ്വാസ പ്രമാണത്തിൽ നാം ചൊല്ലുന്ന 'മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി, സ്വർഗ്ഗത്തിൽ നിന്നിറങ്ങി പരിശുദ്ധ റൂഹായിൽ നിന്നും, ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും ശരീരിയാത്തീർന്ന് മനുഷ്യനായി......' എന്ന ഭാഗം വിശുദ്ധീകരണത്തിൻെറ കാലഘട്ടങ്ങളാണ്. ക്രിസ്തുവാകുന്ന മണവാളൻ സഭയാകുന്ന മണവാട്ടിയെ പുൽകുവാനായി ഈ ലോകത്തിലേക്ക് നേരിട്ടല്ല അവതരിച്ചത്. മറിച്ച് വിശുദ്ധീകരണത്തിന്റെ പല ഘട്ടങ്ങളിലൂടെ യാത്ര ചെയ്താണ്. ഈ യാത്രകളിലെല്ലാം ഹിസ്സോപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. മനുഷ്യന്റെ രക്ഷക്കായി



അവതരിച്ച ദൈവ പുത്രൻ അൽഭുതങ്ങളിലും അടയാളങ്ങളിലും മനുഷ്യ വംശത്തിന് രക്ഷാകര സംഭവങ്ങളിലെ ഗന്ധങ്ങൾക്ക് ആകർഷണീയത പകർന്നെങ്കിൽ അതേ ഹിസ്സോപ്പ് തണ്ട് കൊണ്ട് ക്രിസ്തുവിന്റെ ക്രൂശികരണ സമയത്ത് കയ്പ് നീരും കുടിപ്പിച്ചതായ് കാണപ്പെടുന്നു. നമ്മുടെ ക്രിസ്തീയ ജീവിതവും ഹിസ്സോപ്പ് ചെടിയുടെ തണ്ടിനാൽ പൂരിതമാണ്. ഒരേ സമയം ക്രിസ്തീയ ജീവിതം ഗന്ധത്തിൽ ആകർഷണീയവും രുചിയിൽ കയ്പ്പേറിയതുമാണ്. അപ്പോഴാണ് നമ്മൾ മഞ്ഞിനേക്കാൾ വെണ്മയുള്ളവരായി തീരുന്നത്



# തീരത്തിന്റെ കണ്ണുനീർ..

**അഭിലാഷ് ലാസർ ജോർജ് തേരകത്ത്**
(ഹ്യൂമൻ റൈറ്റ്സ് കൗൺസിൽ ഓഫ് ഇന്ത്യ പത്തനംതിട്ട ജില്ല പ്രസിഡന്റ്, സെൻറ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്ക പള്ളി ഇളമണ്ണൂർ)

രണ്ടാഴ്ചക്കാലമായി 600 ഓളം കുടുംബം തങ്ങളുടെ കിടപ്പാടവും തീരവും നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയുള്ള നിരാഹാര സമരത്തിലാണ്... ജനാധിപത്യവും മതേതരത്വവും ലോകരാഷ്ട്രങ്ങളിൽ തന്നെ മാതൃകയായ രാജ്യം, ഇന്ത്യയിലേക്ക് വരൂ ഞങ്ങളാണ് ശരി ഇവിടെയാണ് ജനാധിപത്യത്തിൻറെ മാതൃക എന്ന് പറയാൻ നാം ശങ്കിക്കേണ്ടിയിരിക്കുന്നു. ജനിച്ചു വളർന്ന ഭൂമി വഖഫ് നിയമം മൂലം അടിസ്ഥാനരഹിതമായ വാദങ്ങൾ ഉന്നയിച്ചും ഭരണഘടനയെ തന്നെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുവെച്ചും രാജ്യത്തിൻറെ പ്രതിച്ഛായ തന്നെ തകർക്കാൻ ശ്രമിക്കുന്നു. ഇന്ത്യൻ ഭരണഘടനയ്ക്ക് മുകളിൽ
വഖഫ് സ്ഥാപിക്കാൻ ശ്രമിക്കുന്നു....

## എന്താണ് വഖഫ്?

ഇസ്ലാമിക മതവുമായി ബന്ധപ്പെട്ട് കിടക്കുന്ന ഈ ഒരു വാക്ക്. വളരെയേറെ കരുതലോടെ കൂടിയാണ് ഇസ്ലാം മതം കാണുന്നത്. വഖാഫ് ചെയ്യപ്പെട്ട ഭൂമി എന്നത് ഇസ്ലാമിൽ കാണപ്പെടുന്നത് അല്ലാഹുവിൻറെ ഭൂമി എന്നാണ് അതുകൊണ്ടു തന്നെ വഖഫ് ചെയ്യപ്പെട്ട ഭൂമി, വിൽക്കുവാനോ സമ്മാനം നൽകുവാനോ സാധിക്കുന്നതല്ല, വഖഫ് ചെയ്യപ്പെട്ട ഭൂമിയിൽ ഉള്ളത് എന്തും തന്നെയായാലും അതിൻറെ പൂർണ്ണ ഉത്തരവാദിത്വം അല്ലാഹുവിനാണ് എന്നാണ് വെപ്പ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ "വഖഫ്" എന്ന വാക്കിന്റെ ഉത്ഭവം "വഖുഫ" എന്ന അറബി പദത്തിൽ

നിന്നാണ്, തടങ്കലിൽ വയ്ക്കുക അല്ലെങ്കിൽ പിടിക്കുക അല്ലെങ്കിൽ കെട്ടുക, എന്നിങ്ങനെ നിർവചിക്കാം

ഒരിക്കൽ ഖലീഫ ഉമർ ഖൈബറിൽ ഒരു തുണ്ട് ഭൂമി സമ്പാദിക്കുകയും അത് ഏറ്റവും നല്ല രീതിയിൽ എങ്ങനെ ഉപയോഗിക്കാമെന്ന് മുഹമ്മദ് നബിയോട് (സ) ചോദിച്ചതായി ചരിത്രം പറയുന്നു. പ്രവാചകൻ പറഞ്ഞു: □സ്വത്ത് കെട്ടിവെക്കുക, പ്രയോജനം മനുഷ്യരുടെ ക്ഷേമത്തിനായി വിനിയോഗിക്കുക, അത് വിൽക്കുകയോ സമ്മാനത്തിനോ അനന്തരാവകാശത്തിനോ വിഷയമാക്കുകയോ ചെയ്യരുത്, അതിന്റെ ഉൽപ്പന്നങ്ങൾ നിങ്ങളുടെ മക്കൾക്കും ബന്ധുക്കൾക്കും ദരിദ്രർക്കും വേണ്ടി സമർപ്പിക്കുക. അല്ലാഹുവിന്റെ മാർഗം□. മുസ്ലിം നിയമപ്രകാരം ഭക്തിപരമോ മതപരമോ ജീവകാരുണ്യമോ ആയി അംഗീകരിക്കപ്പെട്ട ഏതൊരു ആവശ്യത്തിനും വേണ്ടി ഇസ്ലാം അവകാശപ്പെടുന്ന ഒരു വ്യക്തിയുടെ സ്ഥിരമായ സമർപ്പണമാണ് വഖഫ്.

## മുനമ്പവും വഖഫും ചരിത്രം

1902 – ൽ കേരളത്തിൽ എത്തിയ അബ്ദുൾ സത്താർ മൂസ ഹാജി സേട്ടിന് മത്സ്യത്തൊഴിലാളികളുടെ ഭൂമി ഒഴിച്ച് 404 ഏക്കർ ഭൂമിയും 60 ഏക്കർ വെള്ളക്കെട്ടും കൃഷി ആവശ്യയത്തിനായി പാട്ടത്തിന് കൊടുക്കുകയുണ്ടായി. 1948–ൽ അദ്ദേഹത്തിന്റെ പിൻഗാമിയായ സിദ്ദിഖ് സേട്ട് ഈ ഭൂമിരജിസ്റ്റർ ചെയ്തു വാങ്ങി. ഏകദേശം 50 വർഷക്കാലങ്ങൾക്കിടയിൽ ആ ഭൂമി പകുതിയും കടലെടുത്തു. 1934 –ൽ ഉണ്ടായ കടൽക്ഷോഭത്തിൽ മഹാരാജാവ് നൽകിയ ഭൂമിയിൽ പകുതിയിലേറെയും കടലെടുത്തു ഇവയിൽ മത്സ്യത്തൊഴിലാളികളും താമസിച്ചു കൊണ്ടിരുന്ന ഭൂപ്രദേശവും ഉൾപ്പെട്ടിരുന്നു. രജിസ്റ്റർ ചെയ്യപ്പെട്ട ഭൂമി സിദ്ദിഖ് സേട്ട് 1950 – ൽ കോഴിക്കോട് ഫറൂഖ് കോളേജ് മാനേജ്മെൻറ് കൈമാറി വിദ്യാഭ്യാസ




ആവശ്യയങ്ങൾക്കല്ലാതെ മറ്റൊരു ആവശ്യയത്തിനും ഫാറൂഖ് കോളേജ്മാനേജ്മന്റ് ഈ ഭൂമിയോ ഭൂമി വിറ്റുകിട്ടുന്ന പണമോ ഉപയോഗിക്കരുത്, ഫാറൂഖ് കോളേജ് ഏതെങ്കിലും കാലത്ത് ഇല്ലാതാകുന്ന പക്ഷം അന്ന് ഈ ഭൂമിയുണ്ടെങ്കിൽ തന്റെ സന്തതി പരമ്പരയ്ക്ക് അത് തിരികെ ലഭിക്കണം എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ആധാരമാണ് അന്ന് രജിസ്റ്റർ ചെയ്തിരുന്നത് എന്നാൽ, അതിൽ അറിഞ്ഞോ അറിയാതെയോ ആധാരത്തിൽ വഖഫ് പദം എഴുതിയിരുന്നു... ആയതിനാൽ ഈ ഭൂമി ഫാറൂഖ് കോളേജിന് ദാനം കിട്ടിയതായതുകൊണ്ട് വഖഫ് ചെയ്യപ്പെട്ടതുകൊണ്ടും മാത്രമാണ് ചില തല്പര കക്ഷികൾ

വഖഫ് വാദം ഉന്നയിക്കുന്നത്. സത്യത്തിൽ വഖഫ് നിയമം നമ്മുടെ രാജ്യത്ത് പാടുള്ളതല്ല. വഖഫ് നിയമത്തെ പ്രോത്സാഹിപ്പിക്കുവാനും പാടില്ല.

## വഖഫ് അടുത്തറിയാം

വഖഫ് (ഭേദഗതി) ബില്ല് പാർലമെൻറിൽ 2024 ന്റെ ലക്ഷ്യം, വഖഫ് സ്വത്തുക്കൾ നിയന്ത്രിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലുമുള്ള പ്രശ്നങ്ങളും വെല്ലുവിളികളും പരിഹരിക്കുന്നതിന്, 1995 ലെ വഖഫ് നിയമം ഭേദഗതി ചെയ്യുക എന്നതാണ്. ഇന്ത്യയിലെ വഖഫ് സ്വത്തുക്കളുടെ ഭരണവും നടത്തിപ്പും മെച്ചപ്പെടുത്താനാണ് ഭേദഗതി ബിൽ ശ്രമിക്കുന്നത് . മുൻ നിയമത്തിലെ പോരായ്മകൾ മറികടക്കാനും നിയമത്തിന്റെ പേരുമാറ്റം, വഖ്ഫ് നിർവചനങ്ങൾ പുതുക്കൽ, രജിസ്ട്രേഷൻ പ്രക്രിയ മെച്ചപ്പെടുത്തൽ, വഖഫ് രേഖകൾ കൈകാര്യം ചെയ്യുന്നതിൽ സാങ്കേതിക വിദ്യയുടെ പങ്ക് വർധിപ്പിക്കൽ തുടങ്ങിയ മാറ്റങ്ങൾ കൊണ്ടുവന്ന് വഖഫ് ബോർഡുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു ....

## മുസ്സൽമാൻ വഖഫ് ബിൽ

ആധുനിക ഇന്ത്യയിൽ വഖഫ് സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിന് കാലഹരണപ്പെട്ടതും അപര്യാപ്തവുമായ കൊളോണിയൽ കാലത്തെ നിയമനിർമ്മാണമായ മുസ്സൽമാൻ വഖഫ് നിയമം, 1923 റദ്ദാക്കുക എന്നതാണ് മുസ്സൽമാൻ വഖ്ഫ് ബില്ലിന്റെ പ്രാഥമിക ലക്ഷ്യം. 2024 1995-ലെ വഖഫ് നിയമത്തിന് കീഴിലുള്ള വഖഫ് സ്വത്തുക്കളുടെ ഭരണത്തിലും മാനേജ്മെന്റിലും ഏകീകൃതതയും സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുകയാണ് ഈ അസാധുവാക്കലിന്റെ ലക്ഷ്യം. വഖഫ് (ഭേദഗതി) ബിൽ, 2024 പാർലമെന്റിന്റെ സംയുക്ത സമിതിക്ക് വിട്ടു.

### ചോദ്യം.1 വഖഫ് എന്ന ആശയത്തിന്റെ ഉത്ഭവം എന്താണ്?

ഇന്ത്യയിൽ ഡൽഹി സുൽത്താനേറ്റിന്റെ ആദ്യ നാളുകളിൽ സുൽത്താൻ മുഇസുദ്ദീൻ സാം ഘോർ മുൾട്ടാനിലെ ജുമാ മസ്ജിദിന് അനുകൂലമായി രണ്ട് ഗ്രാമങ്ങൾ സമർപ്പിക്കുകയും അതിന്റെ ഭരണം ശൈഖുൽ ഇസ്‌ലാമിന് കൈമാറുകയും ചെയ്തപ്പോൾ വഖഫിന്റെ ചരിത്രം കണ്ടെത്താൻ കഴിഞ്ഞു. ഡൽഹി സുൽത്താനേറ്റും പിന്നീട് ഇസ്ലാമിക രാജവംശങ്ങളും ഇന്ത്യയിൽ തഴച്ചുവളർന്നതോടെ ഇന്ത്യയിൽ വഖഫ് സ്വത്തുക്കളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ബ്രിട്ടീഷ് ഭരണകാലത്ത് ലണ്ടനിലെ പ്രിവി കൗൺസിലിൽ വഖഫ് സ്വത്ത് സംബന്ധിച്ച തർക്കം അവസാനിച്ചപ്പോൾ ഇന്ത്യയിൽ വഖഫ് നിർത്തലാക്കുന്നതിന് ഒരു കേസ് ഉണ്ടായിരുന്നു. കേസ് പരിഗണിച്ച നാല് ബ്രിട്ടീഷ് ജഡ്ജിമാർ വഖഫിനെ " ഏറ്റവും മോശമായതും വിനാശകരവുമായ ഒരു ശാശ്വതത " എന്ന് വിശേഷിപ്പിക്കുകയും വഖഫ് അസാധുവാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നിരുന്നാലും, നാല് ജഡ്ജിമാരുടെ തീരുമാനം ഇന്ത്യയിൽ അംഗീകരിക്കപ്പെട്ടില്ല, 1913 ലെ മുസ്സൽമാൻ വഖഫ് മൂല്യനിർണ്ണയ നിയമം ഇന്ത്യയിലെ വഖഫ് സ്ഥാപനത്തെ രക്ഷിച്ചു. അതിനുശേഷം വഖഫുകളെ തടയാൻ ഒരു ശ്രമവും നടന്നിട്ടില്ല.

### ചോദ്യം.2. വഖഫ് നിയമത്തിലൂടെ ഇന്ത്യയിലെ വഖഫ് സ്വത്തുക്കളുടെ ഭരണത്തിലെ പ്രധാന നിയമനിർമ്മാണ മാറ്റങ്ങളും സംഭവവികാസങ്ങളും എന്തൊക്കെയാണ്?

വഖഫ് നിയമം, 1954 - സ്വാതന്ത്ര്യാനന്തരം മാത്രമാണ് വഖഫ് ശക്തിപ്പെടുത്തിയത്. 1954-ൽ പാസാക്കിയ വഖഫ് നിയമം വഖഫുകളുടെ കേന്ദ്രീകരണത്തിന് വഴിയൊരുക്കി. സെൻട്രൽ വഖഫ് കൗൺസിൽ ഓഫ് ഇന്ത്യ, 1954-ലെ ഈ വഖഫ് നിയമത്തിന് കീഴിൽ ഇന്ത്യാ ഗവൺമെന്റ് 1964-ൽ ഒരു നിയമാനുസൃത ബോഡി സ്ഥാപിച്ചു. വഖഫിന്റെ സെക്ഷൻ 9(1) പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം സ്ഥാപിതമായ വിവിധ സംസ്ഥാന വഖഫ് ബോർഡുകൾക്ക് കീഴിലുള്ള പ്രവർത്തനങ്ങൾക്ക് ഈ കേന്ദ്ര ബോഡി മേൽനോട്ടം വഹിക്കുന്നു. നിയമം, 1954.

വഖഫ് നിയമം, 1995 - വഖഫ് നിയമം 1995-ൽ മുസ്ലീങ്ങൾക്ക് കൂടുതൽ അനുകൂലമാക്കി, അത് അതിരുകടന്ന നിയമമാക്കി. ഇന്ത്യയിലെ വഖഫ് സ്വത്തുക്കളുടെ (മതപരമായ എൻഡോവ്മെന്റുകൾ) ഭരണം നിയന്ത്രിക്കുന്നതിനാണ് 1995 ലെ വഖഫ് നിയമം നിലവിൽ വന്നത്.

വഖഫ് കൗൺസിൽ, സംസ്ഥാന വഖഫ് ബോർഡുകൾ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ അധികാരവും പ്രവർത്തനങ്ങളും കൂടാതെ മുതവല്ലിയുടെ ചുമതലകളും ഇത് നൽകുന്നു. ഈ നിയമം അതിന്റെ അധികാരപരിധിയിലുള്ള




ഒരു സിവിൽ കോടതിക്ക് പകരം പ്രവർത്തിക്കുന്ന വഖഫ് ട്രിബ്യൂണലിന്റെ അധികാരവും നിയന്ത്രണങ്ങളും വിവരിക്കുന്നു.

വഖഫ് ട്രിബ്യൂണലുകൾ ഒരു സിവിൽ കോടതിയായി കണക്കാക്കപ്പെടുന്നു, കൂടാതെ 1908-ലെ സിവിൽ പ്രൊസീജ്യർ കോഡ് പ്രകാരം ഒരു സിവിൽ കോടതി വിനിയോഗിക്കുന്ന എല്ലാ അധികാരങ്ങളും പ്രവർത്തനങ്ങളും വിനിയോഗിക്കേണ്ടതുണ്ട്. ഒരു ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമവും കക്ഷികൾക്ക് ബാധകവുമാണ്. ഒരു സിവിൽ കോടതിയുടെ കീഴിലും ഒരു കേസും നിയമ നടപടികളും ഉണ്ടാകാൻ പാടില്ല. വഖഫ് ട്രിബ്യൂണൽ ഏത് സിവിൽ കോടതിക്കും മുകളിലാണ് തീരുമാനങ്ങൾ എടുക്കുന്നത്.

2013-ലെ ഭേദഗതികൾ - വഖഫ് മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി 2013-ൽ നിയമത്തിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്തു. എന്നിരുന്നാലും, നിയമം നടപ്പിലാക്കുന്ന വേളയിൽ, വഖഫ് ഭരണം മെച്ചപ്പെടുത്തുന്നതിൽ ഈ നിയമം ഫലപ്രദമല്ലെന്ന് തോന്നിയിരുന്നു.

വഖഫ് അസാധുവാക്കൽ ബിൽ, 2022 - സമാനമായ ഉദ്ദേശത്തോടെ സ്ഥാപിതമായ വഖഫ്, മറ്റ് അംഗീകൃത മത സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ കൂടുതൽ നീതിയുക്തമായ ക്രമീകരണവും പരിഗണനയും കൈവരിക്കുന്നതിന്, 1995-ലെ ഭേദഗതി ചെയ്ത വഖഫ് നിയമം 2023 ഡിസംബർ 8-ന് രാജ്യസഭയിൽ അവതരിപ്പിച്ചു

### ചോദ്യം.3
### വഖഫ് സ്വത്തുക്കൾ അസാധുവാണോ?

വഖഫിന്റെ കാര്യത്തിൽ സ്വത്തിന്റെ ഉടമസ്ഥാവകാശം വഖീഫിൽ നിന്ന് അല്ലാഹുവിലേക്ക് മാറ്റപ്പെട്ടതിനാൽ, സ്വത്ത് അല്ലാഹുവിൽ നിന്ന് തിരിച്ചെടുക്കാൻ കഴിയില്ല എന്നതിനാൽ, ഒരു സ്വത്ത് വഖഫ് ആയിക്കഴിഞ്ഞാൽ, അത് എല്ലായ്പ്പോഴും വഖഫ് ആയി തുടരും, അത് മാറ്റാനാവാത്തതാക്കി മാറ്റുന്നു. ഒരിക്കൽ ഒരു സ്വത്ത് വഖഫ് ആയി പ്രഖ്യാപിക്കപ്പെട്ടാൽ, അത് എന്നെന്നേക്കുമായി നിലനിൽക്കും. 1850 മുതൽ വഖഫ് സ്വത്തായി അവകാശപ്പെട്ട ബെംഗളൂരു ഈദ്ഗാഹ് ഗ്രൗണ്ട് , ഉദാഹരണം അതുപോലെ, സൂറത്ത് മുനിസിപ്പൽ കോർപ്പറേഷൻ കെട്ടിടം, മുഗൾ കാലഘട്ടത്തിലെ ഹജ്ജ് വേളയിൽ ചരിത്രപരമായി സാരായ് ആയി ഉപയോഗിച്ചതിനാൽ അവകാശപ്പെട്ടു.

### ചോദ്യം.4
### എല്ലാ ഇസ്ലാമിക രാജ്യങ്ങൾക്കും വഖഫ് സ്വത്തുക്കൾ ഉണ്ടോ?

എല്ലാ ഇസ്ലാമിക രാജ്യങ്ങൾക്കും വഖഫ് സ്വത്തുക്കൾ ഇല്ല. തുർക്കി, ലിബിയ, ഈജിപ്ത്, സുഡാൻ, ലെബനൻ, സിറിയ, ജോർദാൻ, ടുണീഷ്യ, ഇറാഖ് തുടങ്ങിയ ഇസ്ലാമിക രാജ്യങ്ങളിൽ വഖഫ് ഇല്ല. എന്നിരുന്നാലും, ഇന്ത്യയിൽ, വഖഫ് ബോർഡുകൾ ഏറ്റവും വലിയ നഗര ഭൂവുടമകൾ മാത്രമല്ല, അവരെ നിയമപരമായി സംരക്ഷിക്കുന്ന ഒരു നിയമവുമുണ്ട്.

### ചോദ്യം.5
### വഖഫ് ബോർഡ് എത്ര വസ്തുവകകൾ നിയന്ത്രിക്കുന്നു?

ഇന്ത്യയിലുടനീളമുള്ള 9.4 ലക്ഷം ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന 8.7 ലക്ഷം സ്വത്തുക്കളാണ് നിലവിൽ വഖഫ് ബോർഡിന്റെ നിയന്ത്രണത്തിലുള്ളത്. അതിന്റെ മൂല്യം 1.2 ലക്ഷം കോടിയാണ്. ലോകത്തിലെ ഏറ്റവും വലിയ വഖഫ് കൈ

വശമുള്ള രാജ്യമാണ് ഇന്ത്യ. കൂടാതെ, സായുധ സേനയ്ക്കും ഇന്ത്യൻ റെയിൽവേയ്ക്കും ശേഷം ഇന്ത്യയിലെ ഏറ്റവും വലിയ ഭൂവുടമയാണ് വഖ ഫ് ബോർഡ് .

ചോദ്യം 6. വഖഫ് ബോർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്തൊക്കെയാണ്?

വഖഫ് ബോർഡിന്റെയും സെൻട്രൽ വഖഫ് കൗൺസിലിന്റെയും ഭരണഘടനയിലെ പരിമിത മായ വൈവിധ്യം, മുതവല്ലിസിന്റെ അധികാര ദുർ വിനിയോഗം, മുതവല്ലിസിന്റെ സ്വത്തുക്കളുടെ ശരിയായ കണക്കുകൾ സൂക്ഷിക്കാത്തത്, പ്രാദേ ശിക റവന്യൂ അധികാരികളുമായി ഫലപ്രദമായ ഏകോപനമില്ലായ്മ, നീക്കം ചെയ്യൽ തുടങ്ങിയ പ്രശ്നങ്ങളാണ് പങ്കാളികൾ ഉയർത്തിക്കാട്ടുന്ന പ്രധാന പ്രശ്നങ്ങൾ. കയ്യേറ്റങ്ങൾ, വഖഫ് സ്വ ത്തുക്കളുടെ രജിസ്ട്രേഷൻ, അവകാശ പ്രഖ്യാ പനം, തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും കാരണമായ സ്വത്തുക്കൾക്ക് അവകാശവാദം ഉന്നയിക്കുന്നതിനുള്ള അധികാരം വഖഫ് ബോർ ഡുകൾക്ക് സമുദായങ്ങൾക്കിടയിൽ പൊരുത്ത ക്കേടുണ്ടാക്കുന്ന പരിമിതി നിയമം ബാധകമല്ല, വഖഫ് സ്വത്തുക്കളിൽ നിന്നുള്ള കുറഞ്ഞതും തുച്ഛവുമായ വരുമാനം തുടങ്ങിയവ വഖഫ്

ബോർഡുമായി ബന്ധപ്പെട്ട വഖഫ് സ്വത്തുക്കളു ടെ അപ്രസക്തത: "ഒരിക്കൽ ഒരു വഖ്ഫ്, എല്ലാ യ്പ്പോഴും ഒരു വഖഫ്" എന്ന തത്വം വിവിധ തർക്കങ്ങൾക്കും അവകാശവാദങ്ങൾക്കും ഇട യാക്കിയിട്ടുണ്ട്. അവയിൽ ചിലത്, ബെറ്റ് ദ്വാരക യിലെ രണ്ട് ദ്വീപുകളെക്കുറിച്ചുള്ള അവകാശവാ ദം പോലെ, കോടതികൾ അമ്പരപ്പിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്.

വ്യവഹാരവും ദുരുപയോഗവും: 1995ലെ വഖഫ് നിയമവും 2013-ലെ ഭേദഗതിയും കാര്യക്ഷമത യില്ലായ്മയുടെ പേരിൽ വിമർശിക്കപ്പെട്ടു, ഇത് കയ്യേറ്റം, കെടുകാര്യസ്ഥത, ഉടമസ്ഥാവകാശ തർക്കങ്ങൾ, രജിസ്ട്രേഷനിലും സർവേകളിലും കാലതാമസമുണ്ടാക്കുന്നു. വഖഫ് സ്വത്തുക്കളു ടെ ഉടമസ്ഥാവകാശത്തിന്റെയും കൈവശാവകാ ശത്തിന്റെയും പ്രശ്നവുമായി ബന്ധപ്പെട്ട് നിരവ ധി പ്രശ്നങ്ങളും മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്; രജിസ്ട്രേഷൻ, ട്രൈബ്യൂണലിന്റെ പ്രവർത്തനം, ബന്ധപ്പെട്ട വലിയ തോതിലുള്ള വ്യവഹാരങ്ങൾ തുടങ്ങിയവയുടെ പരാതികൾക്കും

ജുഡീഷ്യൽ മേൽനോട്ടം ഇല്ല. ഇത് വഖഫ് മാനേജ്മെന്റിനെ കൂടുതൽ സങ്കീർണ്ണമാക്കു ന്നു. ഉയർന്ന ജുഡീഷ്യൽ ബോഡിക്ക് അപ്പീൽ നൽകാനുള്ള സാധ്യതയില്ലാതെ, ട്രൈബ്യൂണൽ എടുക്കുന്ന തീരുമാനങ്ങൾ വഖഫ് സ്വത്തുക്കളു ടെ നടത്തിപ്പിലെ സുതാര്യതയെയും ഉത്തരവാദി ത്തത്തെയും ദുർബലപ്പെടുത്തിയേക്കാം.

തൃപ്തികരമല്ലാത്ത സർവേ പ്രവൃത്തി: സർവേ കമ്മീഷണറുടെ വഖഫ് സ്വത്തുക്കളുടെ സർ വേ പ്രവൃത്തി തൃപ്തികരമല്ലെന്ന് കണ്ടെത്തി. ഗുജറാത്തിലും ഉത്തരാഖണ്ഡിലും വഖഫ് സ്വ ത്തുക്കളുടെ സർവേ പോലും തുടങ്ങാനുണ്ട്. ഉത്തർപ്രദേശിൽ 2014ൽ സർവേ നടത്താൻ ഉത്ത രവിട്ടെങ്കിലും ഇതുവരെ തുടങ്ങിയിട്ടില്ല. സർവേ പൂർത്തീകരിക്കാത്തതിന്റെ പ്രധാന പ്രശ്നം സർ വേ കമ്മീഷണറുടെ സർവേ പ്രവർത്തനങ്ങളിൽ വൈദഗ്ധ്യമില്ലാത്തതാണ്. കൂടാതെ, വഖഫ് സ്വത്തുക്കളുടെ രജിസ്ട്രേഷൻ ജോലികൾ സു ഗമമായി നടത്തുന്നതിന് റവന്യൂ വകുപ്പുമായി സർവേ റിപ്പോർട്ടുകൾ ഏകോപിപ്പിക്കുന്നതിൽ പ്രശ്നങ്ങളുണ്ട്.

വ്യവസ്ഥകളുടെ ദുരുപയോഗം: സമുദായങ്ങൾ ക്കിടയിൽ പൊരുത്തക്കേടും അതൃപ്തിയും സൃഷ്ടിക്കുന്ന നിയമത്തിലെ ചില വ്യവസ്ഥകൾ സംസ്ഥാന വഖഫ് ബോർഡുകളും തെറ്റായി ഉപ യോഗിച്ചതായി നിരീക്ഷിച്ചു. വഖഫ് നിയമത്തി ലെ 40-ാം വകുപ്പ് വ്യാപകമായി ദുരുപയോഗം ചെയ്ത് സ്വത്ത് വഖഫ് സ്വത്തായി പ്രഖ്യാപിക്കു കയും ചെയ്തു. ഇത് വളരെയധികം വ്യവഹാര ങ്ങൾ മാത്രമല്ല, സമുദായങ്ങൾക്കിടയിൽ പൊരു ത്തക്കേടും സൃഷ്ടിച്ചു.

ഭരണഘടനാ സാധുത: മറ്റൊരു മതത്തിനും അത്തരം നിയമങ്ങളൊന്നും നിലവിലില്ലാത്ത പ്പോൾ, രാജ്യത്തെ ഒരു മതത്തിന്റെ മാത്രം മത പരമായ സ്വത്തുക്കൾക്കായുള്ള പ്രത്യേക നിയ മമാണ് വഖഫ് നിയമം. വാസ്തവത്തിൽ, ഈ ചോദ്യം ചോദിച്ച് നിലവിൽ ഡൽഹി ഹൈക്കോ ടതിയിൽ ഒരു പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. വഖഫിന്റെ ഭരണഘടനാ സാധുത സംബന്ധിച്ച ഈ ഹർജിയിൽ ഡൽഹി ഹൈ ക്കോടതി കേന്ദ്ര സർക്കാരിന് നോട്ടീസ് അയച്ചി ട്ടുണ്ട്

ചോദ്യം.7. വഖഫുമായി ബന്ധപ്പെട്ട എത്ര പരാ തികൾ മന്ത്രാലയത്തിന് ലഭിച്ചു?

വഖഫ് ഭൂമി മനഃപൂർവം കയ്യേറ്റം, വഖഫ് സ്വ ത്തുക്കളുടെ ദുരുപയോഗം തുടങ്ങിയ വിഷയങ്ങ

ളിൽ മുസ്ലിംകളിൽ നിന്നും അമുസ്ലിംകളിൽ നിന്നും മന്ത്രാലയത്തിന് ധാരാളം പരാതികളും പ്രാതിനിധ്യങ്ങളും ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളുടെ സ്വഭാവവും അളവും മന്ത്രാലയം വിശകലനം ചെയ്തു, 2023 ഏപ്രിൽ മുതൽ ലഭിച്ച 148 പരാതികളിൽ ഭൂരിഭാഗവും കയ്യേറ്റങ്ങൾ, വഖഫ് ഭൂമിയുടെ അനധികൃത വിൽപ്പന, സർവേകളിലെ കാലതാമസം, രജിസ്ട്രേഷൻ, വഖഫ് ബോർഡുകൾക്കും മുതവല്ലികൾക്കും എതിരായ പരാതികൾ എന്നിവയുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തി. 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ ഇജഏഞഅങടൽ (കേന്ദ്രീകൃത പബ്ലിക് ഗ്രീവൻസ് റിഡ്രസ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം) ലഭിച്ച പരാതിയും മന്ത്രാലയം വിശകലനം ചെയ്തു, 566 പരാതികളിൽ 194 പരാതികളും വഖഫ് ഭൂമി അനധികൃതമായി കൈയേറ്റവും കൈമാറ്റവുമായി ബന്ധപ്പെട്ടും 93 പരാതികളും ലഭിച്ചതായി കണ്ടെത്തി. വഖഫ് ബോർഡ്/മുതവല്ലിസ് ഉദ്യോഗസ്ഥർക്ക് എതിരായിരുന്നു.

കൂടാതെ, വഖഫ് സ്വത്തുക്കളുടെ രജിസ്ട്രേഷൻ വൈകൽ, വഖഫ് ബോർഡിന്റെ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വാടക, വഖഫ് ഭൂമിയിലെ വ്യാപകമായ കൈയേറ്റം, വിധവകളുടെ അനന്തരാവകാശം, സർവേ പൂർത്തിയാക്കാത്തത് തുടങ്ങിയ പ്രശ്നങ്ങൾ പാർലമെന്റംഗങ്ങൾ പാർട്ടിലൈനിലുടനീളം ഉന്നയിച്ചു. .

**ചോദ്യം .8.നിലവിലുള്ള സിസ്റ്റത്തിൽ പ്രബലമായ പ്രശ്നങ്ങൾ/പരാതികൾ എന്തൊക്കെയാണ്?**

വഖഫ് ബോർഡിന്റെ അവ്യക്തതയും അതിരുകടന്ന അധികാരവും മൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചുവടെ ചേർക്കുന്നു

1. തിരുചെന്തുറൈ വില്ലേജ്, തമിഴ്നാട്: വഖഫ് ബോർഡ് തന്റെ മുഴുവൻ ഗ്രാമമായ തിരുച്ചെന്തുറൈയും തങ്ങളുടെ സ്വത്താണെന്ന് അവകാശപ്പെട്ടതിനാൽ വായ്പ തിരിച്ചടയ്ക്കാൻ തമിഴ്നാട്ടിൽ നിന്നുള്ള കർഷകനായ രാജഗോപാലിന് തന്റെ കൃഷിഭൂമി വിൽക്കാൻ കഴിഞ്ഞില്ല. നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ (എൻഒസി) ഈ ആവശ്യകത സാമ്പത്തികവും വൈകാരികവുമായ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു. 1956-ൽ നവാബ് അൻവർദീൻ ഖാൻ ഈ ഗ്രാമം ചരിത്രപരമായി വഖഫ് ആയി ദാനം ചെയ്തു. അനധികൃത വിൽപ്പനയോ കയ്യേറ്റമോ തടയാൻ, വഖഫ് സ്വത്തുക്കൾക്ക് 'പൂജ്യം മൂല്യം' നൽകണമെന്ന് വഖഫ് ബോർഡ് രജിസ്ട്രേഷൻ വകുപ്പിനോട് അഭ്യർത്ഥിച്ചു, ഇത് നിലവിൽ ന്യൂനപക്ഷകാര്യ മന്ത്രാലയം സ്റ്റേ ചെയ്തിരിക്കുന്നു ( ങീങഅ) പ്രോപ്പർട്ടി ഇടപാടുകൾ അനുവദിക്കുന്നതിന്. ഈ സാഹചര്യം രാഷ്ട്രീയവും സാമുദായികവുമായ സംഘർഷത്തിനും കാരണമായിട്ടുണ്ട്.

2. ബംഗളൂരു ഈദ്ഗാഹ് ഗ്രൗണ്ട് കേസ്: ബംഗളൂരു ഈദ്ഗാഹ് ഗ്രൗണ്ടിന്റെ കാര്യത്തിൽ, സർക്കാർ പറയുന്നതുപോലെ ഒരു മുസ്ലീം സംഘടനയ്ക്കും പട്ടയം കൈമാറ്റം ചെയ്തിട്ടില്ലെങ്കിലും, 1850 മുതൽ വഖഫ് സ്വത്തായിരുന്നു എന്ന വഖഫിന്റെ അവകാശവാദത്തിന്റെ അർത്ഥം അത് ഇപ്പോൾ എന്നെന്നേക്കുമായി വഖഫ് സ്വത്താണ് എന്നാണ്.

3. സൂറത്ത് മുനിസിപ്പൽ കോർപ്പറേഷൻ കേസ്: അടുത്തിടെ, ഗുജറാത്ത് വഖഫ് ബോർഡ് സൂറത്ത് മുനിസിപ്പൽ കോർപ്പറേഷൻ കെട്ടിടത്തിന് അവകാശവാദമുന്നയിച്ചിരുന്നു, അത് ഇപ്പോൾ വഖഫിന്റെ സ്വത്താണ്. വഖഫ് പറയുന്നതനുസരിച്ച്, മുഗൾ കാലഘട്ടത്തിൽ, സൂറത്ത് മുനിസിപ്പൽ കോർപ്പറേഷൻ കെട്ടിടം ഒരു സാരായി ആയിരുന്നു, ഹജ്ജ് യാത്രകളിൽ ഉപയോഗിച്ചിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് ഈ സ്വത്ത് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ വകയായിരുന്നു. എന്നിരുന്നാലും, 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, സ്വത്തുക്കൾ ഇന്ത്യൻ സർക്കാരിലേക്ക് മാറ്റി. എന്നിരുന്നാലും, രേഖകൾ അപ്ഡേറ്റ് ചെയ്യാത്തതിനാൽ, എസ്എംസി കെട്ടിടം പിന്നീട് വഖഫ് സ്വത്തായി മാറി, വഖഫ് ബോർഡ് പറയുന്നതുപോലെ, ഒരിക്കൽ വഖഫ്, എല്ലായ്പ്പോഴും വഖഫ്

4. ബെറ്റ് ദ്വാരകയിലെ ദ്വീപുകൾ: ദേവഭൂമി ദ്വാരകയിലെ ബെറ്റ് ദ്വാരകയിലെ രണ്ട് ദ്വീപുകളുടെ ഉടമസ്ഥതയിൽ അവകാശവാദമുന്നയിച്ച് വഖഫ് ബോർഡ് ഗുജറാത്ത് ഹൈക്കോടതിയിൽ അപേക്ഷ നൽകിയതായി ദിവ്യ ഭാസ്കർ റിപ്പോർട്ട് ചെയ്തിരുന്നു. ആശയക്കുഴപ്പത്തിലായ ഒരു ഹൈക്കോടതി ജഡ്ജി അപേക്ഷ കേൾക്കാൻ വിസമ്മതിക്കുകയും കൃഷ്ണനാഗിരിയിലെ ഭൂമിയിൽ വഖഫിന് എങ്ങനെ അവകാശവാദം ഉന്നയിക്കാൻ കഴിയുമെന്ന് ആശ്ചര്യപ്പെട്ട് ബോർഡിന്റെ ഹർജി പുനഃപരിശോധിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

5. ശിവശക്തി സൊസൈറ്റി, സൂറത്ത്: സൂറത്തിലെ ശിവശക്തി സൊസൈറ്റിയിൽ, പ്ലോട്ട് ഉടമകളിലൊരാൾ തന്റെ പ്ലോട്ട് ഗുജറാത്ത് വഖഫ് ബോ

ാർഡിൽ രജിസ്റ്റർ ചെയ്തു, ഇത് മുസ്ലീങ്ങളുടെ പുണ്യസ്ഥലമാക്കി, ആളുകൾ അവിടെ നമസ്കരിക്കാൻ തുടങ്ങി. ഏത് ഹൗസിംഗ് സൊസൈറ്റിയിലെയും ഒരു അപ്പാർട്ട്മെന്റ്, ആ അപ്പാർട്ട്മെന്റിന്റെ ഉടമ വഖഫ് ആയി നൽകാൻ തീരുമാനിക്കുകയാണെങ്കിൽ, സൊസൈറ്റിയിലെ മറ്റ് അംഗങ്ങളിൽ നിന്ന് യാതൊരു വിവരവുമില്ലാതെ ഏത് ദിവസവും ഒരു പള്ളിയായി മാറാൻ കഴിയുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

6. എറണാകുളം മുനമ്പത്ത് ഇപ്പോഴത്തെപ്രശ്നം

**ചോദ്യം.9.സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ ശുപാർശകൾ എന്തൊക്കെയാണ്?**

2008 മാർച്ച് 4-ന് രാജ്യസഭയിൽ അവതരിപ്പിച്ച വഖഫിനെക്കുറിച്ചുള്ള സംയുക്ത പാർലമെന്ററി കമ്മിറ്റി റിപ്പോർട്ട്. വഖഫ് ബോർഡുകളുടെ ഘടന പുനഃസ്ഥാപിക്കൽ, SWആകൾക്കായി ഒരു സീനിയർ ലെവൽ ഓഫീസറെ സിഇഒ ആയി നൽകുന്നു, വഖഫ് സ്വത്തുക്കൾ അനധികൃതമായി
അന്യാധീനപ്പെടുത്തിയതിന് കർശന നടപടി, മുതവല്ലികൾക്ക് കടുത്ത ശിക്ഷ; തന്റെ ചുമതലകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടാൽ. റിട്ട് അധികാരപരിധിയിൽ ചില കാര്യങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കാനും ശുപാർശ ചെയ്തിട്ടുണ്ട്. വഖഫ് ബോർഡുകളുടെ കംപ്യൂട്ടർവൽക്കരണം, സി.ഡബ്ല്യു.സി.യിൽ ഷിയാ സമുദായത്തിന് മതിയായ പ്രാതിനിധ്യം.

**ചോദ്യം 10 വഖഫ് (ഭേദഗതി) ബില്ല്, 2024-ന്റെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ്?**

2024ലെ വഖഫ് (ഭേദഗതി) ബില്ലിന്റെ പ്രധാന സവിശേഷതകൾ ഇവയാണ്:

1. വഖഫ് നിയമത്തിന്റെ പുനർനാമകരണം, 1995: ശാക്തീകരണത്തിന് ഊന്നൽ നൽകിക്കൊണ്ട്, വഖഫ് ബോർഡുകളുടെയും സ്വത്തുക്കളുടെയും മാനേജ്മെന്റും കാര്യക്ഷമതയും മെച്ചപ്പെടുത്തുക എന്ന വിശാല ലക്ഷ്യത്തെ പ്രതിഫലിപ്പിക്കുന്നതിനായി, 1995 ലെ ഏകീകൃത വഖഫ് മാനേജ്മെന്റ്, ശാക്തീകരണം, കാര്യക്ഷമത, വികസന നിയമം എന്നാക്കി നിയമത്തെ പുനർനാമകരണം ചെയ്തു. ഫലപ്രദമായ ഭരണത്തിനൊപ്പം വികസനവും.

2. വഖ്ഫ് രൂപീകരണം: നിയമം വഖ്ഫ് രൂപീകരിക്കാൻ അനുവദിക്കുന്നു: (i) പ്രഖ്യാപനം, (ii) ദീർഘകാല ഉപയോഗത്തെ അടിസ്ഥാനമാക്കിയുള്ള അംഗീകാരം (ഉപയോക്താവിന്റെ വഖ്ഫ്), അല്ലെങ്കിൽ (iii) അനന്തരാവകാശം അവസാനിക്കുമ്പോൾ (വഖ്ഫ്- അലൽ-ഔലാദ്).
കുറഞ്ഞത് അഞ്ച് വർഷമെങ്കിലും ഇസ്ലാം ആചരിക്കുന്ന ഒരാൾക്ക് മാത്രമേ വഖ്ഫ് പ്രഖ്യാപിക്കാൻ കഴിയൂ എന്ന് ബിൽ പറയുന്നു. പ്രഖ്യാപിക്കപ്പെടുന്ന സ്വത്ത് വ്യക്തിയുടെ ഉടമസ്ഥതയിലായിരിക്കണമെന്ന് ഇത് വ്യക്തമാക്കുന്നു.
ഇത് ഉപയോക്താവ് വഖഫ് നീക്കംചെയ്യുന്നു, അവിടെ മതപരമായ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ദീർഘകാല ഉപയോഗത്തെ അടിസ്ഥാനമാക്കിയുള്ള വസ്തുവകകൾ വഖ്ഫ് ആയി കണക്കാക്കാം. വഖ്ഫ്-അലാൽ-ഔലാദ്, സ്ത്രീ അവകാശികൾ ഉൾപ്പെടെ ദാതാവിന്റെ അനന്തരാവകാശികൾക്ക് അനന്തരാവകാശം നിഷേധിക്കുന്നതിന് കാരണമാകരുതെന്നും ഇത് കൂട്ടിച്ചേർക്കുന്നു.

3.സർക്കാർ സ്വത്ത് വഖഫ്: വഖഫ് എന്ന് തിരിച്ചറിയുന്ന ഏതൊരു സർക്കാർ സ്വത്തും ഇല്ലാതാകുമെന്ന് ബിൽ പറയുന്നു. അനിശ്ചിതത്വമുണ്ടായാൽ പ്രദേശത്തിന്റെ കലക്ടർ ഉടമസ്ഥാവകാശം നിർണ്ണയിക്കുകയും സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യും. സർക്കാർ വസ്തുവായി കണക്കാക്കിയാൽ റവന്യൂ രേഖകൾ പുതുക്കും.

4. ഒരു സ്വത്ത് വഖ്ഫ് ആണോ എന്ന് നിർണ്ണയിക്കാനുള്ള അധികാരം: ഒരു സ്വത്ത് വഖ്ഫ് ആണോ എന്ന് അന്വേഷിക്കാനും നിർണ്ണയിക്കാനും ഈ നിയമം വഖഫ് ബോർഡിന് അധികാരം നൽകുന്നു. ബിൽ ഈ വ്യവസ്ഥ എടുത്തു കളയുന്നു.

5. വഖ്ഫ് സർവേ: വഖ്ഫ് സർവേയ്ക്കായി ഒരു സർവേ കമ്മീഷണറെയും അഡീഷണൽ കമ്മീഷണർമാരെയും നിയമിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നു. ബിൽ പകരം കളക്ടർമാർക്ക് സർവേ നടത്താൻ അധികാരം നൽകുന്നു. ബാക്കിയുള്ള സർവേകൾ സംസ്ഥാന റവന്യൂ നിയമങ്ങൾക്കനുസൃതമായി നടത്തും.

6. സെൻട്രൽ വഖഫ് കൗൺസിൽ: കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും വഖഫ് ബോർഡുകൾക്കും ഉപദേശം നൽകാൻ കേന്ദ്ര വഖഫ് കൗൺസിൽ രൂപീകരിക്കുന്നതാണ് ഈ നിയമം. വഖഫിന്റെ ചുമതലയുള്ള കേന്ദ്ര മന്ത്രിയാണ് കൗൺസിലിന്റെ എക്സ് ഒഫീഷ്യോ ചെയർപേഴ്സൺ. എല്ലാ കൗൺസിൽ അംഗങ്ങളും മുസ്ലീങ്ങളായിരിക്കണമെന്നും കുറഞ്ഞത് രണ്ട് സ്ത്രീകളെങ്കിലും ഉണ്ടായിരിക്കണമെന്നും നിയമം ആവശ്യപ്പെടുന്നു. പകരം രണ്ട് അംഗങ്ങൾ അമുസ്ലിംകളായിരിക്കണമെന്ന് ബിൽ വ്യവസ്ഥ ചെയ്യുന്നു. നിയമപ്രകാരം കൗൺസിലിൽ നിയ

മിക്കപ്പെട്ട എംപിമാർ, മുൻ ജഡ്ജിമാർ, പ്രമുഖ വ്യക്തികൾ എന്നിവർ മുസ്ലിംകളായിരിക്കണമെന്നില്ല. ഇനിപ്പറയുന്ന അംഗങ്ങൾ മുസ്ലീങ്ങളായിരിക്കണം: മുസ്ലീം സംഘടനകളുടെ പ്രതിനിധികൾ, ഇസ്ലാമിക നിയമത്തിലെ പണ്ഡിതന്മാർ, ഒപ്പം വഖഫ് ബോർഡ് ചെയർമാൻമാർ. മുസ്ലീം അംഗങ്ങളിൽ രണ്ട് പേർ സ്ത്രീകളായിരിക്കണം.

വഖഫ് ബോർഡുകൾ: മുസ്ലീങ്ങളുടെ ഇലക്ടറൽ കോളേജുകളിൽ നിന്ന് രണ്ട് അംഗങ്ങളെ വരെ തിരഞ്ഞെടുക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു: (i) എംപിമാർ, (ii) എംഎൽഎമാർ, എംഎൽസികൾ, (iii) ബാർ കൗൺസിൽ അംഗങ്ങൾ, സംസ്ഥാനം മുതൽ ബോർഡ് വരെ. പകരം മേൽപ്പറഞ്ഞ പശ്ചാത്തലത്തിൽ നിന്ന് ഒരാളെ ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യാൻ സംസ്ഥാന സർക്കാരിന് ബിൽ അധികാരം നൽകുന്നു. അവർ മുസ്ലീങ്ങൾ ആകണമെന്നില്ല. ബോർഡിൽ ഉണ്ടായിരിക്കണമെന്ന് അത് കൂട്ടിച്ചേർക്കുന്നു: (i) രണ്ട് അമുസ്ലിം അംഗങ്ങൾ. (ii) ഷിയകൾ, സുന്നികൾ, മുസ്ലിംകളിലെ പിന്നോക്ക വിഭാഗങ്ങളിൽ നിന്ന് കുറഞ്ഞത് ഒരു അംഗമെങ്കിലും. സംസ്ഥാനത്ത് വഖ്ഫ് ഉണ്ടെങ്കിൽ ബൊഹ്റ, അഗാഖാനി സമുദായങ്ങളിൽ നിന്ന് ഓരോ അംഗവും ഉണ്ടായിരിക്കണം. രണ്ട് അംഗങ്ങളെങ്കിലും സ്ത്രീകളായിരിക്കണമെന്ന് നിയമം അനുശാസിക്കുന്നു. രണ്ട് മുസ്ലീം അംഗങ്ങൾ സ്ത്രീകളായിരിക്കണമെന്ന് ബില്ലിൽ പറയുന്നു.

**ട്രൈബ്യൂണലുകളുടെ ഘടന:** വഖഫ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനങ്ങൾ ട്രൈബ്യൂണലുകൾ രൂപീകരിക്കണമെന്ന് നിയമം ആവശ്യപ്പെടുന്നു. ഈ ട്രൈബ്യൂണലുകളുടെ ചെയർമാൻ ക്ലാസ്-1, ജില്ല, സെഷൻസ് അല്ലെങ്കിൽ സിവിൽ ജഡ്ജിക്ക് തുല്യമായ റാങ്കുള്ള ജഡ്ജിയായിരിക്കണം. മറ്റ് അംഗങ്ങൾ ഉൾപ്പെടുന്നു: (i) ഒരു അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന് തുല്യമായ ഒരു സ്റ്റേറ്റ് ഓഫീസർ, (ii) മുസ്ലീം നിയമത്തിലും നിയമശാസ്ത്രത്തിലും അറിവുള്ള വ്യക്തി. ബിൽ ട്രൈബ്യൂണലിൽ നിന്ന് രണ്ടാമത്തേത് നീക്കം ചെയ്യുന്നു. പകരം ഇത് താഴെപ്പറയുന്നവരെ അംഗങ്ങളായി നൽകുന്നു: (i) നിലവിലെ അല്ലെങ്കിൽ മുൻ ജില്ലാ കോടതി ജഡ്ജി അതിന്റെ ചെയർമാനായി, (ii) സംസ്ഥാന സർക്കാരിന്റെ ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള നിലവിലെ അല്ലെങ്കിൽ മുൻ ഉദ്യോഗസ്ഥൻ.

ട്രൈബ്യൂണലുകളുടെ ഉത്തരവുകളിന്മേലുള്ള അപ്പീൽ : ഈ നിയമപ്രകാരം, ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ അന്തിമമാണ്, കോടതികളിൽ അതിന്റെ തീരുമാനങ്ങൾക്കെതിരായ അപ്പീലുകൾ നിരോധിച്ചിരിക്കുന്നു. ഹൈക്കോടതിക്ക് സ്വന്തം ഇഷ്ടപ്രകാരം, ബോർഡിന്റെ അപേക്ഷയിൽ, അല്ലെങ്കിൽ ഒരു പരാതിക്കാരനായ കക്ഷിയുടെ കാര്യത്തിൽ കാര്യങ്ങൾ പരിഗണിക്കാം. ട്രൈബ്യൂണലിന്റെ തീരുമാനങ്ങൾ അന്തിമമായി കണക്കാക്കുന്ന വ്യവസ്ഥകൾ ബിൽ ഒഴിവാക്കുന്നു. ട്രിബ്യൂണലിന്റെ ഉത്തരവുകൾക്കെതിരെ 90 ദിവസത്തിനകം ഹൈക്കോടതിയിൽ അപ്പീൽ നൽകാം.

കേന്ദ്ര ഗവൺമെന്റിന്റെ അധികാരങ്ങൾ : (i) രജിസ്ട്രേഷൻ, (ii) വഖഫ് അക്കൗണ്ടുകളുടെ പ്രസിദ്ധീകരണം, (iii) വഖഫ് ബോർഡുകളുടെ നടപടികളുടെ പ്രസിദ്ധീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ഉണ്ടാക്കാൻ ബിൽ കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തുന്നു. ഈ നിയമപ്രകാരം, സംസ്ഥാന സർക്കാരിന് ഏത് ഘട്ടത്തിലും വഖഫുകളുടെ കണക്കുകൾ ഓഡിറ്റ് ചെയ്യാവുന്നതാണ്. സിഎജിയോ നിയുക്ത ഉദ്യോഗസ്ഥനോ ഇവ ഓഡിറ്റ് ചെയ്യാൻ കേന്ദ്ര സർക്കാരിന് ബിൽ അധികാരം നൽകുന്നു.

ബൊഹ്റയ്ക്കും അഗഖാനിക്കുമായി വഖഫ് ബോർഡുകൾ : സംസ്ഥാനത്തെ എല്ലാ വഖഫ് സ്വത്തുക്കളുടെയോ വഖ്ഫ് വരുമാനത്തിന്റെയോ 15% ത്തിൽ കൂടുതൽ ഷിയാ വഖഫ് ആണെങ്കിൽ, സുന്നി, ഷിയ വിഭാഗങ്ങൾക്കായി പ്രത്യേക വഖഫ് ബോർഡുകൾ സ്ഥാപിക്കാൻ നിയമം അനുവദിക്കുന്നു. അഘഖാനി, ബൊഹ്റ വിഭാഗങ്ങൾക്ക് പ്രത്യേക വഖഫ് ബോർഡുകളും ബിൽ അനുവദിക്കുന്നു ഇതെല്ലാമാണ് വഖഫ് നിയമങ്ങളെക്കുറിച്ച് നിയമവ്യവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്നത്. ഇന്നിവിടെ

എറണാകുളം ജില്ലയിലെ തീരദേശ പ്രദേശമായ മുനമ്പത്ത് 600 ഓളം കുടുംബങ്ങൾ വഖഫിന്റെ പ്രതിഫലനങ്ങൾ അനുഭവിക്കുന്നവരാണ്.

അല്ലാഹുവിൻറെ സ്വത്ത് എന്ന് പറയുമ്പോഴും ഒരു നൂറ്റാണ്ടിലേറെയായി ജീവിച്ചുവരുന്ന പാവപ്പെട്ട ആളുകളുടെ കിടപ്പാടം ഇല്ലാതാക്കിയിട്ട് അല്ലാഹുവിന് ഒന്നും നേടാനില്ല എന്നും കൂടി ഇന്ന് മത്സരബുദ്ധി കാണിക്കുന്ന ആളുകൾ ഓർമിക്കേണ്ടിയിരിക്കുന്നു.

സഹജീവികളെ സ്നേഹത്തോടെ പരിപാലിക്കുവാൻ വഖഫ് നിയമത്തിന് കഴിയട്ടെ.



# സിസ്റ്ററും കുട്ടികളും.


അജി ജോസഫ്

## പള്ളിയുടെ വിവിധ ഭാഗങ്ങൾ

**നമ്മുടെ പള്ളിയിലെ തിരശീല എന്തിനാണ് ?**

നാടകങ്ങളിലെ പോലെയുള്ള എന്തെങ്കിലും വൈദീകനും ശുശ്രൂഷകരും അതിനകത്ത് ചെയ്യുന്നുണ്ടോ? ബ്ലസ്സി കുറെനാളുകളായുള്ള സംശയം സിസ്റ്റർ ഹൃദ്യയോട് ഉന്നയിച്ചു. ആൻസിയും ജയിസും പറഞ്ഞു കൊടുത്തതൊന്നും ബ്ലസ്സിയ്ക്ക് മനസ്സിലാകുന്നില്ല.

കുഞ്ഞുങ്ങളേ, തിരശ്ശീലയെക്കുറിച്ച് പറയുന്നതിനു മുൻപ് സിസ്റ്റർ നമ്മുടെ പള്ളികളുടെ വിവിധ ഭാഗങ്ങളെ കുറിച്ച് കൂടി പറയട്ടെ. സിസ്റ്റർ ഹൃദ്യ മൂവരുടെയും അഭിപ്രായത്തിനായി അവരെ നോ




ക്കി.
അതറിയാം സിസ്റ്റർ...
മദ്ബഹ, അഴിക്കകം, ഹൈക്കല, മോണ്ടളം.
മറയെക്കുറിച്ച് അറിയാനുള്ള വ്യഗ്രതയിലായിരുന്നു ബ്ലസ്സി.

സിസ്റ്റർ ഹൃദ്യയ്ക്കത് നന്നായി മനസ്സിലായി. എന്നാലും കുട്ടികളെ പള്ളിയുടെ ഭാഗങ്ങളെക്കുറിച്ച് വ്യക്തമായി ധരിപ്പിച്ചിട്ട് ബ്ലസ്സിയുടെ സംശയം ദൂരീകരിക്കാമെന്ന് മനസ്സിലുറപ്പിച്ചു, 'ഈ നാലു ഭാഗങ്ങളെക്കുറിച്ച് നിങ്ങൾക്ക് എന്തൊക്കെയറിയാം' ചെറു പുഞ്ചിരിയോടെ സിസ്റ്റർ ബ്ലസ്സിയെയും ജയ്സിനെയും ആൻസിയെയും നൊക്കി.


കുട്ടികൾ മൂവരും പരസ്പരം എന്തൊക്കെയൊ ആംഗ്യങ്ങൾ കാട്ടുന്നു. അവർക്ക് ഒന്നുമറിയില്ലെന്ന് സിസ്റ്റർ മനസ്സിലാക്കിയിട്ട് പറഞ്ഞു,
'ബ്ലസ്സിക്കുട്ടി ആദ്യം ഇത് പറഞ്ഞു തരാം എങ്കിലെ കുഞ്ഞിന്റെ സംശയത്തിനു പൂർണ്ണമായുത്തരം തരാൻ സിസ്റ്ററിനു സാധിക്കൂ'.

ബ്ലസ്സി മൗനാനുവാദമെന്നവണ്ണം തലയാട്ടി.

നമ്മുടെ പള്ളികളുടെ ബാഹ്യരൂപം, ആകൃതി, നിർമ്മിതി, ഇവയിലൊക്കെ കാലാന്തരത്തിനനുസൃതമായ മാറ്റങ്ങളാൽ വ്യത്യാസമുള്ളവയാണെങ്കിലും പള്ളിയുടെ ഘടനയിലെ വിഭജനത്തിനു മാറ്റം ഉണ്ടായിട്ടില്ല.ദൈവം മോശയ്ക്ക് സീനായ് മലയിൽ വച്ച് കാട്ടിയ മാതൃകപ്രകാരം ആയിരുന്നു മരുഭൂമിയിൽ സമാഗമ കൂടാരം മോശ പണിതുയർത്തിയത്. പിന്നീട് ദൈവത്തെ സംപ്രീതനാക്കി സോളമൻ രാജാവ് ജറുസലേം ദൈവാലയം പണിതതും അതേ മാതൃകയിലായിരുന്നു.

അതും ഈ നാല് ഭാഗങ്ങളും തമ്മിലുള്ള ബന്ധം എന്താണ് സിസ്റ്റർ ജയിസിനു കൂടുതൽ ആകാംഷയായി.

പറയാം മോനെ... സിസ്റ്റർ തുടർന്നു.




* മഹാ വിശുദ്ധ സ്ഥലം (ദബീർ)
* വിശുദ്ധ സ്ഥലം (ഹൈക്കൽ)
* അകത്തെ പ്രകാരം (ഉലാംലഗാവ്)
* പുറത്തെ പ്രകാരം (ഉലാംലവാർ)

എന്നിങ്ങനെ നാലുഭാഗങ്ങൾ സമാഗമന കൂടാരത്തിലും ജറുസലേം ദൈവാലയത്തിലുമുണ്ടായിരുന്നു.
ജയിസ് – ഇപ്പൊ മനസ്സിലായി സിസ്റ്റർ അങ്ങിനെ മഹാപുരോഹിതൻ മാത്രം ദബീറിലും ലേവ്യർ ഹൈക്കലയിലും യഹൂദർ ഉലാംലഗാവിലും വിജാതിയർ ഉലാംലവാറിലും മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂവെന്ന് ഈയിടെ ഹെബ്രായർക്കുള്ള ലേഖനത്തിൽ വായിച്ചിരുന്നു.
ജയിസ് ഇടയ്ക്ക് കയറി സംസാരിച്ചത് ബ്ലസ്സിയ്ക്ക് ഇഷ്ടമായില്ല. 'ജയിസേ സിസ്റ്ററമ്മ പറയുന്നത് കേൾക്ക്' ബ്ലസ്സി ജയിസിനോട് പറഞ്ഞു.

ഈയിടെ നമ്മുടെ ക്ലാസ്സിലെ ജയലക്ഷ്മി അവരുടെ അമ്പലത്തിൽ ശ്രീകോവിൽ, ചുറ്റമ്പലം തുടങ്ങിയ ഭാഗങ്ങളുണ്ടെന്ന് പറഞ്ഞതോർക്കുന്നു ആൻസി സിസ്റ്റർ ഹൃദ്യയെ നോക്കി.

ജയലക്ഷ്മി പറഞ്ഞത് ശരിയാ ആൻസി സിസ്റ്റർ തുടർന്നു, ഹൈന്ദവ ക്ഷേത്രങ്ങൾക്കും പ്രധാനമായും നാലുഭാഗങ്ങളാണുള്ളത്.

* ശ്രീകോവിൽ
* ശുകനാസി
* ചുറ്റമ്പലം
* പ്രാകാരം

അതെ സിസ്റ്റർ ഇത് പോലെയുള്ള പേരുകളാണ് പറഞ്ഞതെന്നാണെന്റെ ഓർമ്മ ആൻസി പൂർത്തിയാക്കി.

ശരി നമ്മുടെ വിഷയത്തിലേയ്ക്ക് വരാം. സമാഗമ കൂടാരവും ജറുസലേം ദൈവാലയവും ദൈവകല്പനയാൽ നിർമ്മിച്ച യഹൂദ ജനതയെപ്പോലെ സുറിയാനി സഭയും പുതിയ നിയമ ഇസ്രായെല്യരായ വിശ്വാസികളായ നമ്മുക്കും അതേ ക്രമീകരണത്തോടു കൂടിയ പള്ളികൾ പണികഴിപ്പിക്കുന്നു.

നമ്മുടെ പള്ളികളുടെ ഭാഗങ്ങളായ മദ്ബഹ, അഴിക്കകം, ഹൈക്കല, മോണ്ടളം. ഇവയെക്കുറിച്ച് മറ്റൊരു ദിവസം പറഞ്ഞു തരാം കേട്ടൊ സിസ്റ്റർ ഹൃദ്യ കുട്ടികളെ നോക്കി...
ബ്ലസ്സി – അപ്പൊ തിരശ്ശീല...
സിസ്റ്റർ – അത് തീർച്ചയായും പറഞ്ഞു തരാം...

തുടരും...



# ഇടം

Sr. Ayona CNS
Sisters of Nazareth
Kothamangalm province
Italy

ഒരു വൈറൽ ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ജീവിതത്തിലെ നിസാര കാര്യങ്ങൾ പോലും രീലിലേ ആക്കി ലൈക്കുകൾക്ക് പിന്നാലെ ഓടുന്നവരുടെ ലോകത്തിൽ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്,സ്വന്തം വീടിന്റെ അകത്തളങ്ങളിൽ ഒതുങ്ങേണ്ട ഇത്തരം കാര്യങ്ങൾ സോഷ്യൽ മീഡിയയിലിട്ട് ലോകത്തെ അറിയിക്കുന്നതിന്റെ പൊരുൾ എന്താണ് എന്നുള്ളത്. പണം നേടാനുള്ള ഒരു source മാത്രമാണോ ഇത്? എന്നാൽ അല്ല എന്നാണ് എനിക്ക് തോന്നുന്നത്. മറിച്ച് ഒരു ‘ഇട‘ത്തിനുവേണ്ടിയുള്ള അന്വേഷണമാണത്. നീ തനിച്ചല്ല എന്ന് പറയുന്ന ഒരിടം, എന്റേതെന്നും നമ്മുടേതെന്നും പറഞ്ഞു ചേർത്തുപിടിക്കാൻ ഒരിടം ഇങ്ങനെ പോകുന്നു ഈ ഒരിടത്തിനുവേണ്ടിയുള്ള അന്വേഷണം. ഇങ്ങനെ അറിഞ്ഞും അറിയാതെയും ആരുടെയെങ്കിലും ഉള്ളിൽ ഇടം നേടാൻ ശ്രമിക്കാത്തവരായി ആരുമില്ല ഈ ലോകത്തിൽ. അങ്ങനെ ചിന്തിക്കുമ്പോൾ ഈ ഇടം എന്ന വാക്ക് അതൊരു വെറും വാക്ക് മാത്രമല്ല അത് നമ്മുടെ ജീവിതം തന്നെയാണ്. എവിടെയൊക്കെയോ, ആരുടെയെക്കെയോ ജീവിതത്തിൽ ഇടം പിടിക്കാനുള്ള ഓട്ടത്തിനിടയിൽ അവരുടെ expectation നോക്കിയും, അവരെ തൃപ്തിപെടുത്തിയും പൂമ്പാറ്റയായി പറക്കേണ്ട നാമിങ്ങനെ പുഴുവായി ജീവിതം തീർക്കുകയാണ്. എത്ര നാളത്തേക്കെന്നു ഒരു ഗ്യാരന്റിയും പറയാനാകാത്ത ഈ ഇടത്തിനു വേണ്ടി ഇനിയും എത്രനാൾ നമ്മൾ ഇങ്ങനെ ഓടി കൊണ്ടിരിക്കും?



എന്നാൽ ഇന്ന് ഓർത്തുവച്ചു നാളെ മറക്കുന്ന മനുഷ്യന്റെ ഉള്ളിലെ ഇടത്തെക്കാൾ എന്നും നമുക്ക് ഇടം ലഭിക്കുന്ന ഒരു നെഞ്ചുണ്ട് അതാണ് ക്രിസ്തു. മനുഷ്യന്റെ ഉള്ളിൽ ഇടം നേടാൻ ഒരുപാടു കാര്യങ്ങൾ നാം തിരയുമ്പോൾ ഒരു കാര്യവുമില്ലാതെ നമുക്ക് തന്റെ നെഞ്ചിൻ കൂട്ടിൽ ഇടം നൽകിയ ഒരു ക്രിസ്തു. എപ്പോഴെങ്കിലും ഈ ക്രിസ്തുവിന്റെ ഉള്ളിൽ ഇടം നേടാൻ നാം എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അവന്റെ ഉള്ളിലെ നമ്മുടെ ഇടം എവിടെയാണെന്ന് എപ്പോഴെങ്കിലും അന്വഷിച്ചിട്ടുണ്ടോ? നമ്മുടെ പരി. പിതാവ് ഒരിക്കൽ വിശുദ്ധ കുർബാനക്ക് മധ്യയുള്ള പ്രസംഗത്തിൽ ഇപ്രകാരം ചോദിച്ചു. കർത്താവിന്റെ മുൻപിൽ എന്റെ മുഖം ഏതാണ്? ഒരു സുഹൃത്തിന്റെ മുഖമോ? അതോ ഒരു അപരിചിതന്റെ മുഖമോ ? ഞാൻ വിശ്വസിക്കുന്നു ക്രിസ്തുവിന് നമ്മൾ ചങ്കാണ്. കാരണം, സ്വന്തം ചങ്ക് പറിച്ചുതന്നു സ്വന്തമാക്കിയതാണ് അവൻ നമ്മളെ. എന്നിട്ടും ഇന്നും നമുക്കാണ് ഈ ദൈവം അപരിചിതൻ. ഈ ദൈവത്തെ അറിയാൻ ഒരുപാടു കാര്യമൊന്നും ചെയ്യണ്ട. ഒന്ന് ചങ്ക് തുറന്നൊന്നു വിളിച്ചാൽ മതി. നിന്റെ അവസ്ഥ എന്താണ് എന്ന് അവനോടു ഒന്ന് പറഞ്ഞാൽ മതി.വി. ബൈബിൾ അതിന് ഒരുപാടു ഉദാഹരണങ്ങൾ നമുക്ക് മുൻപിൽ വക്കുന്നുണ്ട്. അതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒന്നാണ് മോശയുടെ ജീവിതം. ഇസ്രായേൽക്കാരെ ഈജിപ്തിൽ നിന്നും മോചിപ്പിക്കാൻ ദൈവം തിരഞ്ഞെടുത്ത മോശ. സ്വന്തമായി ഒരു വാക്കുപോലും പറയാൻ അറിയാത്തവനെന്നു ദൈവത്തോട് അവൻ പറഞ്ഞപ്പോൾ എനിക്ക് നിന്നെ നന്നായി അറിയാമെന്നു പറഞ്ഞു ദൈവം ചേർത്തുനിർത്തിയ ഒരു വിക്കൻ. ഇതായിരുന്നു തമ്പുരാന്റെ നെഞ്ചിൽ ഇടം നേടാനുള്ള അവന്റെ യോഗ്യത. അതുകൊണ്ടാണ് പറയുക,ലോകം അറിയുന്നവനെ ദൈവം അറിയണമെന്നില്ല, ദൈവം അറിയുന്നവനെ ലോകം അറിയണമെന്നുമില്ല എന്ന്. അതുകൊണ്ട്,നമുക്ക് ലോകത്തിൽ നമ്മുടെ ഇടം കണ്ടെത്തുന്നത് നിർത്താം. എന്നിട്ട് കൂട്ടം വിട്ട് പോയതിനെ ചങ്കോട് ചേർത്തുവക്കുന്ന ദൈവത്തിന്റെ ഉള്ളിൽ ഇടം പിടിക്കാൻ ശ്രമിക്കാം. കാരണം എന്നും നിലനിൽക്കുന്ന ഇടം കർത്താവിന്റെ നെഞ്ചിൽ മാത്രമേ നമുക്ക് കിട്ടൂ.അപ്പോൾ ഒറ്റപ്പെട്ടുപോകുന്ന ഒരുപാടു പേരുള്ള ഈ ലോകത്ത്, അവരുടെ മുൻപിൽ ഒരു റോൾ ദൈവം നമുക്ക് തരും. അത് ഹീറോ എന്നുള്ളതല്ല,മറിച്ചു ഒറ്റപ്പെട്ടു പോയവന്റെ തോളുചേർന്ന് നടക്കുന്ന രണ്ടാം ക്രിസ്തു എന്ന റോളാണത്.അപ്പോൾ നമുക്ക് മനസിലാകും ഇതിലും വലിയൊരു ഇടം നമുക്ക് ജീവിതത്തിൽ ലഭിക്കാനില്ല എന്ന്. അതിനാൽ ആരും തുണയില്ലാത്ത അവസ്ഥയിൽ അപരന് ഓർക്കാൻ പറ്റുന്ന ഒരു ക്രിസ്തുവായി നമ്മളും മാറട്ടെ....അങ്ങനെ ജീവിക്കാം ക്രിസ്തുവായിട്ടു ഇനിയുള്ള കാലമെങ്കിലും.....

# The Synod on Synodality



Br. Ajin Tomi
Latin Archdiocese of Trivandrum



## Dilexit Nos
## Pope Francis

Dilexit Nos, is an encyclical of Pope Francis on the Sacred Heart of Jesus, presents a profound meditation on love as embodied in the heart of Christ and its transformative potential for individuals and society. Pope Francis urges a return to the heart, both as a symbol of Christ's love and as the seat of genuine human depth, unity and connection.

### The Heart as a Symbol of Jesus' Love

Pope Francis opens by discussing how the heart of Jesus symbolizes divine and human love. Drawing from scripture and theological tradition, he explains that the heart reflects Jesus' invitation to friendship and intimacy with humanity. This love is compassionate, self-giving and faithful and it never failing even when met with human weakness or sin. Pope Francis cites the Gospels, where Jesus speaks directly from the heart, demonstrating that his ministry was not merely about moral teaching but about embodying and sharing a love that is both personal and communal.

### Rediscovering the Heart in a Modern World

The encyclical then addresses the modern



world's need to reconnect with the heart, a concept Pope Francis believes is more relevant than ever in today's "liquid society"-a society characterized by instability, fragmentation and superficiality. He argues that our culture, often driven by consumerism and fast-paced technology, tends to prioritize appearances and instant gratification over meaningful personal growth and relationships. In this context, the heart represents a place of rootedness and unity, enabling people to reconcile reason with emotion and connect authentically with themselves and others. Rediscovering the heart, Pope Francis asserts, can counter the societal tendencies that isolate individuals and dilute human values.

**The Heart as the Seat of Authenticity and Self-Knowledge**

Pope Francis emphasizes that the heart is where individuals encounter their true selves. Unlike the superficial images people often project, the heart reveals sincerity, guiding one's actions and intentions. Drawing on Biblical and philosophical perspectives, he explains that the heart has always been seen as the place where a person's deepest truths are held. It is where we confront who we are, our desires and our limitations. By being honest with ourselves, we can experience transformation and draw closer to others in genuine relationships. Pope Francis highlights the need for each person to ask essential questions about identity, purpose and direction, all of which require introspection rooted in the heart.

**Social and Political Implications of the Heart**

Moving beyond personal transformation, Pope Francis discusses how the heart can also guide social and political life. He calls for actions that emerge from love, compassion and a commitment to justice. In this light, the heart serves as a source of ethical and moral insight, motivating individuals to prioritize the common good and build a society rooted in empathy and solidarity. Pope Francis argues that when people live from the heart, they can better resist the allure of selfishness, division and injustice, instead working towards reconciliation, peace and mutual respect.

**Devotion to the Sacred Heart**

The encyclical also explores the longstanding tradition of devotion to the Sacred Heart of Jesus. This devotion, Pope Francis explains, is not simply about venerating an image but about entering into a relationship with Christ, who fully embodies divine and human love. Devotion to the Sacred Heart invites believers to contemplate Jesus' personal sacrifice and unconditional love, inspiring them to live in a way that reflects this love in the world. Pope Francis emphasizes that this devotion is both Christ centered and Trinitarian, as it ultimately leads believers closer to God the Father and the Holy Spirit, who fills Christ's heart with divine love.



**Practical Expressions of Devotion**

Pope Francis provides examples of practical expressions of this devotion, such as spending time in prayer, participating in the Eucharist and performing acts of mercy. He mentions the tradition of Eucharistic adoration and the practice of receiving communion on the first Friday of each month as ways to draw close to Christ's heart. These practices remind believers of Jesus' continuous presence and His desire for an intimate relationship with humanity. Pope Francis encourages these acts as paths toward personal holiness and as a means of sustaining one's spiritual life amid the distractions of modern society.

**The Sacred Heart and Social Renewal**

The heart of Jesus, Pope Francis suggests, has the potential to inspire not only personal transformation but also societal change. He envisions a "civilization of love", where devotion to the Sacred Heart moves beyond individual piety to shape communities marked by compassion and justice. This love calls for respect for the dignity of every person, care for the vulnerable and efforts toward social justice. For Pope Francis, the Sacred Heart represents God's love for all humanity, especially those suffering from poverty, violence or marginalization and he encourages believers to respond to these needs with love.

**Historical and Contemporary Perspectives on the Sacred Heart**

The encyclical also reviews the historical context of the Sacred Heart devotion, tracing its development from early Christian writings to modern teachings of the Church. Pope Francis reflects on contributions by various popes, such as Leo XIII and John Paul II, who promoted this devotion as a response to secularism and moral rigorism. He highlights how this devotion has served as a reminder of God's mercy and an antidote to spiritual coldness or detachment. Pope Francis also acknowledges modern challenges, like secularism and disembodied forms of spirituality, urging believers to renew their devotion to the Sacred Heart as a way to confront these trends.

**Conclusion: A Call to Transformation through Love**

In closing, Pope Francis reiterates the invitation to embrace the heart of Jesus as a pathway to divine love, unity and purpose. By aligning themselves with the Sacred Heart, believers can experience personal healing, foster deeper relationships and contribute to a more compassionate world. This love is both a personal call to holiness and a communal call to build a society based on justice, mercy and peace. The Sacred Heart, according to "Dilexit Nos", is not just a symbol but a lived reality that has the power to transform both individuals and societies. Pope Francis calls for a renewed devotion to the heart of Jesus as a foundation for spiritual and social renewal, encouraging all believers to find in Christ's heart the courage and inspiration to create a world grounded in love and solidarity.

# പാപിയുടെ കുരിശുയാത്ര

ബലിവേദിയാം തലയോടിടത്തിൽ
ബലിയേകി ജീവൻ വെടിഞ്ഞവനേ
ബലിയായ് സ്വയം ത്യജിച്ച താതാ
ബലവാനായ ദൈവപുത്രാ

പാപാന്ധകാരം മാറ്റീടുവാൻ
പാപമേശാതെ താൻ പാപിയായി
പാപിക്കായ് ക്രൂശു വഹിച്ചവനേ
പാപം മോചിക്കുവാൻ ജീവനേകി

രക്ഷയ്ക്കായ് സ്വയമേറ്റു ലോകപാപം
രക്ഷിച്ചു മരണത്താൽ മാനവരെ
രക്ഷാകരപദ്ധതി പൂർത്തിയാക്കി
രക്ഷതൻ മാർഗ്ഗമായ് കുരിശേകി നീ

സദ്വചനത്തിൻ സാക്ഷ്യമായി
സഹനത്തിൻ മാതൃക കാട്ടിയീശോ
സർവ്വേശ്വരൻ സ്വയം യാഗമായി
സാത്താനും യൂദായും ഓടിപ്പോയി

അറിയുന്നു താതാ നിൻ സ്നേഹമിന്ന്
അനുതപിക്കുന്നിതാ പാപിയാം ഞാൻ
അനുഗമിക്കാൻ കൃപ ചൊരിയേണമേ
ആയുസ്സിൻ നാളെല്ലാം ക്രൂശുമെന്തി

ബന്ധനങ്ങളാമെൻ പാപങ്ങളെ
ബന്ധിച്ചു ക്രൂശോടു ചേർത്തുവച്ചു
ബലിയർപ്പിക്കാൻ വരുന്നിതാ ഞാൻ
ബലമേകണേ, എന്നും താങ്ങാകണേ

സ്വാന്തനമായ് വെറോനിക്കയില്ല
സഹനസഹായകൻ ശീമോനുമില്ല
സഹയാത്രികനായി കൂടേണമേ
സർവേശ്വരാ എൻ യേശുനാഥാ

തോളേറ്റിയെൻ പാപക്കുരിശുകളെ
തളരുന്നു ഭാരത്താലെൻ ശരീരം
തരുമോ, ഇനിയെന്നിൽ ആത്മശക്തി
താങ്ങാനീ കുരിശിനെ അന്ത്യത്തോളം?



റോയി പൂച്ചേരിൽ,
ബഹ്റൈൻ


'കർത്താവ് നൽകിയ അനുഗ്രഹങ്ങൾക്ക് ഞാൻ എന്തു പകരം കൊടുക്കും? രക്ഷയുടെ
പാനപാത്രമുയർത്തി കർത്താവിന്റെ നാമം ഞാൻ വിളിച്ചപേക്ഷിക്കും.'
( സങ്കീർത്തനം 116:12 )
തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, അടൂർ
90
ഇടവക നവതി ആഘോഷം
2024 നവംബർ 17 മുതൽ 24 വരെ

# ഓർമ്മയിൽ ശ്രേഷ്ഠാചാര്യന്മാർ




ആർച്ച് ബിഷപ്പ്
**ബനഡിക്ട്**
**മോർ ഗ്രിഗോറിയോസ്**
മെത്രാപ്പോലീത്തായുടെ
ദുക്റോനോ പെരുന്നാൾ

10 Oct
1994





ഫാ. ജോഷ്വാ കുറ്റിയിൽ OIC

# ബഥനിയുടെ തപോധനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി.


മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പും, ബഥനി ആശ്രമാംഗവുമായ മലങ്കരയുടെ സൂര്യതേജസ്സ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ വ്യക്തിത്വത്തിന്റെ ശക്തിസ്രോതസ്സ് എന്തായിരുന്നു എന്നതാണ് ഇവിടെ പ്രതിപാദന വിഷയം. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ വ്യക്തിത്വം കടൽ പോലെയാണ്. ഈ കടലിന്റെ കരയിൽ നിന്നും വീക്ഷിക്കുവാൻ മാത്രമേ എന്നെ പോലെയുള്ളവർക്ക് കഴിഞ്ഞിട്ടുള്ളൂ. അതിന്റെ ആഴവും വ്യാപ്തിയും തിരിച്ചറിയുവാനും ഈ കടലിന്റെ ആഴത്തിലെ വിലപിടിച്ച മുത്തുകളും വിലമതിക്കാനാവാത്ത രത്നങ്ങളും ഇനിയും കണ്ടെത്തേണ്ടതുണ്ട്. അദ്ദേഹം കാലം ചെയ്തിട്ട് 30 വർഷങ്ങൾ പിന്നിട്ടിട്ടും ഇന്നും അദ്ദേഹം മനുഷ്യഹൃദയങ്ങളിൽ വസിക്കുന്നു, ഇന്നും ജീവിക്കുന്നു. തിരുമേനി മെത്രാൻ പദവിയിൽ എത്തിയപ്പോൾ എടുത്ത ആപ്തവാക്യം “സ്നേഹം മമ ദീപം” എന്നതാണ്. ദൈവം സ്നേഹവും പ്രകാശവും ആകുന്നു എന്ന് ദൈവം വസിച്ച ദൈവത്തിന്റെ ആലയമായ അദ്ദേഹം ജീവിതത്തിലൂടെ കാണിച്ചു തന്നു. ഈ ആപ്തവാക്യം നൂറു

ശതമാനം അന്വർത്ഥമാക്കിയ വ്യക്തിയായിരുന്നു അദ്ദേഹം. അതുകൊണ്ടാണ് അദ്ദേഹം മലങ്കരയ്ക്ക് അന്നും ഇന്നും സൂര്യതേജസ്സായി നിലനിൽക്കുന്നത്. ആ സൂര്യതേജസ് മലങ്കരയ്ക്ക് മാത്രമല്ല ഈ ഭാരതത്തിനും ലോകം മുഴുവനും വെളിച്ചം പകരുന്നു.

ഈ സൂര്യതേജസിന്റെ വെളിച്ചത്തിന്റെ ശക്തി അദ്ദേഹത്തിന്റെ താപസ ജീവിതമായിരുന്നു. സന്യാസ ജീവിതത്തിൽ നിന്നും ബഥാന്യൻ ജീവിതശൈലിയിൽ നിന്നും അദ്ദേഹം ആർജ്ജിച്ചെടുത്തതായിരുന്നു ഈ താപസ ജീവിതം. അദ്ദേഹത്തിന്റെ ഈ താപസ, സന്യാസ ജീവിതം (Ascetic and Monastic) അദ്ദേഹത്തെ ഒരു മഹർഷീശ്വരൻ ആക്കിതീർത്തു. തിരുമേനി തന്റെ സന്യാസ ജീവിതത്തിൽ സ്വീകരിച്ച നാമം ബനഡിക്ട് എന്നായിരുന്നു. പാശ്ചാത്യ ലോകത്തിലെ താപസനായിരുന്നു വിശുദ്ധ ബനഡിക്ട്. വിശുദ്ധ ബനഡിക്ടിനെ പോലെ മലങ്കരയിലെ ഈ ഭാരതത്തിലെ താപസനായിരുന്നു അദ്ദേഹം. രൂപത്തിലും ജീവിതത്തിലും അദ്ദേഹം താപസനും മഹർഷിയുമായിരുന്നു. അതായിരുന്നു അദ്ദേഹത്തെ മറ്റുള്ളവരുടെ മുൻപിൽ ഏറെ സ്വീകാര്യനാക്കി തീർത്തത്.

ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത പ്രാർത്ഥനയുടെയും തപസ്സിന്റെയും മനുഷ്യനായിരുന്നു. രാത്രിയുടെ നീണ്ട യാമങ്ങളിൽ ഏകാന്തമായി ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത പ്രാർത്ഥിക്കുമായിരുന്നുവെന്ന് ദൃക്സാക്ഷികൾ സാക്ഷ്യപ്പെടുത്തിയിരുന്നു. എത്ര ദീർഘദൂര യാത്ര ചെയ്തിട്ട് വന്നാലും ചാപ്പലിൽ കയറി പ്രാർത്ഥിക്കാതെ ഗ്രിഗോറിയോസ് തിരുമേനി മുറിയിൽ കയറിയിട്ടില്ല. തിരുമേനിയുടെ യാത്രകളിൽ കാറിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചും യാമനമസ്കാരങ്ങൾ യാമങ്ങളായി അർത്ഥിച്ചുമായിരുന്നു യാത്ര ചെയ്തതെന്ന് ദീർഘകാലം അദ്ദേഹത്തിന്റെ ഡ്രൈവർ ആയിരുന്ന കരുന്തോടുയാക്കാരൻ കുര്യച്ചൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ വിശുദ്ധ കൂദാശ അനുഷ്ഠാനങ്ങൾ ഭക്തിസാന്ദ്രങ്ങളായിരുന്നു. തിരുമേനി ആ ദൈവാനുഭവത്തിൽ ആയിരിക്കാനാണ് വിശുദ്ധ കുർബാനയും മറ്റു കൂദാശകളും ചെയ്തിട്ടുള്ളത്. ആ സമയത്ത് തിരുമേനിയുടെ മുഖം പ്രകാശപൂരിതമായിരുന്നു. തിരുമേനിയുടെ പൗരോഹിത്യ ശുശ്രൂ



ബനഡിക്ട് മാർ ഗ്രിഗോറിയോസ്

ഷകൾ വലിയ ദൈവാനുഭവം ആയിരുന്നു. ഒരു വലിയ ശക്തിയുടെ ആവാസത്തിന്റെ അനുഭവം പട്ടം വാങ്ങിക്കുന്ന അർത്ഥികൾ വ്യക്തമായി അനുഭവിച്ചിരുന്നു. അത് അനുഭവിച്ചിട്ടുള്ള അനുഭവ സാക്ഷ്യത്തിന്റെ ഉടമകൂടിയാണ് ഞാൻ. ഉപവസിച്ച് പ്രാർത്ഥിച്ചിട്ട് അല്ലാതെ പട്ടം നൽകിയിട്ടില്ല അർത്ഥികളോടൊപ്പം ഒന്നിച്ച് ഉപവസിച്ച് പ്രാർത്ഥിക്കുമായിരുന്നു. തിരുമേനിയുടെ മറ്റു എല്ലാ ദർശനങ്ങളും അത് കുടുംബ ജീവിതമാകട്ടെ, വിദ്യാഭ്യാസമാകട്ടെ, കൃഷിയും തൊഴിലുമാകട്ടെ അതെല്ലാം തന്റെ ആത്മീയ ജീവിത നിഷ്ഠയിൽ നിന്ന്, തപസ്സിൽ നിന്ന് ഉളവായിട്ടുള്ളതായിരുന്നു.

ഒരു താപസന്റെ ജീവിതമാകുന്ന ലാളിത്യവും വിനയവും ശാന്തതയും അദ്ദേഹത്തിന്റെ ജീവിതത്തിൽ നിലനിന്നിരുന്നു. സത്യം, സമാധാനം, ഭക്തി, ഔദാര്യം, കൃതജ്ഞത ഇതെല്ലാം ഈ താപസ ജീവിതത്തിന്റെ ബഹിസ്പുരകങ്ങളായിരുന്നു. തിരുമേനിയെ പലപ്പോഴും സാമൂഹിക പ്രവർത്തകനായും സാംസ്കാരിക നവോത്ഥായകനുമായൊക്കെ കാണുമ്പോഴും ഇതിനെല്ലാം പ്രേരകങ്ങളായി നിന്നിരുന്ന അദ്ദേഹത്തിന്റെ താപസ, സന്യാസ ജീവിതം വിസ്മരിക്കപ്പെടുന്നതല്ല. "മഹതേ മഹർഷേ , ഭാരത ക്രൈസ്തവമുനീ അന്നും ഇന്നും മനുഷ്യഹൃദയങ്ങളിൽ വാണാലും"



# ഓർമ്മയിൽ ആചാര്യന്മാർ

ആചാര്യശ്രേഷ്ഠാ നിൻരഹസ്യങ്ങൾ
പരികർമ്മിച്ചൊരു ആചാര്യനേകുക
പുണ്യം നാഥാ സ്തോത്രം!

## Thiruvananthapuram

| | |
|---|---|
| Rev. Fr. Thomas Palathumthalakal ( Kottarakara) | 30-10-1959 |
| Rev. Fr. Thomas Kaithanal | 30-10-2021 |
| Rev. Fr. Sebastian Nedumkallel | 15-10-1992 |
| Rev. Fr. Pathrose Kizhakeveettil (Pathanamthitta) | 15-10-1964 |
| Rev. Fr. Pathrose Keeppallil (Kudassanad) | 09-10-1944 |
| Rev. Fr. P .K. Daniel Puthenpurayil | 09-10-1986 |
| Rev. Fr. Mathew Thekkumkattil | 23-10-1995 |
| Rev. Fr. Joseph Vazhapilleth (Vadasserikara) | 10-10-1967 |
| Rev. Fr. Joseph Thazhathuveettil | 02-10-2001 |
| Rev. Fr. Joseph Kaippallil | 30-10-2021 |
| Rev. Fr. Geevarghese Thadathil | 26-10-2004 |
| Rev. Fr. Geevarghese Kannimel (Cheppad) | 10-10-1953 |
| Rev. Fr. Daniel Ayyaneth | 10-10-2006 |
| Rev. Fr. Chacko Mundappally Kainakary | 26-10-1985 |
| Rev. Fr. C.T. Geevarghese Panicker | 23-10-1986 |

## Triruvalla

| | |
|---|---|
| Rev. Fr. Thomas Neelampilalil | 27 -10-2003 |
| Rev. Fr. Thomas Moolamannil | 14 -10-1959 |
| Rev. Fr. Philipose Vakkanampadath | 07-10- 1947 |
| Rev. Fr. George Thundiyil | 14 -10-2019 |
| Rev. Fr. Eapen Nechikattil | 27-10-1980 |
| Fr. Varghese Kunnumpurath | 29-10-2019 |

## Bethery

| | |
|---|---|
| REV. FR. PHILIP- KOTTUPPALLY | 2012-10-11 |
| RT. REV. APREM REMBAN | 2012-10-27 |

## Bethany

| | |
|---|---|
| Fr. Gabriel Thykadavil OIC | 09 -10- 2006 |

# ഓർമ്മയിൽ വന്ദ്യ സന്ന്യാസിനിമാർ

"നിൻ ദയയിങ്കൽ ശരണിതയായ്
നിദ്രയടഞ്ഞൊരു സോദരിയെ നിൻ മഹിമോദയ
ദിവസത്തിൽ നിൻ കാരുണ്യം കാട്ടേണം"

## ബഥനി സന്ന്യാസിനിമാർ

### SISTERS OF THE IMITATION OF CHRIST

| | |
|---|---|
| Mother Shyna | 10-10-1951 |
| Mother Huba | 24-10-1971 |
| **THIRUVANANTHAPURAM** | |
| Sr. Sevana | 26-10-1985 |
| Sr. Theophila | 31-10-1989 |
| Sr. H'feetha | 06-10-1999 |
| Sr. Amsa | 24-10-2004 |
| Sr. Gemma SIC | 11-10-2021 |
| **THIRUVALLA** | |
| Sr. Helen | 10-10-1993 |
| Sr. Vincent | 06-10-2000 |
| Sr. Resmi | 24-10-2007 |
| Sr. Boniface | 10-10-2016 |
| Sr. Appolonia | 24-10-2017 |
| Sr. Viyani | 04-10-2019 |
| Sr. Leo | 17-10-2022 |
| **BATHERY** | |
| Sr. Sudha | 22-10-2017 |
| Sr. Thybuse SIC | 15-10-2021 |

## മേരി മക്കൾ സന്ന്യാസിനിമാർ

### Congregation of the Daughters of Mary

| | |
|---|---|
| Rev.Sr.Rose Xavier DM - | 23-10-1980 |
| Rev.Sr.Augustina DM - | 22-10-1994 |
| Rev.Sr.Crispin DM - | 14-10-1997 |
| Rev.Sr.Rose DM - | 28-10-1998 |
| Rev.Sr.Grace DM - | 11-10-2011 |
| Rev.Sr.Vijaya DM - | 29-10-2011 |
| Rev.Sr.Cicily John DM - | 12-10-2013 |
| Rev.Sr.Mary Sabeena DM - | 18-10-2014 |
| Rev.Sr.Mary Magdalene DM - | 19-10-2014 |
| Rev.Sr.Vincent DM - | 17-10-2018 |
| Rev.Sr.Mary Monica DM - | 01-10-2022 |

(ജീവിതത്തിന്റെ വരമ്പുകളിലൂടെ നടക്കുന്ന ചിലർ ഉന്മാദികൾ.ഓർമ്മകളുടെ അഴങ്ങളിലേക്കും തിരിച്ചും വഴുതി വീഴുന്നവർ.ബോധത്തെയും ചിന്തായെയും പിടികിട്ടാതെ അഴിച്ചിടുന്നവർ.എല്ലാം തിരികെ എത്തുമ്പോഴും ആരുമില്ലാത്ത പോകുന്നവർ. മനസ്സ് ഇടറിയവരുടെ ഇന്നലെയും ഇന്നും നാളെയും..ബാംഗ്ലൂർ നിമ്ഹാൻസ് ആശുപത്രിയിൽ നഴ്സിംഗ് പഠനത്തിന്റെ ഭാഗമായി 3 മാസം സൈക്കാട്രി പോസ്റ്റിംഗിന് പോയപ്പോൾ കണ്ട കരളിയിക്കുന്ന കാഴ്ചകൾ ആണ് ലേഖനത്തിനാധാരം.ഇതിൽ ഉപയോഗിച്ച വ്യക്തികളുടെ പേരുകളും സ്ഥലവും യഥാർത്ഥമല്ല).

# ഓർമ്മകൾക്ക് മരണമില്ല

## (നഴ്സിംഗ് ഓർമ്മകൾ -2)




ജോബി ബേബി
രെജിസ്റ്റേർഡ് നഴ്സ്കെ ഒ സി ഹോസ്പിറ്റൽ,
കുവൈത്ത് മിനിസ്ട്രി ഓഫ് ഹെൽത്ത്
(Email- jobybaby1989@gmail.com )

മഴയാണ്, തണൽ മരങ്ങളിൽ ഒരു നിമിഷം തങ്ങി നിന്ന് ഇരട്ടി ഭാരത്തോടെ മണ്ണിനെ തൊടുന്ന മഴ മഴത്തണുപ്പിനെ ഏറ്റുവാങ്ങി മൂടിപ്പുതച്ചുറങ്ങുന്ന ത്പോലെ ആശുപത്രി മുറ്റവും പരിസരവും ശാന്തം. മഴ മണ്ണിന്റെ ഉഷരതയെ ശമിപ്പിച്ചത് പോലെ മനുഷ്യ മനസ്സുകളെയും ശാന്തരാക്കിയിരിക്കാം. മനസ്സിന്റെ നിയന്ത്രണവും അതോടെ തന്നെത്തന്നെയും നഷ്ടപ്പെടുന്ന ചിലർ ജീവിക്കുന്ന ഇടത്താണ് നിൽക്കുന്നതെന്ന് അപ്പോൾ തോന്നിയില്ല. ലോകത്തിലെ തന്നെ ഏറ്റവും വലിയ മാനസീകാരോഗ്യ കേന്ദ്രമായ നിമ്ഹാൻസ് ആശുപത്രിയ്ക്ക് പറയാൻ എത്രയെത്ര കഥകളാണ്.കാലവും ബോധവും എങ്ങനെയൊക്കെയാണ് മനസ്സുകളെ മാറ്റി മറിക്കുന്നതെന്ന ചിന്തയിൽ മഴ മറന്നുനിൽക്കെ പൊടുന്നനെ ഒരു കൈകൊട്ടിവിളി. വെളുക്കെ ചിരിച്ച് ഒരു മുത്തശ്ശി ക്ഷണിക്കുകയാണ്.

എന്തേയെന്ന് ചോദിച്ച് അടുത്തെത്തിയതും ഒന്നുമില്ലെന്ന് പറഞ്ഞു അവർ ഗേറ്റിന് പിന്നിൽ മറഞ്ഞു. സുരക്ഷാ ജീവനക്കാരൻ ഗേറ്റ് ചങ്ങലയിട്ട് പൂട്ടി. ഗേറ്റിനു പിന്നിൽ നീളൻ വരാന്തകളുള്ള കെട്ടിടം ആരംഭിക്കുന്നു.ഇവിടത്തെ അനേകം വാർഡുകളിൽ ഒന്ന്, അതിന് എതിർ വശത്തായി കുറച്ചു മാറി വൈദ്യുതി ഷോക്ക് നൽകുന്ന മുറി മഴ നനഞ്ഞു കിടക്കുന്നു.

ആരായിരുന്നു അത്? അതിന്റെ ഉത്തരത്തിൽ നിന്ന് തുടങ്ങാം. 20വർഷത്തിലേറെയായി ആശുപ



ത്രിയുടെ ഭാഗമാണവർ.പോകാൻ ഇടമില്ലാത്ത രോഗമില്ലാത്ത 'രോഗി'. നാടും വീടും ബന്ധു വിവരങ്ങളും ഇല്ലാതെ രജിസ്റ്ററിൽ ഒരു പേരുമാത്രമായി.

വീട്ടിൽ പോകണമെന്ന് ചിലപ്പോൾ തോന്നും. പക്ഷേ എവിടെയാണത്? ഓർമ്മ പോര ഇവിടെ കൊണ്ടു വിട്ടവർ പിന്നെ വന്നില്ലല്ലോ? ബാംഗ്ലൂർ എവിടെയോ വെസ്റ്റ് ഹിൽ എന്ന് ഉറപ്പിച്ചു പറഞ്ഞ ദിവസം ആശുപത്രിയിൽ നിന്ന് പുറപ്പെട്ടു. പറഞ്ഞ വഴികളിലെല്ലാം പോയെങ്കിലും ആരും തിരിച്ചറിഞ്ഞില്ല. തിരിച്ചും.ലാൽബാഗിലാണെന്ന് പറഞ്ഞ സമയം ഒരു ദിവസം അവിടേയും കറങ്ങി. അതും വെറുതെയായി രോഗം മാറിയിട്ടും പിന്നെയും വർഷങ്ങൾ പിന്നിടുന്നു ഇപ്പോൾ. എന്നെങ്കിലും ചിലർ വരുമെന്നും കൂട്ടിക്കൊണ്ടുപോകുമെന്നുള്ള പ്രതീക്ഷയിൽ ഇവർ കാത്തിരിക്കുന്നു.

ആയുസ്സിന്റെ സായന്തനങ്ങൾ വെളിവായിത്തുടങ്ങിയ 80പിന്നിട്ട ആ ശരീരത്തിന് രോഗമുണ്ടാകുമോ? അറിയില്ല.വർഷങ്ങൾക്ക് മുൻപൊരു വൈകുന്നേരം ഇവരെ ആശുപത്രിയിൽ കൊണ്ട് വന്നവർ ഇപ്പോഴും എവിടെയൊക്കെയോ ഉണ്ടാകും.ഇതെല്ലാം അറിഞ്ഞും കണ്ടും.

***

മുകളിലുള്ളത് ബാംഗ്ലൂർ നിംഹാൻസ് മാനസീകാരോഗ്യ കേന്ദ്രത്തിലെ മാത്രം അനുഭവമല്ല. കേരളത്തിലെ കോഴിക്കോട്, തൃശൂർ, തിരുവനന്തപുരം തുടങ്ങി മറ്റനേകം ഇടങ്ങളിലേതും കൂടിയാണ്. തടവറയിൽ അകപ്പെട്ട പോലെ വർഷങ്ങളായി കുറെ പേർകടുത്ത കുറ്റവാളികൾക്ക് പോലും ശിക്ഷാകാലയിളവും മോചനവുമുള്ളപ്പോൾ കുറ്റമൊന്നുമില്ലാതെ ഇവർ 'ജീവപര്യന്തം'തടവിലാണ്. രോഗമുണ്ടെങ്കിലും ഇല്ലെങ്കിലും. കൂട്ടിക്കൊണ്ട് പോകാനും കൂട്ടിരിക്കാനും ആരുമില്ലാതെ തനിച്ച്.മഴയിൽ, വെയിലിൽ, ഋതുഭേദങ്ങളിലൂടെ ഉന്മാദത്തിന്റെ ഏറ്റക്കുറച്ചിലുകൾക്കൊപ്പം ഒറ്റക്ക്.

മനസ്സിന്റെ താളംതെറ്റി ഒരിക്കലിവിടെയെത്തിയാൽ ഭൂരിപക്ഷത്തിനും പിന്നെയൊരു തിരിച്ചുപോക്കില്ല.നിംഹാൻസിൽ ഉള്ള നിരവധിയാളുകൾ രോഗം ഭേദമായവരാണ്. ഇരുപതും മുപ്പതും വർഷമായി കാത്തിരിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. ഉന്മാദികളുടെ നൊമ്പരങ്ങളെല്ലാം നമുക്ക് കഥയിലും സിനിമയിലും കണ്ടും വായിച്ചും കളയാനുള്ള നേരമ്പോക്കുകൾ മാത്രം.

***

എട്ടാം വാർഡിൽ തന്റെ മുറിയുടെ ഒരു കോണിൽ പ്രതീക്ഷകൾ അസ്തമിച്ചു നിറങ്ങൾ നഷ്ടപ്പെട്ട മുഖഭാവങ്ങളോടെ ഒരമ്പതുകാരി.10വർഷത്തിലേറെയായി ഇവർ കാത്തിരിപ്പാണ്.
മംഗലാപുരത്ത് മകനും മകളുമുണ്ട് എമ്പാടും ബന്ധുക്കളും ആരും വരുന്നതേയില്ല. ബന്ധു



ക്കളാൽ സമ്പന്നമായൊരു ഭൂതകാലം ഇവർക്കുണ്ടായിരുന്നു.ഭർത്താവിനും മക്കൾക്കുമൊപ്പം നാട്ടിലും ഗൾഫിലുമായി ആഹ്ലാദകരമായ കാലം.ഇടയ്ക്കെപ്പഴോ മനസ്സൊന്നു താളംതെറ്റി. ഭർത്താവ് മരിച്ചു.മക്കൾ നിമ്ഹാൻസിൽ വിട്ട് മടങ്ങി.അൽഫാം, ഷവർമ്മ തുടങ്ങി അറബിപ്പേരുള്ള ഭക്ഷണങ്ങൾ ഏതോ ഭൂതകാല രുചിയോർമ്മകളിൽ ഇവരിപ്പോഴും ആവശ്യപ്പെടുന്നു.ചാർട്ട് പ്രകാരം ഭക്ഷണം വിളമ്പുന്ന ആശുപത്രിയിൽ അതൊക്കെ ആര് എത്തിക്കാനാണ്. വീട്ടിൽ
പോകണമെന്ന് എപ്പോഴും പറയും.അപ്പോൾ മക്കളെ ഫോണിൽ വിളിക്കും. ആരും എടുക്കില്ല. കോടികൾ മൂല്യമുള്ള സ്വത്തിനുടമയാണവർ. ഒരിക്കൽ ഈ ജീവൻ നിൽക്കുമ്പോൾ ആ അവകാശം ലഭിക്കാനായി മക്കളിലരെങ്കിലും വരുമായിരിക്കും. എട്ടാം വാർഡിൽ കുറച്ചുനാൾ മുൻപ് വരെ മറ്റൊരമ്മയുണ്ടായിരുന്നു. രണ്ടു മക്കളിലൊന്നിനെ തീവണ്ടി യാത്രയിൽ നഷ്ടപ്പെട്ടതിന്റെ ആധിയിൽ സമനില തെറ്റിയ യുവതി. തീവണ്ടിവേഗതയിൽ ഒരു മകൾ മറഞ്ഞതിനൊപ്പം ആ മനസ്സിൽ നിന്ന് ഓർമ്മയും വാർത്തമാനവും കൂടിയാണ് മാഞ്ഞു പോയത്.ബാക്കിയായ മകൾ ബാലഭവനിലും ഇവർ ആശുപത്രിയിലുമായി കഴിഞ്ഞത് വർഷങ്ങൾ.മകളെ കാണാതെ,അങ്ങനെ ഒരാൾ ഉണ്ടെന്നറിയാതെ ഒരമ്മ.അമ്മയെ കാണാതെ അനാഥയെപ്പോലെ മറ്റൊരിടോത്തൊരു മകൾ. ഇതൊന്നുമറിയാതെ ദൂരെ എവിടെയോ തനിച്ച് മറ്റൊരു പെൺകുട്ടിയും!
പിതാവിന്റെ അർധസഹോദരനൊപ്പമാണ് ബാംഗ്ലൂർ സിറ്റിയിൽ നിന്നുള്ള യുവാവ് എത്തിയത്. കൂട്ടുനിൽക്കാൻ അയാളെ നിർത്തി അടുത്ത ബന്ധുക്കൾ മടങ്ങി.ഒരുമാസത്തിനകം യുവാവിന് വീട്ടിൽ പോകാമെന്നായി.ഡിസ്ചാർജ് നടപടികൾ പൂർത്തിയായി പുറത്തിറങ്ങാൻ നേരം കൂട്ടിരുന്നയാൾ അപ്രത്യക്ഷമായി.തിരികെ അയക്കേണ്ടെന്ന് വീട്ടുകാരും കട്ടായം പറഞ്ഞു.അതിന് അവർ പറഞ്ഞ കാരണം അറിയണം-കൂട്ടുകാർ രോഗ വിവരം പറഞ്ഞു കളിയാക്കും, അതിൽ വിഷമിച്ചു ഇയാൾ മദ്യത്തിൽ അഭയം തേടും.പിന്നെ ബഹളവും അക്രമവുമാകും.അതിനാൽ അവിടെത്തന്നെ നിൽക്കട്ടെ.

***

ഒ. പി യിൽ പതിവ് പരിശോധനയ്ക്ക് ഊഴം കാത്തിരിക്കുകയാണ് ഒരുമ്മ.ആ ജീവിതം പറഞ്ഞത് നഴ്സാണ്.മകന്റെ ഒമ്പതാം വയസ്സിലാണ്

മനസ്സിൽ കനം വന്നുതുടങ്ങിയത്.മനം ഇടറിതുടങ്ങിയതോടെ ഭർത്താവ് അകന്നു.മറ്റു മാർഗമൊന്നുമില്ലാതെ സഹോദരൻ ഇവരെ ആശുപത്രിയിൽ എത്തിച്ചു.ആ മനസ്സിനെ അത് കൂടുതൽ ആസ്വസ്തമാക്കി.പിന്നെ വർഷങ്ങൾ നീണ്ട ആശുപത്രിവാസം.ആദ്യമെല്ലാം കാണാനെത്തിയ സഹോദരൻ പിന്നെ വരാതെയായി.മറ്റനേകരെപ്പോലെ അവരും ഇവിടെ തനിച്ചായി.പുറത്തുള്ളവർ പക്ഷേ തനിച്ചായിരുന്നില്ല.ഭർത്താവ് വേറെ വിവാഹം കഴിച്ചു.മകൻ വളർന്ന് പട്ടാളക്കാരനായി.ഉമ്മ അതൊന്നുമറിഞ്ഞില്ല.ആരും അറിയിച്ചുമില്ല.രോഗം സുഖപ്പെട്ടു വർഷങ്ങൾ കഴിഞ്ഞു.ആശുപത്രിയിൽ നിന്ന് മകന്റെ വീട്ടിലേക്ക് വിളിച്ചു.ഫോണെടുത്തു മരുമകൻ. അമ്മയുമായി ഒരു ബന്ധവുമില്ലെന്നും സഹോദരനാണ് നോക്കിയിരുന്നെന്നും മറുപടി.മകനെ ഏൽപ്പിക്കൂ എന്ന് പറഞ്ഞു സഹോദരനും ഒഴിഞ്ഞു.'നിങ്ങളെ ആർക്കും വേണ്ടെന്ന്'പറയാനാകാതെ ഡോക്ടർമാർ കുഴങ്ങി.നിർബന്ധത്തിന് വഴങ്ങി അവർ അമ്മയെ സ്വീകരിച്ചു.രണ്ട് വർഷം കഴിഞ്ഞിരിക്കുന്നു.ഇപ്പോൾ ഇടയ്ക്കുള്ള പരിശോധനക്ക് മാത്രം ആശുപത്രിയിൽ എത്തിയാൽ മതി.പഴയ നഴ്സിനെ കണ്ടെതും അവർ ഓടിവന്ന് കെട്ടിപിടിച്ചു.കുശലാന്വേഷണം നടത്തി.സുഖമെന്നറിയിച്ചു.ഒ. പിയിൽ ഊഴം എത്തിയതോടെ വാക്കുകൾ നിർത്തി മടങ്ങി.തിരക്കിട്ടു നടക്കുന്ന അവരുടെ വാക്കുകളിൽ ഒരു നിഴൽ വീണുകിടക്കുന്നത് പോലെ തോന്നി.അവർക്കവിടെ സന്തോഷമായിരിക്കുമോ?


***

ചിത്തഭ്രമം രോഗമാണെന്നും ശാസ്ത്രീയ ചികിത്സയുണ്ടെന്നും രോഗത്തെ പിടിച്ചു നിർത്താമെന്നും ഭൂരിപക്ഷവും ബോധവാന്മാരെയല്ല.മനസീകാശുപത്രി പരിസരത്ത് കാണാവുന്നവരെല്ലാം അവർക്ക് ഭ്രാന്തന്മാരാണ്.മനസ്സ് ഒരിക്കൽ താളം തെറ്റിയാൽ ജീവിതകാലം മുഴുവൻ ഭ്രാന്തന്മാരും.ആ കഥകൂടി പറയാം.നിംഹാൻസ് ആശുപത്രിയിലെ ഡി അഡിക്ഷൻ സെന്റർ. കുടി നിർത്തണമെന്ന ഉൾവിളിയിൽ ഒരിക്കൽ ഒരാൾ അവിടെയെത്തി.ഉന്നത ജോലിയും സമൂഹത്തിൽ മാന്യതയുടെ പരിവേഷവുമുള്ളയാൾ.ഒന്ന് രണ്ട് വരവോടെ അയാൾ മദ്യത്തോട് വിടചൊല്ലി. ജീവിതം കൂടുതൽ മനോഹരമായി.അവസാനമായി എത്തിയത് ഒരു ആഘോഷദിനത്തിലായിരുന്നു.ഡോക്ടറെ കാണാൻ കാത്തിരിക്കവേ ഭാര്യയുടെ ഓഫീസിലെ കുറച്ചുപേർ മാനസീകാരോഗ്യ ആശുപത്രിയിലെ അന്തേവാസികൾക്കുള്ള ഭക്ഷണവുമായി അതു വഴി വന്നു.തന്റെ ദുശീലം മറച്ചുവെച്ചിരുന്ന അയാൾക്ക് 'എന്തെ എവിടെയെന്ന്'അവരുടെ ചോദ്യത്തിന് ഉത്തരം നൽകാനായില്ല.വ്യക്തമല്ലാത്ത രീതിയിൽ അയാളെന്തൊക്കയോ പറഞ്ഞു.പിന്നെയെല്ലാം ഊഹങ്ങളായിരുന്നു.നിംഹാൻസിൽ ഡോക്ടറെ കാണാൻ വരിനിൽക്കുന്നവർക്ക് രോഗം അതു തന്നെ.വാർത്ത പരക്കാൻ സമയമേറെ വേണ്ടി വന്നില്ല.അയാൾ പഴയ ഇരുണ്ട വഴിയിലേക്ക് തിരിച്ചു നടക്കാനും.

***

ഓരോ വാർഡിനുമിടയിൽ,റീഹാബിലിറ്റേഷൻ ഹാളിൽ,ഒ. പി മുറിയിൽ പ്രതീക്ഷയോടെ തല ഉയർത്തുന്ന മുഖങ്ങൾ,ചിത്രങ്ങൾ...പറയാൻ ഇനിയും ജീവിതങ്ങളേറെയുണ്ട്. അതിന് സ്ഥലം തികയാതെ വരും. അറിയേണ്ടതൊന്നുണ്ട് ഏവരും കാത്തിരിപ്പിലാണ് ചിലരെ തേടി ആളുകൾ വരും. മറ്റുചിലർ സ്വയമറിയാതെ മേൽവിലാസമില്ലാതെ മരിച്ചു പോകും. ഏതോ ആശുപത്രിയുടെ പഠന മേശയിലും സ്മശാനത്തിലും അനാഥരായി കിടക്കും.ഈ ആശുപത്രിയിൽ തന്നെ അജ്ഞാതരായ നിരവധിപേരുണ്ട്. പോസ്റ്റിംഗ് കഴിഞ്ഞു തിരിച്ചിറങ്ങുമ്പോൾ ലോഹഅക്ഷരങ്ങളിൽ പതിപ്പിച്ച ആശുപത്രിയുടെ പേരിലേക്ക് ഒന്ന് നോക്കി ചുറ്റുമതിലിന് താഴിടുന്ന വലിയ ഗേറ്റിലേക്കും.എന്നെ, എന്നേക്കൂടി കൊണ്ടുപോകൂ എന്ന് അവർക്ക് പിന്നിലിരുന്ന് ആരൊക്കെയോ മൗനമായി നിലവിളിക്കുന്നുവോ!മഴ അടങ്ങിയിട്ടില്ല

## ആദരാഞ്ജലികൾ..



**ഡോക്ടർ എ. ജെ . വർഗീസ് (94)**

**(കുഞ്ഞു വറീച്ചൻ)**

പരേതൻ, ടൊറൊന്റോ സെൻറ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ്.



# ഏഫാത്ത

ഷാനി മോൾ മിന്റു

## തടസ്സങ്ങളെ അവസരങ്ങളാക്കുക

ജീവിത പ്രവാഹം തടസ്സങ്ങൾ ഇല്ലാത്തതല്ല, ഏറിയും കുറഞ്ഞുമുള്ള അനുഭവങ്ങൾ ആയിരിക്കുമെന്ന് മാത്രം. ചിലർ പ്രതിബന്ധങ്ങളിൽ തട്ടി ഇടറി വഴിമുട്ടി നിൽക്കുമ്പോൾ മറ്റു ചിലർ കൂടുതൽ കരുത്തോടെ തടസ്സങ്ങളെ അതിജീവിച്ച്
മുന്നേറുന്നു. ജീവിതപശ്ചാത്തല വും സാഹചര്യവും വ്യത്യസ്തായിരിക്കും മായിരിക്കുന്നതു പോലെ നേരിടേണ്ട പ്രതിസന്ധികളും ഭിന്നങ്ങളായിരിക്കും.

ആരോഗ്യവാനും ദൃഢഗാത്രനുമായ ഒരു യുവാവ്. അവനു രണ്ടുവയസ്സുള്ളപ്പോൾ അവന്റെ പിതാവ് അവനെയും മാതാവിനെയും ഉപേക്ഷിച്ചതാണ്. മാതൃസംരക്ഷണ യിൽ അവൻ വളർന്നു. പ്രാണതുല്യം അവൻ അമ്മയെ സ്നേഹിച്ചു. പല പ്രയാസങ്ങളും അമ്മയ്ക്കും മകനും നേരിടേണ്ടി വന്നു. ആ മാതാവ് നൽകിയ വിലപ്പെട്ട ഒരു ഉപദേശം അവൻ വേദവാക്യം പോലെ ഉൾക്കൊണ്ടു. Make every obstacle an oppertunity.. ഓരോ തടസ്സത്തേയും അവസരമാക്കി മാറ്റണം.

ഈ ഉപദേശത്തിന്റെ ഉൾ ക്കാമ്പാണ് പരിശുദ്ധ കന്യകമറിയത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്. ഒരു സ്ത്രീ എന്ന നിലയിൽ നേരിടേണ്ടി വന്ന പ്രതിസന്ധികൾ, മാതൃത്വം സ്വീകരിച്ചപ്പോൾ മുതൽ അമ്മ നേരിടേണ്ടി വന്ന പ്രശ്നശരങ്ങൾ നമ്മുടെയെല്ലാം ചിന്തകൾക്കതീതമാണ്. എന്നാൽ അവയിലെല്ലാം മൗനം പാലിച്ചുകൊണ്ട് ദൈവഹിതത്തിന് പൂർണമായി വിട്ടു കൊടുത്തുകൊണ്ട്.'ഇതാ കർത്താവിന്റെ ദാസി 'എന്നുള്ള എളിമയുടെ മകുടം സ്വീകരിച്ച പരിശുദ്ധ മറിയമായിരിക്കട്ടെ നമ്മുടെ മാതൃക. പ്രതിസന്ധിധികളെ നന്മയിൽ വളരാനുള്ള അവസരങ്ങളാക്കി നമുക്ക് മുന്നേറാം....






Adv Shini Mary Sanu
kerala high court
+91 86064 95264

# നിയമം ഇനി മുതൽ അന്ധമല്ല

നിയമങ്ങൾ കേവലം അന്ധമായികൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്. പല തരത്തിലുള്ള മനുഷ്യാവകാശ ലംഘനകളും മറ്റും, എറിവരുന്നതും നാം കാണുന്നതുമാണ്. ഇന്ത്യ എന്നയീ കൊച്ചു രാജ്യത്തിൽ നടന്നു കൊണ്ടിരിക്കുന്ന കുറ്റകൃത്യങ്ങളുടെ കണക്കെടുത്താൽ അതു അത്ര ചെറുതൊന്നും അല്ലെന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്. അതുപോലെ തന്നെ ഈ നിയമലംഘകർക്ക് എതിരെ നടപടികൾ എടുക്കുന്നതിൽ ഉള്ള വീഴ്ചകൾ അതിലേറെയും.

എന്നാൽ നീതി എല്ലാവരെയും തുല്യമായി കാണുന്നു എന്നതിന് പ്രതീകമായിട്ടാണ് 17/10/2024 ൽ ചീഫ് ജസ്റ്റിസ് DY Chandrachud, സുപ്രീം കോടതിയിലെ നീതി ദേവതയുടെ പ്രതിമയിൽ മാറ്റം വരുത്തുവാൻ നിർദേശം നൽകിയിരിക്കുന്നത്. സുതാര്യമായ നീതിയുടെ പ്രേതീകമായി പ്രതിമയുടെ പാരമ്പരാഗത കണ്ണട നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ നീതി ദേവതയുടെ കൈയിലെ വാളിനു പകരം ഭരണഘടനയുടെ ഒരു പകർപ്പ് നൽകിയിട്ടുമുണ്ട്. ഇതു ബലപ്രേയോഗത്തിന് മുകളിൽ നിയമാവഴ്ചയുടെ പ്രാധാന്യം ഊന്നിയൂന്നി പറയുന്നവയുമാണ്

# എന്റെ അപ്പച്ചൻ



ലിബി

മണിവിളക്കിലെ ഈ പംക്തിയിൽ ഇതുവരെ ജീവിച്ചിരുന്ന അല്മായരെ മാത്രമാണ് പരിചയപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ ലക്കം നിങ്ങളെ പരിചയപ്പെടുത്തുന്നത് തന്റെ ജീവിതത്തിൽ ദൈവം ഏൽപിച്ച ദൗത്യങ്ങൾ പൂർത്തിയാക്കികൊണ്ടു ഏതാനം ദിവസങ്ങൾക്ക് മുന്നേ കടന്നുപോയ എന്റെ അപ്പച്ചനെയാണ്.

" സ്വർഗ്ഗത്തിൽ ദൈവത്തിന്റെ മുറിയുടെ വാതിലിൽ ഒരു ഒരാൾ മുട്ടുന്നത് കേട്ടുകൊണ്ട് ദൈവം കതക് തുറന്നപ്പോൾ ഒരു മുണ്ടും, ഖാദി ഷർട്ടും ധരിച്ച്; പോക്കറ്റിൽ ഒരു പേനയും കുഞ്ഞു ഡയറിയും, കക്ഷത്തിൽ ഒരു ദേശാഭിമാനി പത്രവും വെച്ചുകൊണ്ട്, തലമുടി പറ്റെ വെട്ടിഒതുക്കി പുഞ്ചിരിതൂകി പ്രസന്നവദനനായ ഒരു മനുഷ്യൻ നിൽക്കുന്നത് കണ്ടു. കയ്യിൽ ഒരു പരാതി കടലാസുമുണ്ട് "ദൈവമേ ദയവുചെയ്തു ഈ കാര്യം ഒന്ന് ശരിയാക്കികൊടുക്കണം പാവപ്പെട്ടവർ ബുദ്ധിമുട്ടിലാണ് എന്ന് അദ്ദേഹം ദൈവത്തോട് പറഞ്ഞു. ആരുടെയോയും പ്രശ്ന പരിഹാരത്തിനായി ശുപാർശ ചെയ്യാൻ സ്വർഗ്ഗത്തിലും യാതൊരു മടിയും കാണിക്കാത്ത ആ മനുഷ്യന്റെ പേര് പാലവിളയിൽ പുത്തൻവീട്ടിൽ ഒ. തങ്കച്ചൻ."

ഇത് വെറും അതിശയോക്തിയല്ല എന്റെ അപ്പച്ചൻ ഒ.തങ്കച്ചൻ, നാട്ടുകാരുടെയെല്ലാവരുടെയും പ്രിയപ്പെട്ട തങ്കച്ചായൻ തന്റെ 73 വർഷക്കാലം ഭൂമിയിൽ ജീവിച്ചത് ഇങ്ങനെ ആയിരുന്നു. 1951 ജൂൺ 17 ൽ ജനിച്ചത് മുതൽ 2024 ഒക്ടോബർ 13 ന് മരണപ്പെടുന്നത് വരെ ഇതായിരുന്നു അദ്ദേഹത്തിന്റെ ദൈനംദിന പ്രവർത്തനം. ഒരുപാട് പേർക്ക് വേണ്ടി ഓടി ഒരുപാട് ജീവിതങ്ങൾ അപ്പച്ചൻ രക്ഷപെടുത്തിയെങ്കിലും ഒരു രൂപയോ എന്തെങ്കിലും ഒരു പ്രതിഫലമോ അദ്ദേഹം ചെയ്ത സേവനങ്ങൾക്ക് വാങ്ങിയിരുന്നില്ല. ഭക്ഷണം പോലും രാത്രിയിൽ വീട്ടിൽ വന്ന് കഴിക്കുക മാത്രമേ ഉണ്ടായിരുന്നുള്ളു.

കുറത്തികാട് പഴയ സുറിയാനി പള്ളി (ഇന്ന് മാർ ത്തോമാ പള്ളി) യിൽ നിന്ന് ചേരാവള്ളിൽ



യൂഹാന്നോൻ കത്തനാരും മകൻ മാത്യുസ് കത്തനാരും ധന്യൻ മാർ ഇവാനിയോസ് തിരുമേനിയുടെ സാന്നിധ്യത്തിൽ കാതോലിക്കാ സഭയുമായി പുനരൈക്യപെട്ട് കുറത്തികാട് സെന്റ്. ജോൺസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക സ്ഥാപിച്ചപ്പോൾ വന്ദ്യ ചേരാവള്ളിൽ അച്ചന്മാരുടെ കൂടെ ഉണ്ടായിരുന്നതും ഇടവകയുടെ പ്രഥമ പ്രധാന ശ്രുശ്രൂഷകനു (കപ്യാർ) മായിരുന്ന പാലവിളയിൽ ഉണ്ണിയുടെയും ശോശ്ശാമ്മയുടെയും മകനായി 1951 ൽ ജനനം.

ചുനക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ആയിരുന്നു പഠനം. രാവിലെ സ്കൂളിലേക്ക് പോകുമ്പോൾ വല്യമ്മച്ചി കൊടുത്തു വിട്ടിരുന്ന ഉച്ചയൂണ് പോകുന്ന വഴിയിൽ ഏതെങ്കിലും കുട്ടികൾക്കോ ഭക്ഷണം കഴിക്കാൻ വഴിയില്ലാത്തവർക്കോ കൊടുത്തിട്ട് അപ്പച്ചൻ ഉച്ചക്ക് പട്ടിണി ഇരിക്കുമായിരുന്നു. ചെറുപ്പം മുതലേ സഹജീവികളോട് സ്നേഹം ഉണ്ടായിരുന്ന വ്യക്തി ആയിരുന്നു. സ്കൂൾ സമയം കഴിഞ്ഞു കുറത്തികാട് ചന്തയിലുള്ള പലചരക്ക് കടയിൽ ദിവസവും 50 പൈസ കൂലിക്ക് വേണ്ടി ജോലിക്ക് പോകുമായിരുന്നു. 10 ആം ക്ലാസ് വിജയിച്ചതിന് ശേഷം മുഴുവൻ സമയവും ജോലിയും കൃഷിയും കെ.എം മാണി നേതൃത്വം നൽകുന്ന കേരളാ കോൺഗ്രസ്സിന്റെ സജ്ജീവ പ്രവർത്തകനുമായി തന്റെ സുഹൃത്തും സന്തത സഹചാരിയുമായ ചേരാവള്ളിൽ ശ്രീ. എബ്രഹാം ടൈറ്റസ് സാറിനോടൊപ്പം പ്രവർത്തിച്ചു. ഉന്നത വിദ്യാഭ്യാസം നേടിയ ശ്രീ എബ്രഹാം ടൈറ്റസ് സാറുമായി സഹോദതുല്യമായ ബന്ധമുണ്ടായിരുന്ന അപ്പച്ചന്റെ പ്രവർത്തനങ്ങളെല്ലാം ഒരുമിച്ചായിരുന്നു. താൻ കഷ്ടപ്പെട്ടു ജോലി ചെയ്തു കൂട്ടിവെച്ച പൈസക്ക് തുടങ്ങിയ പലചരക്ക് കട സഹധർമ്മിണി, കുഞ്ഞുമോളെ ഏല്പിച്ചിട്ടു നാടിനുവേണ്ടി പ്രവർത്തിക്കാൻ എബ്രഹാം സാറിനൊപ്പം പോകുമായിരുന്നു.

1984 ൽ ശ്രീ എബ്രഹാം ടൈറ്റസ് സാറിനെ ആർ.എസ്.എസ് കാർ കൊലപ്പെടുത്തുകയുണ്ടായി. ടൈറ്റസ് സർ മുണ്ടക്കയത്തേക്ക് അപ്പച്ചനെ ഒരു ആവശ്യത്തിന് പറഞ്ഞു അയച്ചിരിക്കുകയായിരുന്നു. പിറ്റേ ദിവസത്തെ പത്രത്തിലൂടെ അപ്പച്ചൻ വിവരം അറിയുകയും ഉടനടി കുറത്തികാട് എത്തുകയും വേണ്ട കാര്യങ്ങൾ ചെയ്യുകയും ചെയ്തു. ശ്രീ ഏബ്രഹാം ടൈറ്റസ് സാറിന്റെ മൃതസംസ്കാര ശ്രുശ്രൂഷ നടത്തിയത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അന്നത്തെ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ആയിരുന്നു. അടക്കം കഴിഞ്ഞു അഭിവന്ദ്യ തിരുമേനി അപ്പച്ചനെ മുറിയിലേക്ക് വിളിപ്പിച്ചു "ഇതിന്റെ പേരിൽ യാതൊരു പ്രതികാര നടപടികളും ഉണ്ടാകരുത്, ഈ ദേശത്തിന്റെ സമാധാനത്തിന് കോട്ടം തട്ടരുത് "എന്ന് നിർദ്ദേശിക്കുകയുണ്ടായി. അപ്പച്ചൻ അത് സമ്മതിക്കുകയും സ്വീകരിക്കുകയും ചെയ്തു, മരണം വരെ അപ്പച്ചൻ ആ വാക്ക് പാലിക്കുകയും ചെയ്തു. നിയമപരമായി മാത്രം അവരെ നേരിട്ടു. തങ്ങൾ ആയിരുന്ന പാർട്ടിക്കാർ സാക്ഷി പറയാൻ കൂട്ടാക്കാതെ ഇരിക്കുകയും ചിലർ കള്ളസാക്ഷി പറയുകയും ചെയ്തപ്പോൾ അതിൽ മനം നൊന്തു അപ്പച്ചൻ സി.പി.ഐ.എം അംഗത്വമെടുക്കുകയും തെക്കേക്കര പ്രദേശത്തെ പാർട്ടിയുടെ തുടക്കക്കാരനായി മാറി. ടൈറ്റസ് സാറിന്റെ കേസ് നടത്തി നിയമപരമായി ടൈറ്റസ് സാറിനും കുടുംബത്തിനും നീതി വാങ്ങി കൊടുക്കുകയും ചെയ്തു. ഇത്രയൊക്കെ ആണെങ്കിലും പല അവസരങ്ങൾ വന്നിട്ടും തിരെഞ്ഞെടുപ്പിൽ ഒരു സ്ഥാനാർഥി ആയി മത്സരിക്കാൻ തയ്യാർ ആകാതെ മറ്റുള്ളവരെ മത്സരിപ്പിച്ചു വിജയിപ്പിച്ചു ഒട്ടേറെ പേരെ രക്ഷപ്പെടുത്തിയ ആൾ ആണ് അപ്പച്ചൻ. അപ്പച്ചന്റെ പോക്കറ്റിൽ ഒരു കുഞ്ഞു ഡയറി ഉണ്ട് ഒട്ടേറെ വ്യക്തികളുടെ നമ്പർ അതിനുള്ളിൽ ആണ് ഉള്ളത്. ആ ഡയറി വഴിയായി എന്ത് നല്ല കാര്യവും നടക്കുമായിരുന്നു.

"ഞാൻ ഒരു കത്തോലിക്ക വിശ്വാസിയായും കമ്മ്യൂണിസ്റ്റുകാരനായും ജീവിച്ചു; മരിക്കുന്നതും ഒരു കത്തോലിക്കനായും കമ്മ്യൂണിസ്റ്റുകാരനായും ആയിരിക്കും" അപ്പച്ചന്റെ രോഗം മൂർച്ഛിക്കുന്നതിന് മുൻപേ അപ്പച്ചൻ പറഞ്ഞ വാക്കുകളാണിത്. ഈ പറഞ്ഞത് അക്ഷരംപ്രതി ശരിയായിത്തന്നെ ആയിരുന്നു അപ്പച്ചൻ ജീവിച്ചത് , സാധാരണ ഒരു മനുഷ്യന് ഇങ്ങനെ ഒരേസമയം ക്രൈസ്തവൻ ആയിട്ടും കറതീർന്ന കമ്മ്യൂണിസ്റ്റ് കാരൻ ആയിട്ടും ജീവിക്കാൻ സാധിക്കുകയില്ല. എന്നാൽ അപ്പച്ചൻ അങ്ങനെ ജീവിച്ചു. വളരെ അതിശയിപ്പിക്കുന്ന ജീവിതമാണ് അപ്പച്ചൻ നയിച്ചത്. അപ്പച്ചൻ ഇന്നേവരെ പാർട്ടിക്ക് വേണ്ടി ദൈവത്തെയോ പള്ളിയെയോ സഭയെയോ തള്ളിപറഞ്ഞിട്ടില്ല. ആരെയും വെറുപ്പിക്കാത്ത ആരെയും വേദനിപ്പിക്കാത്ത എല്ലാവരോടും ഒരു പുഞ്ചിരിയോടെ ഇടപെടുന്ന, ഒരേസമയം ഒരു കമ്മ്യൂ

ണിസ്റ്റുകാരനും ഒരു കത്തോലിക്കനുമായി ജീവിച്ച 40 വർഷമായി പള്ളി കമ്മിറ്റി അംഗവും, 23 വർഷം സെക്രട്ടറി ട്രസ്റ്റി എന്നീ നിലകളിലും പ്രവർത്തിച്ചുകൊണ്ടു ആർക്കും അനുകരിക്കാൻ സാധിക്കാത്ത ഒരു ജീവിത മാതൃകാവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു എന്റെ അപ്പച്ചൻ ശ്രീ ഒ.തങ്കച്ചൻ.

താൻ സ്വന്തമായി അധ്വാനിച്ചു ഉണ്ടാക്കിയ പലചരക്ക് കടയിൽനിന്നും കൃഷിയിൽ നിന്നും ഉള്ള വരുമാനം അല്ലാതെ അപ്പച്ചൻ താൻ ചെയ്തുകൊടുക്കുന്ന സേവനങ്ങൾക്കും സഹായത്തിനും യാതൊരു പ്രതിഫലവും ഒരു രൂപത്തിലും വാങ്ങുക ഇല്ലായിരുന്നു. അപ്പച്ചന് സൈക്കിൾ മാത്രമേ ഓടിക്കാൻ അറിയുകയുള്ളൂ. സാധിക്കുന്ന ദൂരത്തേക്ക് എല്ലാം സൈക്കിളിൽ പോയി ആവശ്യക്കാരുടെ കാര്യങ്ങൾ ശുപാർശ ചെയ്തും ഒക്കെ നടത്തികൊടുക്കുമായിരുന്നു. അകലെ എവിടെയെങ്കിലും പോകുവാൻ ഉണ്ടെങ്കിൽ ആരുടെയെങ്കിലും ബൈക്ക് ഏർപ്പാട് ചെയ്തു അതിനു പിന്നിൽ ഇരുന്ന് പോകുമായിരുന്നു. കൂടെ വരുന്ന ആൾക്ക് വാഹനത്തിൽ ഇന്ധനം നിറക്കാൻ ഉള്ള പൈസ പോലും ആവശ്യക്കാരുടെ കയ്യിൽനിന്നു വാങ്ങുക ഇല്ലായിരുന്നു അപ്പച്ചന്റെ കയ്യിൽനിന്നു ആയിരുന്നു ആ ചിലവുകൾ നടത്തിയിരുന്നത്. അത്രമാത്രം സത്യസന്ധതയും ആത്മാർത്ഥതയും ഉള്ള വ്യക്തി ആയിരുന്നു അദ്ദേഹം. അപ്പച്ചൻ തുടങ്ങിയ പലചരക്ക് കടയിൽ വീട്ടിലേക്ക് സാധനം വാങ്ങുവാൻ പണം ഇല്ലാത്തവർക്ക് യാതൊരു മടിയും കൂടാതെ കടന്നുവന്നു സാധനങ്ങൾ വാങ്ങാമായിരുന്നു.
പിന്നീട് അവരോട് പണത്തിന്റെ കാര്യം ഓർമ്മിപ്പിക്കുക പോലും ഇല്ലായിരുന്നു.

അപ്പച്ചൻ തികഞ്ഞ ദൈവഭക്തൻ ആയിരുന്നു പള്ളിയിൽ പ്രാർത്ഥനയും , ശുശ്രൂഷകളും , വിശുദ്ധ കുർബാനയും നടക്കുമ്പോൾ എപ്പോഴും വിങ്ങി പൊട്ടി കരഞ്ഞു പ്രാർത്ഥിക്കുന്ന വ്യക്തി ആയിരുന്നു അപ്പച്ചൻ. "എന്റെ ദൈവമേ എന്ന് വിളിക്കാത്ത" ഒരൊറ്റ നിമിഷം പോലും അപ്പച്ചന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഇടവകയിലെ വികാരി അച്ചന്മാരോടും, അവിഭക്ത
തിരുവനന്തപുരം അതിഭദ്രാസനത്തിലെയും മാവേലിക്കര ഭദ്രാസനത്തിലെയും വൈദീകരുമായും അപ്പച്ചന് നല്ല ബന്ധം ഉണ്ടായിരുന്നു. പണ്ട് കാലത്ത് പറമ്പിൽ ഒരു നീന്തൽ കുളം ഉണ്ടായിരുന്നു പണ്ട് കാലത്തു വികാരി അച്ചന്മാർ വീട്ടിൽ വരികയും ആ കുളത്തിൽ ഇറങ്ങി കുളിച്ചു ഭക്ഷണവും കഴിക്കുകയും ചെയ്തിരുന്നു. അത്ര മാത്രം അടുപ്പം ഇടവകയിലെ വൈദീകർക്ക് അപ്പച്ചനോടും അപ്പച്ചന് വൈദീകരോടും ഉണ്ടായിരുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണിത്.

ആരുടെ എങ്കിലും കയ്യിൽ നിന്ന് എന്തെങ്കിലും കിട്ടാൻ വേണ്ടിയിട്ടു അപ്പച്ചൻ ഒന്നും ചെയ്തിട്ടില്ല പ്രാർത്ഥന മാത്രമാണ് അപ്പച്ചൻ എല്ലാവരോടും ആവശ്യപ്പെട്ടിട്ടുള്ളൂ. ഭൂമിയിലെ നിക്ഷേപം ശാശ്വതമല്ലെന്നും ശാശ്വതമായ നിക്ഷേപം സ്വർഗ്ഗത്തിലാണെന്നും അപ്പച്ചന് നന്നായി അറിയാമായിരുന്നു. നാടിനു വേണ്ടിയും , നാട്ടുകാർക്ക് വേണ്ടിയും സേവനം ചെയ്യുവാനായി പാഞ്ഞുപോകുന്നതിന്റെ ഇടയിൽ സ്വന്തം ആരോഗ്യം പോലും ശ്രദ്ധിക്കുകയില്ലായിരുന്നു. അതിന്റെയൊക്കെ പരിണിതഫലം എന്നോണം 10 വർഷങ്ങൾക്ക് മുന്നേ പക്ഷാഘാതം (സ്ട്രോക്ക്) ഉണ്ടാകുകയും അപ്പച്ചന്റെ മുഖം കോടുകയും ശബ്ദത്തിന് ചെറിയ വ്യത്യാസം വരുകയും ചെയ്തിരുന്നു. ചികിത്സയുടെ ഫലമായി മുഖം ശരിയാകുകയും ശബ്ദം ശരിയായി വരുകയും ചെയ്തിരുന്നു. പിന്നീട് ഈ വർഷം ജൂൺ മാസത്തിൽ വീണ്ടും പക്ഷാഘാതം വരികയും ഇടതു വശത്തെ സ്വാധീനം ഏതാണ്ട് 90 ശതമാനവും നഷ്ടപ്പെടുകയും ഡോക്ടർ റെസ്റ്റ് എടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. 73 ആം വയസ്സിലും ചുറുചുറുക്കോടെ ഉന്മേഷവാനായി ആയി നടന്നിരുന്ന അപ്പച്ചനെ ഇപ്പോഴത്തെ ഈ അവസ്ഥ മാനസികമായി തളർത്തി. അപ്പച്ചന്റെ രോഗാവസ്ഥയിൽ മവേലിക്കര ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ആബൂൻ ജോഷ്വാ മോർ ഇഗ്നാത്തിയോസ് തിരുമേനിയും പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ആബൂൻ സാമുവേൽ മോർ ഐറേനിയോസ് തിരുമേനിയും അപ്പച്ചനെ സന്ദർശിക്കുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു എന്നത് അപ്പച്ചന് ലഭിച്ച വലിയൊരു ദൈവാനുഗ്രഹം ആയി കാണുന്നു. 2024 ഒക്ടോബർ 13 തീയതി ഞായറാഴ്ച ഉച്ച സമയത്തു പരിശുദ്ധ അമ്മയോടും ഇടവക മധ്യസ്ഥരായ മാർ യൂഹാന്നോൻ സ്നാപകനോടും, മാർ ഗീവർഗീസ് സഹദായോടും തന്റെ പൂർവ്വികരോടും പ്രിയസുഹൃത്തു ആയിരുന്ന ചേരാവള്ളിൽ ശ്രീ എബ്രഹാം ടൈറ്റസ് സാറിനോടും ചേർന്ന് ഭൂമിയിൽ ദൈവം ഏൽപ്പിച്ച തന്റെ ദൗത്യം പൂർത്തി

യാക്കി സ്വർഗ്ഗത്തിൽ ആർക്കൊക്കെയോ വേണ്ടി ദൈവത്തോട് അപേക്ഷയുമായി ചെല്ലുവാനുള്ള തന്റെ അടുത്ത ദൗത്യത്തിനായി അപ്പച്ചൻ കർതൃ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനിയുടെ മുഖ്യ കാർമി കത്വത്തിലും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെയും സഹോദര സഭകളിലെയും വന്ദ്യ വൈദീകരുടെ സഹ കാർമികത്വത്തിലും അപ്പ ച്ചന് നല്ലൊരു സംസ്കാര ശ്രുശ്രൂഷകൾ കൊ ടുക്കുകയും. നാടിനുവേണ്ടി അക്ഷീണം പരിശ്ര മിച്ച എല്ലാവരുടെയും സ്വന്തം തങ്കച്ചായന് നാടും സഖാക്കളും ചേർന്നുകൊണ്ടു ഒരു നല്ല യാത്രയ യപ്പും നൽകുകയുണ്ടായി. ഈ അവസരത്തിൽ അപ്പച്ചന്റെ സംസ്കാര ശ്രുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിച്ച അഭിവന്ദ്യ പിതാവ് സാമു വേൽ മാർ ഐറേനിയോസ് തിരുമേനിയോടും അപ്പച്ചനെ സന്ദർശിച്ച ജോഷ്വാ മാർ ഇഗ്നാത്തി യോസ് തിരുമേനിയോടും അപ്പച്ചനെ പ്രത്യേകം വിശുദ്ധ കുർബാനയിൽ ഓർത്തു പ്രാർത്ഥിച്ച അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് തിരു മേനിയോടും സഹ കാർമികത്വം വഹിച്ച എല്ലാ വൈദീകരോടും സിസ്റ്റർ അമ്മമാരോടും എല്ലാ ജനങ്ങളോടും സർവോപരി സഭയോടും നന്ദി കരേറ്റുന്നു.

### ഞാൻ കണ്ട അപ്പച്ചൻ.

എന്നെ സംബന്ധിച്ചു അപ്പച്ചൻ എന്റെ ജീവിത ത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വ്യക്തി ആണ്. ഞാൻ ജനിച്ചത് മുതൽ മുതിർന്നു ഈ പ്രായ ത്തിൽ ഞാൻ എന്തൊക്കെ ആയിട്ടുണ്ടോ അതെ ല്ലാം എന്റെ അപ്പച്ചൻ കാരണമാണ്. ഞാൻ ജനിച്ചത് മുതൽ അപ്പച്ചന്റെ ഒപ്പം ആയിരുന്നു ജീ വിച്ചത്, അപ്പച്ചൻ ആയിരുന്നു സ്കൂളിൽ എന്റെ ലോക്കൽ ഗാർഡിയൻ. എനിക്ക് ഓർമ്മ വെച്ച കാലം മുതൽ അപ്പച്ചന്റെ ആ വീട് ഒരു തിരക്ക് പിടിച്ച സ്ഥലം ആയിരുന്നു അതൊരു സമൃദ്ധി യുടെയും കാലം ആയിരുന്നു. റബ്ബർ തോട്ടവും, പശുവളർത്തലും പലചരക്ക് കച്ചവടവും , സൈ ക്കിൾ വാടകക്ക് കൊടുക്കുന്ന കച്ചവടവും, നെൽ കൃഷിയും ഒക്കെ അപ്പച്ചൻ ചെയ്യുമ്പോഴും അതിലൊക്കെ പ്രധാനമായി അപ്പച്ചൻ നാട്ടുകാ രുടെ കാര്യവും നോക്കിയിരുന്നു എന്നത് വളരെ അത്ഭുതം തോന്നിക്കുന്ന കാര്യമാണ്. എപ്പോഴും വീട്ടിൽ ആളുകൾ അപ്പച്ചനെ കാണുവാൻ വരു മായിരുന്നു ഇതിനെല്ലാം ഇടയിൽ എന്റെയൊപ്പം ചിലവഴിക്കാനും എന്നെ അങ്ങണവാടിയിലും , അക്ഷരം പഠിക്കുവാൻ ഓമന ആശാട്ടിയുടെ കള രിയിലും സർവോപരി പള്ളി സൺഡേ സ്കൂളി ലും കൊണ്ട് വിടുവാൻ അപ്പച്ചൻ മുൻകൈ എടു ത്തിരുന്നു. മുന്നിൽ കുട്ടികൾക്ക് വേണ്ടിയുള്ള സീറ്റും ചവിട്ടുന്ന സ്റ്റാന്റും ഉള്ള എന്നെ ഒപ്പം കൊ ണ്ടുപോകാൻ വേണ്ടി അപ്പച്ചൻ പ്രത്യേകം പണി യിച്ച സൈക്കിൾ ഉണ്ടായിരുന്നു അതിൽ ആയിരു ന്നു ഇവിടങ്ങളിലെല്ലാം എന്നെ കൊണ്ട് പോയിരുന്നത്.

നാട്ടുകാർക്ക് എന്നെ അറിയാമെങ്കിലും അവരിൽ ഭൂരിഭാഗം ആളുകൾക്കും എന്റെ പേര് അറിയില്ല എല്ലായിടത്തും ഞാൻ അറിയപ്പെട്ടത് "സീ.ബി.ഐ തങ്കച്ചായന്റെ കൊച്ചുമകൻ" എന്നാണ്. (സീ.ബി. ഐ എന്ന് പേര് വരാൻ കാരണം എന്ത് കേസ് ഉണ്ടെങ്കിലും അപ്പച്ചൻ അവിടെ എത്തുകയും അതിനൊക്കെ പരിഹാരം കാണുകയും ചെയ്യുമാ യിരുന്നു) ചെറുപ്പത്തിൽ ആരെങ്കിലും നീ ഏത് വീട്ടിലെയാണ് എന്ന് എന്നോട് ചോദിക്കുമ്പോൾ "ഞാൻ സീ.ബി.ഐ തങ്കച്ചന്റെ കൊച്ചുമൊനാ" എന്ന് പറയുമ്പോൾ അവരുടെ മുഖത്തുനിന്ന് അപ്പച്ചനോടുള്ള സ്നേഹവും ആദരവും ഞാൻ മനസിലാക്കിയിരുന്നു. കുറത്തികാട് സെന്റ് ജോൺസ് സ്കൂളിൽ പഠിക്കുമ്പോൾ സഹപാഠി കൾ എന്നെ തങ്കച്ചായാ എന്നായിരുന്നു പലപ്പോ ഴും വിളിച്ചിരുന്നത് അത്രമേൽ എന്റെ ജീവിതവു മായി ഇഴുകി ചേർന്ന് കിടക്കുന്ന ഒന്നാണ് എന്റെ അപ്പച്ചൻ എന്നുള്ളത്. എവിടെ പോയാലും അപ്പ ച്ചന്റെ കൊച്ചുമകൻ എന്ന പരിഗണന എനിക്ക് ലഭി ച്ചിരുന്നു. എന്നെ പിരിഞ്ഞു നിൽക്കാൻ അപ്പച്ചന് ഇഷ്ട്ടം അല്ലായിരുന്നു അതുകൊണ്ട് തന്നെയാണ് ഞാൻ പ്ലസ് 2 കഴിഞ്ഞപ്പോൾ അന്യ സംസ്ഥാന ങ്ങളിലൊന്നും പഠിക്കാൻ വിടാതെ വൈകുന്നേരം വീട്ടിൽ എത്തുന്ന തരത്തിലുള്ള ഒരു കോളേജിൽ എനിക്ക് അഡ്മിഷൻ എടുത്തത്. എനിക്ക് ഭക്ഷ ണം തരാൻ അമ്മച്ചി 1 മിനിറ്റ് വൈകിയാൽ "എടി കുഞ്ഞിന് വല്ലോം കൊടുക്കേടി" എന്ന് അമ്മച്ചി യോട് അജ്ഞാപിക്കുമായിരുന്നു. ഞാൻ തെറ്റു കൾ ചെയ്തിട്ടും എന്നെ ഇന്നേവരെ അടിച്ചിട്ടില്ല ചീത്ത പറഞ്ഞിട്ടില്ല ഗുണദോഷിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.
അപ്പച്ചൻ പറഞ്ഞത് അനുസരിച്ചിട്ടു ഇന്നേവരെ ഒരു ദോഷവും എനിക്ക് ഉണ്ടായിട്ടില്ല. ഞാൻ കര യുന്നത് അപ്പച്ചൻ കണ്ടാൽ അപ്പച്ചനും എന്റെ കൂ

ടെ കരയുമായിരുന്നു. ശ്രീ.വർഗീസ് കുറത്തികാട് സാറിനു കൊടുത്ത വാക്ക് പാലിക്കാൻ സി.ബി.എസ്.ഇ പഠിച്ചുകൊണ്ടിരുന്ന എന്നെ കേരളാ സിലബസ് പഠിപ്പിക്കുന്ന സെന്റ്. ജോൺസ് സ്കൂളിൽ ചേർത്തപ്പോൾ അപ്പച്ചനെ ഞാൻ ഒരുപാട് കുറ്റം പറയുകയുണ്ടായി പക്ഷെ അപ്പച്ചന്റെ തീരുമാനത്തിന് വിധേയൻ ആയത്കൊണ്ട് ആകാം ഭാവി ജീവിതത്തിൽ അവശ്യഘട്ടങ്ങളിൽ അപ്പച്ചനെ അനുസരിച്ചത് എല്ലാം എനിക്ക് അനുഗ്രഹം ആയി തീർന്നിട്ടെ ഉള്ളു. അപ്പച്ചനെ പറ്റി എഴുതാൻ ആണെങ്കിൽ ഈ മാസികയിൽ ഉള്ള താളുകൾ തികയാതെ വരും അതുകൊണ്ട് ഈ ലേഖനം അപൂർണ്ണമാണ് എന്ന കാര്യം പ്രിയപ്പെട്ട വായനക്കാരെ ഞാൻ ഓർമ്മിപ്പിക്കുന്നു. അപ്പച്ചനെ പറ്റി ഇനിയും പറയാൻ ഉണ്ട് എഴുതാൻ ഉണ്ട്. നന്ദിയുണ്ട് അപ്പച്ചാ, മകളുടെ മകൻ ആയ എന്നെ കൂടെ താമസിപിച്ചതിന്, മികച്ച വിദ്യാഭ്യാസം തന്നതിന്, പള്ളിയുമായി ബന്ധപ്പെടുത്തി വിശ്വാസത്തിന്റെ ആഴത്തിൽ എന്നെ വളർത്തിയത്തിന്, സത്യസന്ധമായി ജീവിക്കാൻ പഠിപ്പിച്ചതിന്, മറ്റുള്ളവരെ സഹായിക്കണം എന്ന് പഠിപ്പിച്ചതിന്, എനിക്ക് കാവൽ നിന്നതിന്, എനിക്ക് ഭക്ഷണം തന്നതിന്, എനിക്ക് വേണ്ടി അധ്വാനിച്ചതിന് , എന്നെ താങ്ങിയതിന്, എനിക്ക് വേണ്ടി പലഹാരങ്ങൾ വാങ്ങി നൽകിയതിന്, ഞാൻ മരണത്തോട് മല്ലിട്ട് ആശുപത്രിയിൽ കിടക്കുമ്പോൾ പ്രാർത്ഥനയോടെ എനിക്ക് കൂട്ടിരുന്നതിന് എല്ലാത്തിനും ഉപരി ഒരു നല്ല മനുഷ്യൻ ആകാൻ പഠിപ്പിച്ചതിന്, എല്ലാത്തിനും നന്ദി അപ്പച്ചാ.

ഇങ്ങനെ ഒരു വ്യക്തിയുടെ ചെറുമകൻ ആയി ജനിക്കാൻ പദ്ധതി ഒരുക്കിയ സർവ്വശക്തനായ ദൈവത്തിന് ഒരായിരം നന്ദി.

“ഇനിയും ഉണ്ടാകുമോ ഇങ്ങനെ ഒരു മനുഷ്യ ജന്മം? ഇനിയും ഉണ്ടാകുമോ ഇങ്ങനെ ഒരു ജീവിതം?

സ്വർഗ്ഗത്തിൽ ഇരുന്ന് ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ ഒരാൾ ഉണ്ട് എന്ന പ്രതീക്ഷയോടെ.....

എന്നെ വളരെ അധികം സ്നേഹിച്ച, എന്നെ ഞാൻ ആക്കിയ ഈ അപ്പച്ചന്റെ കൊച്ചുമകൻ ആയി ജനിക്കുവാൻ ഒരിക്കൽകൂടി സാധിച്ചിരുനെങ്കിൽ എന്ന ആഗ്രഹത്തോടെ.....



## അറിയാം.

ധൂപക്കുറ്റി വാഴ്വ് സമയത്ത് - ശുശ്രൂഷകൻ ധൂപകലശത്തിൽ കുന്തുരുക്കം ഇടുവിച്ചതിനു ശേഷം ധൂപക്കുറ്റി വാഴ്വിനായി കർമ്മിയുടെ വലതുവശത്ത് വടക്കോട്ട് അഭിമുഖമായി ധൂപകലശം ഉയർത്തി പിടിക്കണം, ഇടതുകൈ നെഞ്ചോട് ചേർത്ത് പിടിക്കണം. (തൂക്കാസാ പേജ് 57 കാണുക) **ധൂപക്കുറ്റി വാഴ്വ് സമയത്ത് ജനം കുരിശു വരയ്ക്കേണ്ട ആവശ്യമില്ല.** ധൂപകലശം ഓരോ വ്യക്തിക്കും അഭിമുഖമായി വീശുന്ന അവസരങ്ങളിലെല്ലാം തല വണങ്ങി കുരിശു വരയ്ക്കണം.



# മാലാഖയെപ്പോൽ പരിശുദ്ധയായ കന്യക

**ഒക്ടോബർ 15**

ആവിലായിലെ ത്രേസ്യയെ 'മാലാഖയെപ്പോൽ പരിശുദ്ധയായ കന്യക' എന്ന വിശേഷണത്തോട് കൂടിയാണ് സഭ ആദരിക്കുന്നത്. പരിശുദ്ധ പിതാക്കന്മാരാൽ നമുക്ക് അറിവായിട്ടുള്ളതും ക്രമരഹിതവും അവ്യക്തവും ആയ നിഗൂഡമായ ആന്തരിക ജീവിതത്തിന്റെ രഹസ്യങ്ങൾ ക്രമവും വ്യക്തവുമാക്കിയത് വിശുദ്ധയാണ്. അവളുടെ രചനകളെല്ലാം തന്നെ ആധ്യാത്മിക നിഗൂഡതയുടെ ഇതിഹാസങ്ങളാണ്. ഫ്രാൻസിസ് ഡി സാലസ്, അൽഫോൺസസ് ലിഗോരി തുടങ്ങിയ പിൽക്കാല ആചാര്യന്മാർ എല്ലാവരും തന്നെ വിശുദ്ധയുടെ അദ്ധ്യാത്മദർശന രീതിയെ അംഗീകരിച്ചിട്ടുണ്ട്.

1515-ൽ സ്പെയിനിലെ ആവില എന്ന സ്ഥലത്തു ഡോൺ അലോൻസോ സാഞ്ചെസ് സെപാഡയുടേയും ഡോണാ ബിയാട്രിസ് ഡവീലയുടേയും മകളായാണ് ത്രേസ്യ ജനിച്ചത്. തന്റെ ഏഴാമത്തെ വയസ്സിൽ യേശുവിന് വേണ്ടി രക്തസാക്ഷിത്വം വരിക്കുന്നതിനായി അവൾ ആഫ്രിക്കയിലേക്ക് പോയെങ്കിലും, അവളെ അവളുടെ അമ്മാവൻ തിരികെ കൊണ്ട് വന്നു. അവളുടെ 12-മത്തെ വയസ്സിൽ തന്റെ അമ്മയുടെ മരണത്തോടെ മാതൃതുല്യമായി തന്നെ കാത്ത് സൂക്ഷിക്കുന്നതിനായി അവൾ പരിശുദ്ധ മറിയത്തോട് നിരന്തരം അപേക്ഷിച്ചു കൊണ്ടിരുന്നു. അമ്മയുടെ മരണശേഷം അവളെ അഗസ്തീനിയൻ കന്യകാസ്ത്രീകളാണ് വളർത്തിയത്.

കന്യകാലയത്തിൻറെ പശ്ചാത്തലത്തിൽ മനസ്സിൽ കിനിഞ്ഞിറങ്ങിയ ആത്മീയ ചിന്തകൾ ത്രേസ്യായെ സന്ന്യാസത്തിലേയ്ക്ക് ആകർഷിച്ചു.1533-ൽ അവൾ കർമ്മല സഭയിലെ അംഗമായി ചേർന്നു. ഏതാണ്ട് പതിനെട്ട് വർഷത്തോളം ശാരീരിക വേദനയും അധ്യാത്മിക ബുദ്ധിമുട്ടുകളും അവളെ അലട്ടി കൊണ്ടിരുന്നു. ദൈവീക പ്രചോദനത്താൽ പിയൂസ് നാലാമൻ മാർപാപ്പായുടെ അനുവാദത്തോടെ അവൾ കർമ്മല സഭയെ നവീകരിക്കുക എന്ന ദൗത്യം ഏറ്റെടുത്തു. കഠിനമായ എതിർപ്പുകളും നിരന്തര ബുദ്ധിമുട്ടുകളും തരണം ചെയ്ത വിശുദ്ധ ഏതാണ്ട് 32-ഓളം പുതിയ മഠങ്ങൾ സ്ഥാപിച്ചു.

ദൈവത്തോടൊപ്പമുള്ള വിശുദ്ധയുടെ നിഗൂഢ ഐക്യത്തിൽ നിന്നുമുള്ള ആന്തരികവും ബാഹ്യവുമായ വെളിപ്പെടലുകൾ ശരിക്കും അതിശയിപ്പിക്കുന്നതാണ്. അവളുടെ ഹൃദയം മാലാഖയുടെ കുന്തത്താൽ മുറിവേൽപ്പിക്കപ്പെട്ട (ട്രേമില്ല്യയല്യമശേ രീൃമറശ) സംഭവത്തോടെ ഈ ദൈവ കൃപകൾ പരിസമാപ്തിയിലെത്തി. ഈ സംഭവത്തെ അനുസ്മരിക്കുന്നതിന് കർമ്മല സഭ ആഗസ്റ്റ് 27 ഒരു പ്രത്യേക തിരുനാളായി കൊണ്ടാടുന്നു. വിശുദ്ധ യൌസേപ്പ് പിതാവിനോട് ഒരു പ്രത്യേക ഭക്തിയും അവൾക്കുണ്ടായിരുന്നു. വിശുദ്ധയുടെ പ്രവർത്തനങ്ങൾ വഴിയാണ് ഔസേപ്പിതാവിനോടുള്ള ആദരവ് സഭയിൽ വളർന്നത്.

അവസാനം വരെ കർമ്മനിരതയായിരുന്ന ത്രേസ്യാ, നവീകൃത സന്ന്യാസസമൂഹങ്ങളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് കിഴക്കൻ സ്പയിനിലെ അൽബായിലേക്ക് നടത്തിയ വിഷമപൂർൺമായ ഒരു യാത്രക്കിടയിൽ തീർത്തും അവശയായി. 1582 ഒക്ടോബർ 4-ന് "ദൈവമേ, ഞാൻ തിരുസഭയുടെ ഒരു മകളാണ്" എന്ന് ഉച്ചരിച്ചു കൊണ്ട് അവൾ അവൾ മരിച്ചു. സ്പെയിനിലെ അൽബായിലുള്ള കർമ്മല പള്ളിയുടെ അൾത്താരയിലെ ഉന്നത പീഠത്തിൽ ആണ് അവളുടെ വിശുദ്ധ ശരീരം അടക്കം ചെയ്തത്. പതിനഞ്ചാം ഗ്രിഗോറിയോസ് മാർപ്പാപ്പ 1622-ൽ ത്രേസ്യായെ വിശുദ്ധപദവിയിലേക്കുയർത്തി

# അൽഫായിയുടെ പുത്രനായ യാക്കോബ് ശ്ലീഹ അഥവാ ചെറിയ യാക്കോബ് ശ്ലീഹായുടെ ഓർമ്മ പരിശുദ്ധ സഭയിൽ ..





യേശു തമ്പുരാന്റെ ശിക്ഷ്യണത്തിൽ ഒരുവനായ മോർ യാക്കോബ് ഗലീല കടൽ തീരത്തിന്റ വടക്ക് പടിഞ്ഞാറുള്ള കഫർന്നഹുമിലാണ് മോർ യാക്കോബ് ശ്ലീഹ ജനിച്ചത് ഇദ്ദേഹത്തിന്റ പിതാവ് അൽഫായിയും മാതാവ് മറിയവും ആണ്. ഈ മറിയ യേശുവിന്റെ മാതാവായ മറിയത്തിന്റ സഹോദരിയാണ് എന്ന് അഭിപ്രായം ഉണ്ട് കർത്താവിന്റെ ക്രൂശിനരികെ മഗ്ദലനകാരത്തി മറിയവും യാക്കോബിന്റെ - യോസേയുടെയും അമ്മ മറിയവും ശോലും (ശലോമി ) ഉണ്ടായിരുന്നു (മർക്കോസ് : 15: 40 ) ഇത് യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ പറയുന്നത്.

ക്ലേയോപ്പാവിന്റെ ഭാര്യ മറിയം എന്നാണ് ഹൽഫായി (വമഹുവമശ ) എന്ന എബ്രായ പദത്തിന്റ തത്തുല്യാമായ ഗ്രീക്ക് പദമാണ് ക്ലേയോപ്പ (രഹലീുമഠ ) ബൈബിളിൽ പുതിയ നിയമത്തിലെ സുവിശേഷങ്ങളിൽ പ്രധാനമായും 3 യാക്കോബ് പിതാക്കന്മാരെ പരാമർശിക്കുന്നുണ്ട്.

1: നീതിമാനായ യാക്കോബ്: യേശുവിന്റെ വളർത്തു പിതാവായ യൗസേപ്പിന്റെ പുത്രനും യേശുവിന്റെ സഹോദരനുമായ യാക്കോബ് ആണ് അദ്ദേഹത്തെ നീതിമാനായ യാക്കോബ് എന്ന് വിളിക്കുന്നു.

2: സെബദി പുത്രനായ യാക്കോബ് : സെബദി പുത്രനും യൂഹാനോൻ ശ്ലീഹയുടെ സഹോദരനുമായ യാക്കോബ് ഇദ്ദേഹം യേശുവിനെക്കാൾ പ്രായം ഉണ്ടായിരുന്നു ഇദ്ദേഹത്തെ വലിയ യാക്കോബ് എന്ന് വിളിക്കുന്നു. ഈ യാക്കോബ് പിതാക്കന്മാരെക്കാൾ പ്രായം കുറവ് ആയതിനാൽ അൽഫായി പുത്രനായ യാക്കോബിനെ ചെറിയ യാക്കോബ് എന്ന് വിളിക്കുന്നു.

യേശു തമ്പുരാന്റെ ശിഷ്യനായി തീർന്ന മോർ യാക്കോബ് പെന്തിക്കോസ്ത് പെരുന്നാൾ ശേഷം ഗാസ (പാലസ്തിൻ ) സുർ (tyr ലെബനൻ ) അറേബ്യൻ നാടുകൾ ഈജിപത് എന്നീ ദേശങ്ങളിൽ സുവിശേഷം അറിയിച്ചു. പരിശുദ്ധനായ മോർ യാക്കോബ് ശ്ലീഹ ഈജിപ്തിൽ വെച്ച് ക്രൂശു മരണത്തിലൂടെ രക്തസാക്ഷിയായി അദേഹത്തിന്റെ ഓർമ സഭ ഒക്ടോബർ 23 ന് ആചരിക്കുന്നു. ആ വിശുദ്ധന്റെ ഓർമ വാഴ്വിനായി തീരുമാറാകട്ടെ...



വര
soji Sam



## 2024 ഒക്ടോബർ 20.
## മിഷൻ ഞായർ
## (മർ, 16:14–18)

മലമുകളിൽ വെച്ച് യേശു തന്റെ പ്രഭാപൂർണ്ണമായ ദിവ്യരൂപം ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തെങ്കിലും തന്റെ മരണവും ഉത്ഥാനനവും സംഭവിക്കുന്നതുവരെ ആരോടും ഒന്നും പറയാതെ രഹസ്യമായി സൂക്ഷിക്കാനാണ് ആവശ്യപ്പെട്ടത് (മർ. 9:9). ആ നിശബ്ദതയുടെ കാലം അവസാനിച്ചിരിക്കുന്നു. അന്ന് സൂചിപ്പിച്ച മരണവും ഉത്ഥാനവും സംഭവിച്ചു കഴിഞ്ഞു. ഇനിയും ചെയ്യാനുള്ളത്, സകലജനത്തിനും ഉണ്ടാകുവാനുള്ള സന്തോഷത്തിന്റെ സദ്വാർത്ത സകല സൃഷ്ടജാലങ്ങളെയും അറിയിക്കുക എന്നുള്ള കർത്തവ്യമാണ് (മർ. 16:15).

യേശുവിന്റെ കാലടിപ്പാടുകളെ പിൻതുടർന്ന് ഒരു വർഷക്കാലം തീർത്ഥയാത്ര ചെയ്യുകയാണ് നാം നമ്മുടെ ആരാധനാ ക്രമവത്സരത്തിന്റെ അനുഷ്ഠാനത്തിൽ കൂടെ ചെയ്തത്. അതിന്റെ പരിസമാപ്തിയിൽ നാം അറിഞ്ഞ, അനുഭവിച്ച, ആഘോഷിച്ച സത്യം മറ്റുള്ളവരെ അറിയിക്കാനുള്ള ആന്തരിക പ്രചോദനം ഉണ്ടാകുന്നില്ലെങ്കിൽ നമ്മുടെ വിശ്വാസ ജീവിതം ശരിയായ ദിശയിൽ ആയിരുന്നില്ല എന്ന് കരുതണം. എത്ര ഭീഷണമായതാക്കീത് ഉണ്ടായിട്ടും അപ്പസ്തോലന്മാർ അധികാരികളോട് മറുപടി പറഞ്ഞതിപ്രകാരമായിരുന്നു. 'ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നത് ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾ തന്നെ വിധിക്കുവിൻ. എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാദ്ധ്യമല്ല' (അ.പ്ര. 4:19 –20). വിശ്വാസജീവിതവും വിശ്വാസ സാക്ഷ്യവും വേർതിരിച്ചു കാണേണ്ടതില്ല. മലമേൽ പണിയപ്പെട്ട പട്ടണം മറഞ്ഞിരിക്കുക സാദ്ധ്യമല്ലല്ലോ. വിശ്വാസജീവിതത്തിന്റെ സ്വാഭാവിക പരിണാമമാണ് മിഷൻ ചൈതന്യം.

'പാപം നിറഞ്ഞതും അവിശ്വസ്തവുമായ ഈ തലമുറയിൽ എന്നെക്കുറിച്ചോ എന്റെ വചനത്തെക്കുറിച്ചോ ലജ്ജിക്കുന്നവനെപ്പറ്റി മനുഷ്യപുത്രനും തന്റെ പിതാവിന്റെ മഹത്വത്തിൽ പരിശുദ്ധ ദൂതന്മാരോടുകൂടെ വരുമ്പോൾ ലജ്ജിക്കും' (മർ.8:38).

പാപപങ്കിലമായ ഈ ലോകത്തിന് അതിൻറേതായ ശൈലിയും കാഴ്ച്ചപ്പാടും ഉണ്ട്. അത് ദൈവീകമായ ചിന്തകളോട് പൊരുത്തപ്പെട്ട് പോകാറില്ല.

യേശു തന്നെ പറഞ്ഞിട്ടുണ്ടല്ലോ. "മനുഷ്യരുടെ മുമ്പിൽ നിങ്ങൾ നിങ്ങളെത്തന്നെ നീതികരിക്കുന്നു. എന്നാൽ ദൈവം നിങ്ങളുടെ ഹൃദയങ്ങളെ അറിയുന്നു. മനുഷ്യർക്ക് ഉൽകൃഷ്ടമായത് ദൈവദൃഷ്ടിയിൽ നികൃഷ്ടമാണ്' (ലൂക്കോ. 16:15). ക്രൈസ്തവൻ ലോകത്താൽ സ്വാധീനിക്കപ്പെട്ട് വഷളാകാനുള്ളവനല്ല; ലോകം നമ്മുടെ ദൈവീകതയാൽ സ്വാധീനിക്കപ്പെട്ട് വിശുദ്ധീകരണം
പ്രാപിക്കേണ്ടതാണ്. നാം നമ്മുടെ കത്തോലിക്കാ വിശ്വാസത്തിൽ അഭിമാനം കൊള്ളുന്നവരും അത് സംരക്ഷിക്കാനായി പ്രാണൻപോലും സമർപ്പിക്കാൻ തയ്യാറുള്ളവരാണോ എന്ന് ഹൃദയങ്ങളെ പരിശോധിച്ചറിയുന്ന ദൈവം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നത്.

വാർത്താ മാദ്ധ്യമങ്ങളുടെ അപാരമായ സാദ്ധ്യതകൾ വർദ്ധിച്ചു പെരുകുന്ന ഇക്കാലത്ത് ലോകത്തിന്റെ അതിർത്തികളോളം സുവിശേഷം അറിയിക്കുവാൻ വിരൽ തുമ്പുകളുടെ ചെറിയ ചലനം മാത്രം മതി. പക്ഷെ ലോകത്തെ ബാധിച്ചിരിക്കുന്ന തിന്മയുടെ ദുർഭൂതത്തെ ഉച്ചാടനം ചെയ്യാൻ മാദ്ധ്യമങ്ങളിലൂടെ ഇടതടവില്ലാതെ പരക്കുന്ന സുവിശേഷ പ്രസംഗത്തിനോ പ്രാർത്ഥനകൾക്കോ കഴിയുമായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ദിനംപ്രതി വർദ്ധിച്ചു വരുന്ന തിന്മകളുടെ ആധിക്യം കണ്ടിട്ടെങ്കിലും നാം തിരിച്ചറിയണം. യേശു ഉദ്ദേശിച്ച വഴി അതല്ല എന്ന്. ആദ്യം നാം സുവിശേഷം ആകണം. അപ്പോഴെ സുവിശേഷം ഏകുവാൻ നാം പ്രാപ്തരാകുകയുള്ളൂ.

മഞ്ഞപ്പിത്തമോ അതുപോലെ പകരുന്നതായ മറ്റേതെങ്കിലും രോഗം ബാധിച്ച ഒരു ഡോക്ടർ രോഗികളെ പരിശോധിക്കുകയും ഓപ്പറേഷൻ നടത്തുകയും നല്ല ഒന്നാംതരം ഔഷധങ്ങൾ നൽകുകയും ചെയ്താൽ രോഗിക്ക് സൗഖ്യമുണ്ടാകുമോ? അയാൾക്ക് ഇല്ലാത്ത രോഗം കൂടി പകർന്നു കൊടുക്കാനല്ലേ ഇടവരൂ. അതല്ലേ 'വൈദ്യാ ആദ്യം നിന്നെത്തന്നെ സുഖപ്പെടുത്തു' എന്ന പഴ മൊഴിയുടെ അർത്ഥം. വാചാലമായ സുവിശേഷ പ്രസംഗമല്ല, സത്യസന്ധമായ സുവിശേഷ ജീവിതമാണിന്നിന്റെ ആവശ്യം.

യേശുവിന്റെ കഥയോ ചരിത്രമോ എത്ര തന്മയത്വത്തോടെ അവതരിപ്പിച്ചാലും യേശുവിന്റെ വേഷം കെട്ടി ചലചിത്രമുണ്ടാക്കി, ടിവിയിലൂടെ ലോകം മുഴുവനും സംപ്രേഷണം ചെയ്താലും കാണുന്നവർ അത് വെറും അഭിനയമോ ക്യാമറാ ടെക്നിക്കോ ആയി മാത്രമേ കണക്കാക്കുകയുള്ളൂ. ദൈവമക്കൾ എങ്ങനെ ജീവിക്കണമെന്ന് നമ്മുടെ ജീവിതത്തിൽ പകർത്തിക്കൊണ്ടു മാത്രമേ നമുക്ക് യേശുവിന്റെ നല്ല സാക്ഷികളാകാൻ കഴിയൂ. അതിന് വേണ്ടിയാണ് നാം ഓരോ വിശുദ്ധ കൂദാശകളും സ്വീകരിക്കുന്നത്. ഉദാഹരണത്തിന് നാം വി. മാമോദീസാ സ്വീകരിക്കുന്നത് യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുവാനത്രേ. പക്ഷെ ചെറിയ ഒരു വേദനയോ നഷ്ടമോ ആശാനിഗ്രഹമോ വേണ്ടി വരുമ്പോൾ നാം ഓടി മറയുന്നവരാണെങ്കിൽ എന്താണ്? നമ്മുടെ സാക്ഷ്യം

'നിന്നെ പ്രതി നിത്യം കൊലചെയ്യ
പ്പെടുവോർ ഹാ - ഹാ - ബലിയാടുകൾ
പോലായ്'

## 2024 ഒക്ടോബർ 27.
## സ്ലീബായ്ക്ക് ശേഷം VII ഞായർ
## ( മത്തായി 25:31-46)

സാഹോദര്യത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ വിസമ്മതിച്ച കായേനിൽ നിന്നാണ് മനുഷ്യചരിത്രത്തിൽ ആദ്യമായി 'ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ' എന്ന ചോദ്യം ഉയരുന്നത്. മനുഷ്യബന്ധങ്ങളുടെ ഭദ്രതയും പാവനതയും കാത്തുസൂക്ഷിക്കാൻ
നാം ബാദ്ധ്യസ്ഥരാണെന്നും അതിന് ഭംഗം വരുന്ന രീതിയിലുള്ള എല്ലാ പ്രവർത്തനങ്ങളും വലിയ തെറ്റാണെന്നും ഓരോ വ്യക്തികളെയും ബോദ്ധ്യപ്പെടുത്താൻ വിശുദ്ധ ബൈബിൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു. നമുക്കിഷ്ടമുള്ളവരെ മാത്രമല്ല, നമ്മെ ദ്രോഹിക്കുന്നവരെപ്പോലും ആത്മാർത്ഥമായി സ്നേഹിക്കണമെന്ന് തന്നെയാണല്ലോ യേശു പഠിപ്പിച്ചത്.

'ഞാനെന്ന ഭാവമിഹ തോന്നാതിരിക്കണം അല്ലെങ്കിൽ സർവ്വവും ഞാനെന്നു തോന്നീടണം' എന്നൊരു വിശ്വവിശാലമായ സ്നേഹത്തിന്റെ ദർശനമാണ് യേശു നമുക്ക് നൽകിയിരിക്കുന്നത്. മനുഷ്യരെ വർണ്ണത്തിന്റെ പേരിലോ വർഗ്ഗത്തിന്റെ പേരിലോ മറ്റെന്തിന്റെയെങ്കിലും പേരിൽ ചേരിതിരിച്ച് കാണുന്നത് തികച്ചും മനുഷ്യത്വര



ഹിതമായ പ്രവർത്തിയാണ്. അത് അവസാനിപ്പി ക്കാനാണ് യേശു എന്നും ആഗ്രഹിച്ചിട്ടുള്ളത്.

ദരിദ്രരേയും മർദ്ദിതരേയും പീഡിതരെയും ആശ്വ സിപ്പിച്ച യേശു സ്വയം അവരുമായി താദാത്മ്യം പ്രാപിക്കുന്നതാണ് നാം ഇവിടെ കാണുന്നത്. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടു ത്തത് സഹായമാണെങ്കിൽ അതും നിന്ദനമാണെ ങ്കിൽ അതും എനിക്കു തന്നെയാണ് നിങ്ങൾ ചെ യ്തതെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു. സകല മനുഷ്യരെയും തന്നിലേക്കുൾക്കൊള്ളുകയും സകല മനുഷ്യരുടെയും പാപം തന്റെ ശരീരത്തിൽ ഏറ്റെടുക്കുകയും ചെയ്തുകൊണ്ട് ബലിയായി തീ രാൻ കാൽവരിയിലേക്ക് നടന്നു പോകുന്ന ക്രി സ്തുവിന്റെ കാലടികളെ പിൻഗമിക്കുന്നവനാണ് യഥാർത്ഥ ക്രൈസ്തവൻ.

ക്രിസ്തുവിന്റെ ഈ കോർപ്പറേറ്റ് പേഴ്സൊണാലി റ്റി മരണത്തോടെ അവസാനിക്കുകയല്ല ചെയ്തത്. തന്റെ ഉത്ഥാനത്തോടെ ഈ ബന്ധം കൂടുതൽ ദൃ ഢതരമാവുകയാണുണ്ടായത്. ക്രിസ്തുശിഷ്യരെ പീഢിപ്പിക്കാൻ ഉത്സാഹം കാട്ടിയ ശൗൽ എന്ന പ ൗലൊസിന് ആദ്യമായി ലഭിച്ച ദർശനത്തിൽ നീ എന്തിന് എന്റെ ശിഷ്യന്മാരെ പീഢിപ്പിക്കുന്നു എന്നല്ല, നീ എന്തിന് എന്നെ പീഢിപ്പിക്കുന്നു എന്ന് തന്നെയാണ് ക്രിസ്തു ചോദിച്ചത്.

ഈ വെളിപ്പാട് പൗലൊസിനെ എത്ര അധികം സ്വാധീനിച്ചു എന്നുള്ളതിന്റെ തെളിവാണ് സഭ ക്രിസ്തുവിന്റെ മൗതീക ശരീരമാണെന്നുള്ള പൗലൊസിന്റെ വിശദീകരണം (1കൊരി. 12). വി ശുദ്ധ മാമോദീസാ സ്വീകരിച്ച് ക്രിസ്തുവിനോട് ഐക്യപ്പെട്ടവർ രക്ഷിക്കപ്പെട്ടവരെ അല്ല, രക്ഷ കരായിത്തീരാൻ വിളിക്കപ്പെട്ടവരാണ്. ക്രിസ്തു, ക്രിസ്ത്യാനികളുടെ മാത്രം രാജാവാണ്, ദൈ വമാണ് എന്ന് പറയാൻ നമുക്ക് കഴിയില്ല. "ഇ താ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷ ത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾ ക്കായി ഒരു രക്ഷകൻ,കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചി രിക്കുന്നു' (ലൂക്കോ. 1:10-11). യേശു തന്റെ ദൗത്യവാഹകരെ അയക്കുന്നത് സകലജന തകളുടെയും അടുത്തേക്കാണ്. അവസാനവിധി യിലും സകലജനതകളും പങ്കാളികളാകും. ധൂർ ത്തപുത്രനും മൂത്തപുത്രനും എല്ലാം ഒരേ പിതാവിന്റെ മക്കളും ഒരേ കുടുംബത്തിലെ അംഗ ങ്ങളും അവകാശികളും തന്നെ. തരംതിരിക്കലും വേർതിരിക്കലും ഒന്നും നമ്മുടെ പണിയല്ല. മനു ഷ്യപുത്രൻ മഹത്വത്തോടെ എഴുന്നള്ളുമ്പോൾ ഈ വേർതിരിക്കൽ പ്രക്രിയ കുറ്റമറ്റ രീതിയിൽ

**‘ദൈവം നമ്മുടെ ഹൃദയങ്ങളെ അറിയുന്നു. മനുഷ്യർക്ക് ഉൽകൃഷ്ടമായത് ദൈവദൃഷ്ടിയിൽ നികൃഷ്ടമാണ്’ (ലൂക്കോ 16:15).**

ചെയ്തുകൊള്ളും. ഗോതമ്പു വയലിൽ വളരുന്ന കളകൾ പറിച്ചു മാറ്റുവാൻ പോലും യേശു അനുവദിച്ചില്ല (മത്താ. 13:24-30).

മതപരമായ കർമ്മാനുഷ്ഠാനങ്ങളെല്ലാം വലിയ പുണ്യമാണെന്നുള്ള വളരെ തെറ്റായ ഒരു ധാരണ ജനഹൃദയങ്ങളിൽ സർവ്വസാധാരണമായി കാണാം. അവയൊക്കെ പുണ്യം നേടാനുള്ള മാർഗ്ഗങ്ങൾ മാത്രമാണെന്ന് നാം മറക്കരുത്. 'പരോപകാരമേ പുണ്യം പാപമേ പരപീഢനം' എന്ന ആപ്ത വാക്യത്തെ സാധുകരിച്ചുകൊണ്ട് അന്ത്യവിധിയിൽ, നാം മറ്റുള്ളവർക്ക് ചെയ്തുകൊടുത്ത നന്മ പ്രവർത്തികൾ മാത്രമാണ് പരിഗണനാ വിഷയമായി എടുക്കുന്നത്. ‘അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ‘ എന്ന് കുമാരനാശാൻ പാടിയത് നമ്മുടെ മനസ്സിൽ മായാതെ നിൽക്കട്ടെ. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന കല്പനയുടെ ആദ്യഭാഗം മാത്രമേ നാം പലപ്പോഴും ചെയ്യാറുള്ളൂ. അതിനെ സ്വാർത്ഥത എന്ന് നാം വിശേഷിപ്പിക്കാറുണ്ടെങ്കിലും അത് സ്വാർത്ഥ സ്നേഹം പോലും ആകുന്നില്ല എന്നതാണ് വാസ്തവം. കാരണം ആവശ്യക്കാർക്ക് നാം ചെയ്തു കൊടുക്കുന്ന സ്നേഹശുശ്രൂഷയെ ആശ്രയിച്ചിരിക്കുന്നു നമ്മുടെതന്നെ രക്ഷ എന്ന് യേശു നമ്മെ പഠിപ്പിക്കുന്നു.

നാം ചെയ്ത ദുഷ്കർമ്മങ്ങളുടെ കൂട്ടത്തിൽ തന്നെയാണ്, നാം ചെയ്യാതെ പോയ നന്മ പ്രവർത്തികളും പരിഗണിക്കപ്പെടുന്നത് എന്നുള്ള കാര്യവും നമ്മെ കൂടുതൽ കർമ്മനിരതരും ഉത്തരവാദിത്വബോധം ഉള്ളവരുമാക്കണം.

സർവ്വോപരി നാം അറിയാത്തവരും നമ്മെ അറിയാത്തവരുമായ ഭാവിതലമുറക്കു കൂടി പ്രയോജനം ചെയ്യുന്ന പ്രവർത്തികളിൽ ഏർപ്പെടുമ്പോഴേ നമ്മുടെ മനുഷ്യജന്മം സാർത്ഥകമാ കയുള്ളൂ. നിത്യതയിലെത്തുമ്പോൾ നമ്മെയും മറ്റുള്ളവരെയും അത്ഭുതപ്പെടുത്തുന്നതും ആഹ്ലാദിപ്പിക്കുന്നതുമായ ചില വെളിപ്പെടുത്തലുകൾക്ക് ഇടമില്ലെങ്കിൽ പിന്നെ എന്തു സ്വർഗ്ഗം.

## 2024
## 2024 നവംബർ 3.
## കൂദോശ് ഈത്തോ ഞായർ
## (മത്താ. 16:13-23)

മനുഷ്യനെ ചന്ദ്രനിലെത്തിക്കാൻ പര്യാപ്തമായ വാഹനം നിർമ്മിച്ച ശാസ്ത്രജ്ഞന്മാർ എത്ര സൂക്ഷ്മതയോടെയും പരീക്ഷണ നിരീക്ഷണങ്ങളിൽ കൂടെയും ഏറ്റവും ഉത്തമം എന്ന് ബോദ്ധ്യപ്പെട്ട ഘടകങ്ങളെയെല്ലാം കണ്ടെത്തിയതുപോലെ നമ്മെ സ്വർഗ്ഗത്തിലെത്തിക്കാൻ ദൈവപുത്രൻ നിർമ്മിച്ച സ്വർഗ്ഗീയ വാഹനമാണ് തിരുസഭ. സമൂഹജീവിയായ മനുഷ്യന് വളർന്ന് വലുതാകാനും അവനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ദൈവീകഛായയും സാദൃശ്യവും വ്യക്തമായി വെളിപ്പെടുവാനും ദൈവകുടുംബത്തിലെ അംഗം എന്ന നിലയും വിലയും നിലനിർത്താനും സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരാനും സഹായിക്കുന്ന സംവിധാനമാണ് സഭ. അതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതികളും മനസിലാക്കി പ്രവർത്തിക്കാൻ ഓരോ അംഗങ്ങളും തയ്യാറാകണം. ‘നീ നിൽക്കുന്ന സ്ഥലം വിശുദ്ധമാകയാൽ നിന്റെ പാദുകങ്ങൾ അഴിച്ചു മാറ്റുക‘ എന്ന് മുൾപ്പടർപ്പിൽ പ്രത്യക്ഷനായ യഹോവ മോശയോട രുളിച്ചെയ്തു. എങ്കിലും ചെരിപ്പിട്ടുകൊണ്ട് ദൈവാലയത്തിൽ പ്രവേശിക്കുന്നവർ ഇന്നും ഇല്ലേ? ഉരിഞ്ഞുമാറ്റേണ്ടത് ചെരിപ്പ് മാത്രമാണോ? അശുദ്ധമായതൊന്നും ദൈവസന്നിധിയിൽ കടന്നുവരാൻ പാടില്ല. എന്തൊക്കെയാണ് നാം നമ്മിൽ നിന്നും ദൂരെ മാറ്റേണ്ടത് എന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. പള്ളി മാത്രമാണോ ദൈവാലയം. നമ്മുടെ ഭവനങ്ങളും നമ്മുടെ ശരീരവും



നാം വസിക്കുന്ന ഈ ഭൂമിയും ദൈവാലയമല്ലേ? നമ്മുടെ ആത്മാവിനെയോ ശരീരത്തെയോ ചിന്തകളെയോ ഭൂമിയുടെ അന്തരീക്ഷത്തെപ്പോലും മലിനമാക്കുന്നതൊന്നും ചെയ്യരുതെന്ന് തന്നെയാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. സഹോദരന്റെ രക്തം വീണ മണ്ണ് മലിനമായി എന്ന് ഉല്പത്തി 4:11-ൽ പറയുന്നു. ആർത്തിമൂത്ത മനുഷ്യന്റെ വീണ്ടു വിചാരമില്ലാത്ത നടപടികൾ കൊണ്ട് വായുവും വെള്ളവും അന്തരീക്ഷം ആകമാനം മലിനമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇവയെക്കാൾ ഏറെ മലിനമായിരിക്കുന്നത് മനുഷ്യ മനസ്സുകളാണ്.

സ്വന്തം കുടുംബത്തിൽ ഊഷ്മളമായ ബന്ധം നിലനിർത്താൻ കഴിയാത്തവർ ഫെയ്സ്ബുക്കിലൂടെ ലക്ഷങ്ങളുടെ സൗഹൃദം പകരുമ്പോൾ ആത്മവഞ്ചനയുടെ മായാപ്രപഞ്ചത്തിലേക്ക് ഒളിച്ചോടുകയല്ലേ ചെയ്യുന്നത്? ലഹരിപദാർത്ഥങ്ങളിൽ അഭയം തേടുന്നവരും ആത്മഹത്യ ചെയ്യുന്നവരും ആഡംബരങ്ങളിൽ മുഴുകുന്നവരും എല്ലാം നിർമ്മലമായ ജീവിതത്തെ നശിപ്പിക്കുന്ന പാപമാണ് ചെയ്യുന്നത്.

മനുഷ്യൻ ജീവിക്കുന്ന ഇടങ്ങളൊക്കെ മാലിന്യകൂമ്പാരമായി കൊണ്ടിരിക്കുകയാണല്ലോ. മാലിന്യമകറ്റാൻ നാം സ്വീകരിക്കുന്ന മാർഗ്ഗങ്ങളെ തന്നെയാണ് ഈശ്വരനും അവലംഭിക്കുന്നതെന്ന് പറയാം. വെള്ളം കൊണ്ട് കഴുകി വൃത്തിയാക്കുന്നതിനായി മഴയും വെള്ളപ്പൊക്കവും പ്രളയവും വരുന്നു. തീയിൽ ചുട്ട് ശുദ്ധമാക്കുന്നതാണല്ലോ സോദോം ഗോമേറയിൽ സംഭവിച്ചത്. ചിലപ്പോൾ മാലിന്യങ്ങളെ മണ്ണിൽ കുഴിച്ചിടുന്ന പതിവുണ്ടല്ലോ. ഭൂകമ്പത്തിൽ സംഭവിക്കുന്നതും അതുതന്നെയാണല്ലോ. ജലപ്രളയമായാലും അഗ്നിപ്രളയമായാലും ഭൂകമ്പമായാലും മനുഷ്യന്റെ തിന്മയുടെ ആധിക്യം മൂലം മലിനമായ ഭൂമുഖം ശുദ്ധീകരിക്കാൻ സൃഷ്ടാവ് അയയ്ക്കുന്ന ഉപാധികളാണ്.

പ്രളയത്തിൽ നിന്ന് നോഹയുടെ പെട്ടകം മൂലം രക്ഷപ്പെട്ട ഒരു കുടുംബത്തിന്റെ കഥ ഉല്പത്തി പുസ്തകത്തിൽ നാം വായിക്കുന്നുണ്ടല്ലോ. പാപമാലിന്യത്തിൽ മുങ്ങിച്ചാകുന്ന മനുഷ്യകുലത്തിന് രക്ഷ പ്രദാനം ചെയ്യുവാനും സ്വർഗ്ഗരാജ്യത്തിന്റെ തീരത്ത് എത്തിക്കാനും വേണ്ടി ദൈവപുത്രൻ ഏർപ്പാടാക്കിയിരിക്കുന്ന സ്വർഗ്ഗീയ വാഹനമാണ് തിരുസഭ. പൈശാചിക ശക്തികൾ അതിനെ തകർക്കാൻ നോക്കും. എന്നാൽ നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ലായെന്ന് യേശു നമുക്ക് ഉറപ്പ് നൽകുന്നു.

വിശ്വാസപരമായ കാര്യങ്ങളിൽ അവ്യക്തത ആപത്താണ്. ശരിയായ കാഴ്ചപ്പാടും ബോദ്ധ്യവും ഇല്ലാത്തവർക്ക് പ്രതികൂലമായ സാഹചര്യങ്ങളെ

അതിജീവിക്കാൻ കഴിയില്ല. അത്തരക്കാർ ഏതു തരം വിട്ടുവീഴ്ചയ്ക്കും തയ്യാറായിരിക്കും. വിശ്വാസ ജീവിതവും വിശുദ്ധീകരണവും പ്രധാനമായും ആന്തരീകവും ആത്മനിഷ്ഠവുമാകയാൽ മതതീവ്രവാദം അന്യന്റെ തലകൊയ്യാനല്ല, സ്വന്തം ജീവിതത്തെ മലീമസമാക്കുന്ന പ്രവണതകളെയും പ്രലോഭനങ്ങളെയും അജ്ഞതയെയും വേരോടെ പിഴുതെറിയാനുള്ള തീക്ഷ്ണതയാണ്. ഇതാകട്ടെ നമ്മുടെ ബലഹീനമായ മനുഷ്യപ്രകൃതിയിൽ നിന്നല്ല, ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിറവിനാലും പ്രചോദനത്താലും മാത്രമേ സാദ്ധ്യമാകയുള്ളൂ. 'മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിത്തന്നത്' (16:17). ഇപ്രകാരമുള്ള ഒരു ദൈവീക വെളിപ്പെടുത്തൽ, യേശുവിന്റെ മാമോദീസായുടെ സന്ദർഭത്തിൽ നടന്നതായി നാം കാണുന്നു (3:17). ഉന്നതമായ ഏതൊരു സ്ഥാനമോ പദവിയോ നമുക്ക് വെളുപ്പെടുത്തി തരുന്നതോടൊപ്പം ആ സ്ഥാനത്തിനോ പദവിക്കോ ചേർന്ന രീതിയിലുള്ള ഉത്തരവാദിത്വങ്ങളും കഷ്ടതകളും വെളിപ്പെടുത്തപ്പെടുന്നു. കാരണം, കുരിശില്ലാതെ കിരീടമില്ല. ദൈവപുത്രന്റെ മാതാവാകുമെന്ന് മറിയത്തിന് വെളിപ്പെട്ട തോടൊപ്പം നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും എന്നുകൂടി വെളിപ്പെടുത്ത പ്പെട്ടു (ലൂക്ക. 2:35). 'നീ ജീവനുള്ള ദൈവ ത്തിന്റെ പുത്രനായ ക്രിസ്തുവാണ്" എന്ന ദൈവീക രഹസ്യം വെളിപ്പെടുത്തപ്പെട്ട പ്പോൾ തന്നെ "തനിക്ക് ജറുസലേമിലേക്ക് പോകേണ്ടിയിരിക്കുന്നു എന്നും ശ്രേഷ്ഠന്മാ രിൽ നിന്നും പ്രധാന പുരോഹിതന്മാരിൽ നിന്നും നിയമജ്ഞന്മാരിൽ നിന്നും വളരെ യേറെ സഹിക്കേണ്ടി വരുമെന്നും താൻ വധിക്കപ്പെടുമെന്നും എന്നാൽ മൂന്നാം ദിവസം ഉയർപ്പിക്കപ്പെടുമെന്നും ശിഷ്യന്മാരെ അറിയിച്ചു തുടങ്ങി' (16:21).

കൂദോശ് ഈത്തോ എന്നു പറഞ്ഞാൽ സഭയുടെ വിശുദ്ധീകരണം എന്നാണർത്ഥം. സഭയുടെ വിശുദ്ധീകരണം തന്നെയാണ് പ്രഥമ പരിഗണന ആവശ്യപ്പെടുന്ന കാര്യം. ആസ്പത്രികളിൽ ഓപ്പറേഷൻ തിയറ്ററുകളും അവിടെ ഉപയോഗിക്കുന്ന ഉപകരണ ങ്ങളും സകലവിധ വസ്തുക്കളും ആദ്യം തന്നെ അണുവിമുക്തമാക്കുന്നതു പോലെ, വ്യക്തികളുടെയും കുടുംബങ്ങളുടെയും പൊതുസമൂഹത്തിന്റെയും അശുദ്ധിക ളെല്ലാം ദൂരീകരിച്ച് പരിശുദ്ധവും പരി പൂർണ്ണവുമായ ഒരു സമൂഹത്തെ രൂപാന്തരപ്പെടുത്തിയെടുക്കുവാൻ പരമപരിശുദ്ധനായ ദൈവം തന്നെ ഏർപ്പെടുത്തിയിരിക്കുന്ന വിശുദ്ധീകരണത്തിന്റെ സംവിധാന മാണ് തിരുസഭ എന്ന് നാം ഓർക്കണം. തിരുസഭയെയും അതോടു ബന്ധപ്പെട്ട വ്യക്തികളെയും വസ്തുക്കളെയും സ്ഥലങ്ങളെയും എല്ലാം 'പരിശുദ്ധം' എന്ന വാക്കിനാൽ വിശേഷിപ്പിക്കാറുണ്ട്. ഒരു പക്ഷേ ആവർത്തനം കൊണ്ട് ആ പദത്തിന് മൂല്യശോഷണം സംഭവിച്ച് പോയിട്ടുണ്ട ങ്കിൽ അത് വീണ്ടെടുക്കാനായി നമ്മെ ഓർപ്പിക്കുന്ന ദിനമാണിത്. വിശുദ്ധീകരണത്തിന് വിധേയമാകേണ്ടത് എന്തൊക്കെയാണെന്ന് നോക്കാം.

1. ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ നമ്മുടെ വിശ്വാസം പാറ പോലെ ഉറച്ചതും വേദവിപരീതങ്ങൾ കടന്നുകൂടി മലിനമാകാത്തതുമായിരിക്കേണം. ഇതിന് വളരെ ശ്രദ്ധയും ബുദ്ധിയും ധ്യാനവും പഠനവും ആവശ്യമുണ്ട്. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ വെളിപ്പെടുത്തൽ സ്വീകരിക്കാനുള്ള സന്മനസും ഒരുക്കവും നമുക്ക് വേണം. ജഡത്തിന്റെ ദുഷ്പ്രേരണകളെ പരിപോഷിപ്പിക്കാനല്ല, ആത്മാ വിൽ ദിവ്യപ്രകാശം വീശുവാനാണ് നാം താല്പര്യപ്പെടേണ്ടത്.

2. സഭയുടെ നേതൃസ്ഥാനങ്ങളെ അലങ്കരിക്കുന്നവർ ദൈവീകമായി ചിന്തിക്കാനും ജീവിച്ചു കാണിക്കുവാനും വിസമ്മതിച്ചാൽ "സാത്താനേ, എന്റെ കൺവെട്ടത്ത് നിന്നെ കണ്ടുപോകരുത് എന്ന് ഈശോ ശാസിക്കുന്നത് കേൾക്കേണ്ടി വരും'.

3. വിശുദ്ധ ബൈബിൾ ദൈവവചനമാണെന്ന് നാം പറയാറുണ്ടല്ലോ. എന്നിരിക്കിലും അതിന് ചേർന്ന രീതിയിലുള്ള ആദരവോ അനുസരണമോ നൽകുന്നതിൽ നാം വീഴ്ച്ച വരുത്തുന്നുണ്ട്. തന്മൂലം നമ്മുടെ ക്രിസ്തീയ ജീവിതം അതുകൊണ്ട് ഉദ്ദേശിച്ച രീതിയിലുള്ള ഗുണമേന്മ നിലനിർത്താൻ കഴിയാതെ നാമമാത്ര ക്രിസ്ത്യാനികളായി തീർന്നിരിക്കുന്നു. സഭയുടെ വിശുദ്ധീകരണം നടക്കേണ്ടതിവിടെയാണ്.

4. സഭയെ ഒരു ജനക്കൂട്ടമായോ, ഒരു സഹകരണ സംഘമായോ ചില പൊതുതത്വങ്ങളുടെ പേരിൽ ഒത്തു ചേർന്നു പ്രവർത്തിക്കാൻ തീരുമാനിച്ചവരുടെ പ്രസ്ഥാനമായോ രാഷ്ട്രീയ പാർട്ടികളെ പ്പോലെ കുറെ നേതാക്കന്മാരും അണികളും ചേർന്ന

സംഘടിത ശക്തിയായോ തെറ്റിദ്ധരിച്ച് പോയിട്ടുണ്ടങ്കിൽ ആ തെറ്റായ ധാരണ മാറ്റിയെടുക്കേണ്ടത് വളരെ അത്യാവശ്യമാണ്. ശിരസ്സായ ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന അവയവങ്ങളാണ് ഓരോ വിശ്വാസിയും. ഒരു പാർട്ടിയിലോ സഹകരണ സംഘത്തിലോ ചേർന്ന് പ്രവർത്തിക്കുന്നവർക്ക് എപ്പോൾ വേണമെങ്കിലും അതിൽ നിന്ന് പിരിഞ്ഞു പോകാം. സൈന്യത്തിൽ ചേരുന്നവർക്ക് പോലും ഒരു നിശ്ചിത കാലാവധിക്കു ശേഷം വിടുതൽ നൽകും. എന്നാൽ ക്രിസ്തുവാകുന്ന ശിരസ്സിനോട് ചേർന്ന് നിൽക്കുന്നവർക്ക് വേറിട്ട ഒരു നില നിൽപ്പില്ല. വേർപെടുന്നവർ ഉണങ്ങിയ ശാഖകൾ പോലെ അഗ്നിയിൽ കത്തി നശിക്കുകയേ ഉള്ളൂ. ആയിരം തലകളുള്ള അനന്തനെപ്പോലെയോ പത്ത് ശിരസ്സുകളുള്ള രാവണനെപ്പോലെയോ വികൃതരൂപിയായി ക്രിസ്ത്യാനികൾ ക്രൈസ്തവ സഭയെ ലോകത്തിൽ അവതരിപ്പിച്ചിരിക്കുന്നത് കണ്ടാൽ ക്രിസ്തുവിനെ കളിയാക്കാൻ ആരോ വരച്ച കാർട്ടൂൺ ചിത്രമായേ തോന്നുകയുള്ളൂ. സമ്പൂർണ്ണമായ അധികാരവും അനുസരണവും സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകുമ്പോഴേ സഭ വിശുദ്ധീകരിക്കപ്പെട്ടതും ശുദ്ധീകരിക്കാൻ പര്യാപ്തവുമായിത്തീരുകയുള്ളൂ.

5. മനുഷ്യരക്ഷയ്ക്ക് സഭയും അതിന്റെ പ്രവർത്തനവും അത്യാവശ്യമാണെന്ന് അറിയാവുന്നതുകൊണ്ടാണ് ഈശോ ലോകത്തിൽ സഭ സ്ഥാപിച്ചത്. യാത്ര ചെയ്യാനായി ഒരുക്കിയിരിക്കുന്ന വാഹനത്തിൽ പ്രവേശിക്കാതെ ലക്ഷ്യസ്ഥാനത്തെത്താൻ കഴിയാത്തതുപോലെ സഭയിലെ അംഗം ആകാതെ മരണ ത്തെയും സാത്താനെയും വിജയി ക്കാനോ സ്വർഗ്ഗരാജ്യത്തിൽ എത്താനോ സാദ്ധ്യമല്ല തന്നെ. സ്വർഗ്ഗ രാജ്യത്തിന്റെ താക്കോൽ പത്രോസിനെ ഏല്പിച്ചതിന്റെ അർത്ഥം അതാണ്.ഒന്നിച്ച് നിൽക്കുമ്പോഴുണ്ടാകുന്ന ക്ലേശങ്ങളും അസൗകര്യങ്ങളും നമ്മുടെ വിശുദ്ധീകരണത്തിനുള്ള ഉപാധികളാണ്.

6. ശിമയോന്റെ പേരുമാറ്റി പത്രോസ് എന്ന് വിളിച്ചത് തന്നെ ഒരു വ്യത്യസ്ഥമായ പെരുമാറ്റം തന്റെ ശിഷ്യന്മാർക്ക് ഉണ്ടാകണമെന്ന് കാണിക്കാനാണല്ലോ. ലോകത്തോട് അനുരൂപപ്പെടാനല്ല സ്വർഗ്ഗീയ മൂല്യങ്ങൾ വളർത്തിയെടു ക്കാനാണ് ക്രൈസ്തവർ ശ്രദ്ധിക്കേണ്ടത്.

**‘ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോ പായവും, ബുദ്ധന്റെ അഹിംസയും ശങ്കരാചാര്യരുടെ ബുദ്ധിശക്തിയും രത്നിദേവന്റെ ദയാവായ്പും, ശ്രീഹരി ചന്ദ്രനുള്ള സത്യവും മുഹമ്മദിൽ സ്ഥൈര്യവുമൊരാളിൽ ചേർന്നൊത്തു കാണണമെങ്കിൽ, ചെല്ലുവിൻബവാന്മാരൻ ഗുരുവിൻ നികടത്തിൽ, അല്ലായ്കിൽ അവിടുത്തെ ചരിത്രം വായിക്കുവിൻ’.**

7. ഗാന്ധിജിയുടെ വധത്തെക്കുറിച്ച് ബർണാഡ്ഷ പറഞ്ഞത് “നല്ലവനായിരിക്കുന്നത് എത്ര ആപൽക്കരമാണെന്ന്‘ അത് തെളിയിക്കുന്നു എന്നാണ്. വേദനയും സഹനവും രക്ഷാകരമാർഗ്ഗമായി തെരഞ്ഞെടുത്ത യേശു, തന്റെ ശിഷ്യന്മാർക്കും ഇതേ മാർഗ്ഗം തന്നെ യാണ് ഉപദേശിച്ചിരിക്കുന്നത്. യേശുവിനോട് നാം പൂർണ്ണമായ വിശ്വസ്തത പുലർത്തുന്നു എന്നതിന്റെ അടയാളം കൂടിയാണ് ആത്മസമർപ്പണവും സഹ നവും. ‘എന്റെ ഗുരുനാഥൻ‘ എന്ന കവിതയിൽ ഗാന്ധിജിയെക്കുറിച്ച് വള്ളത്തോൾ എഴുതി: ’ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും, ബുദ്ധന്റെ അഹിംസയും ശങ്കരാചാര്യരുടെ ബുദ്ധിശക്തിയും രത്നിദേവന്റെ ദയാവായ്പും, ശ്രീഹരി ചന്ദ്രനുള്ള സത്യവും മുഹമ്മദിൽ സ്ഥൈര്യവുമൊരാളിൽ ചേർന്നൊത്തു കാണണമെങ്കിൽ, ചെല്ലുവിൻബവാന്മാരൻ ഗുരുവിൻ നികടത്തിൽ, അല്ലായ്കിൽ അവിടുത്തെ ചരിത്രം വായിക്കുവിൻ’. ഇപ്പറഞ്ഞതിൽ ഏതു പുണ്യ മാണ് ഒരു ക്രൈസ്തവന് വേണ്ട എന്ന് വയ്ക്കാൻ കഴിയുന്നത്? ക്രിസ വിന്റെ ശിഷ്യത്വം സ്വീകരിക്കുന്നത് അല്പം കഠിനമാണെന്ന് തോന്നാമെങ്കിലും യുഗാന്ത്യത്തെയും അതിനപ്പുറം നമുക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ ഭാഗ്യത്തെയും പരിഗണിക്കു മ്പോൾ ക്രിസ്തുവിന്റെ നുകം ഭാരം കുറഞ്ഞതും വഹിക്കാൻ എളുപ്പമുള്ളതുമായി തോന്നും (മത്താ. 11:30)



ചരിത്ര ഏടം

# മലങ്കര സഭ ഒക്ടോബർ മാസത്തിൽ

1962 ഒക്ടോ 11 : 21-ാം സാർവത്രിക സുന്നഹദോസ് (2ാം വത്തിക്കാൻ കൗൺസിൽ ) ആരംഭം.

1978 ഒക്ടോ 28 : ബത്തേരി ഭദ്രാസന സ്ഥാപനം.

1894 ഒക്ടോ 10: ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കാലം ചെയ്തു.

2003 ഒക്ടോ 2 : തിരുവല്ലാ ഭദ്രാസനത്തിന്റെ മെത്രാനായി അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് തിരുമേനിയുടെ സ്ഥാനാരോഹണം

2008 ഒക്ടോ 5-26 : പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ റോമിൽ വിളിച്ച് ചേർത്ത Synod on Word of Godൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാപങ്കെടുത്തു.

2008 ഒക്ടോ 12 : വി. അൽഫോൺസാമ്മയെ വിശുദ്ധ പദവിയിലേക്കുയർത്തിയ റോമിലെ ചടങ്ങിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.

2010 ഒക്ടോ 3: അമേരിക്കയിലെ എക്സാർക്കേറ്റിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനിയുടെ സ്ഥാനാരോഹണം (ന്യൂയോർക്കിൽ).

2010 ഒക്ടോ 10 - 24 പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ റോമിൽ വിളിച്ചുചേർത്ത 'Special Synod on Middle East' - ൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതി നിധീകരിച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ പങ്കെടുത്തു.

2011 ഒക്ടോ 27: പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ, വിളിച്ചുകൂട്ടിയ ലോകമതങ്ങളുടെ നേതാക്കന്മാരുടെ പ്രാർത്ഥനാ സമ്മേളനം അസീസിയിലും വത്തിക്കാനിലുംവച്ച് നടത്തപ്പെട്ടതിൽ ഭാരതസഭയുടെ പ്രതിനിധിയായി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ സംബന്ധിച്ചു.

2012 ഒക്ടോ 7-28: പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ, റോമിൽ വിളിച്ചുചേർത്ത synod on New Evangelization-ൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.

2012 ഒക്ടോ 24: പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ,

മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായെ കർദിനാളായി പ്രഖ്യാപിച്ചു.

2014 ഒക്ടോ 5-19: പരി. ഫ്രാൻസിസ് മാർപാപ്പാ റോമിൽ വിളിച്ചുചേർത്ത Synod on Family ൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.

2017 ഒക്ടോ 5 : മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി ഔദ്യോഗികമായി സ്ഥാനമേറ്റെടുത്തു.

2017 ഒക്ടോ 28: അമേരിക്ക - കാനഡ സെന്റ് മേരീ, സമാധാനരാജ്ഞി ഭദ്രാസന മെത്രാൻ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

2018 ഒക്ടോ 3-28: 'Young People, the Faith and Vocational Discernment' എന്ന വിഷയത്തെ അധികരിച്ച് റോമിൽ ഫ്രാൻസിസ് മാർപാപ്പാ വിളിച്ചുകൂട്ടിയ സിനഡിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധാനം ചെയ്ത് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സംബന്ധിച്ചു.

2019 ഒക്ടോ 8 -10: 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷയത്ത ആസ്പദമാക്കി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ അസംബ്ലി (പട്ടം കാതോലിക്കേറ്റ് സെന്റർ)

2019 ഒക്ടോ 10: ആർച്ച്ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 25-ാം ഓർമതിരുന്നാൾ

## ഓർക്കാം.


### മൽക്കിസദേക്കിന്റെ ക്രമം.

പ്രഭാതപ്രാർത്ഥനയ്ക്കു ശേഷം ദൈവജനത്തോടു പ്രാർത്ഥനാ സഹായം യാചിച്ചിട്ടാണ് പട്ടക്കാരൻ (വൈദീകൻ) മൽക്കിസദേക്കിന്റെ ക്രമം രഹസ്യത്തിൽ നടത്താൻ മുന്നോട്ടുനീങ്ങുന്നത്. ഈ സമയത്തു ദൈവജനം യാമ നമസ്ക്കാരം തുടർന്നു നടത്തുകയാണ്. അപ്പവും വീഞ്ഞും ത്രോണോസിന്മേൽ ക്രമപ്പെടുത്തുന്ന ശുശ്രൂഷയാണ് മൽക്കിസദേക്കിന്റെ ക്രമം.

മൽക്കിസദേക്കിന്റെ അപ്പവും വീഞ്ഞും സമർപ്പണം (ഹെബ്രാ 7) വിശുദ്ധ കുർബാനയുമായി ബന്ധപ്പെടുത്തുവാൻ തുടങ്ങിയത് അലക്സാണ്ട്രിയായിലെ ക്ലെമന്റും സിപ്രിയനുമാണ്. മൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യാചാര്യനയായ ക്രിസ്തു സ്വജാതിക്കാരായ ഇസ്രായേലിന്റെ മാത്രമല്ല ജാതികളിൽ നിന്നുമെടുത്ത സഭയുടെയും പുരോഹിതനായിരുന്നു

മണിവിളക്ക്


Since 2012



Manivilaku September 2024



Manivilaku August 2024




Manivilaku July 2024




Manivilaku June 2024




Manivilaku May 2024




Manivilaku April 2024



Manivilaku February 2024



Manivilaku January 2024



Manivilaku March 2024

**മുൻ ലക്കങ്ങൾ വായിക്കുന്നതിനായി**
**മണിവിളക്കിന്റെ വെബ്സൈറ്റ് സന്ദർശിക്കുക**
**www.manivilaku.com**




Managing Editor & Published by Mr. Tojo p thomas, Published from Parankammoottil H,Valakuzhy P.O
Vennikulam, Pathanamthitta, Kerala. and BIJU GEEVARGHESE CHANDANAPALLY
Cover & layout Manivilaku Homelab | EMail: editor@manivilaku.com